262
NOVEMBER 2017

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association

60 years
AKPCTA



മത നിരപേക്ഷത
ഉയർത്തിപ്പിടിക്കുക
നവലിബറൽ അസഹിഷ്ണുത
പ്രതിരോധിക്കുക

- മൂലധനത്തിന്റെ ചരിത്രവും പ്രസക്തിയും
- ബോൾഷെവിക് വിപ്ലവത്തിന്റെ ശതവാർഷികം
- **Ayurveda education In India: Facts and Issues**
- ഞങ്ങൾ നിങ്ങളുടെ ബോധ്യങ്ങളിൽ ഇടപെടും

വിദ്യാഭ്യാസപതിപ്പ്

COLLEGE TEACHER 262

EDITORIAL BOARD

Chief Editor
**Dr. Sunny N. M**

Managing Editor
**Dr. P.N. Harikumar**

Assistant Editors
**Dr. A.S. Sumesh**
**Dr. K.P. Jayakumar**

**Members**
Prof. A G Oleena
Dr. K. L Vivekanandan
Dr. C. Padmanabhan
Dr. P.K. Kusalakumari
Prof. Pramod Vellachal
Dr. Beena.S
Dr. N. Lakshmi Priya
Dr. Jayasree V.
Dr. C. Unnikrishnan
Prof. N.K. Sunilkumar
Dr. N. Renuka
Dr. Soni John
Prof. Biji Abraham
Dr. Premkumar
Dr. Myna Umaiban
Dr. Vidhu Narayan
Prof. Sona P.
Dr. Shanoj M.P.
Dr. Sreeja P.

Design
**Jwala Creatives**
Ph: 9447853005

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by
V.N. Murali, AKPCTA State Committee Office,
Vanchiyoor, TVPM-35.

# NOVEMBER 2017

- *എഡിറ്റോറിയൽ* 3
- *ജനറൽസെക്രട്ടറിയുടെ പേജ്*
**ഡോ. കെ.എൽ വിവേകാനന്ദൻ** 4
- വജ്രജൂബിലി ആഘോഷം – റിപ്പോർട്ട് 6
- *മൂലധനത്തിന്റെ ചരിത്രവും പ്രസക്തിയും*
**കെ.ടി.കുഞ്ഞിക്കണ്ണൻ** 15
- *ബോൾഷെവിക് വിപ്ലവത്തിന്റെ ശതവാർഷികം*
**കെ. ഗോപാലൻകുട്ടി** 22
- *AYURVEDA EDUCATIO-N IN INDIA FACTS AND ISSUES* 29
**Dr. Jeena N.J.**
- *ഹോമിയോപ്പതി, ആരോഗ്യ പരിപാലന രംഗത്തെ പുതിയ വെളിച്ചം*
**ഡോ. ജെ.ഹരികൃഷ്ണപിള്ള** 31
- *ഞങ്ങൾ നിങ്ങളുടെ ബോധ്യങ്ങളിൽ ഇടപെടും*
**ഡോ. എ.എസ്.സുമേഷ്** 38
- *പഞ്ചകർമ്മ ചികിത്സയെ അറിയുക*
**ഡോ. എസ്. പ്രദീപ്** 42
- *മതം മാറിയ കവിത*
**ആര്യാഗോപി** 44
- *Innovation & Entrepreneurship in Technical Education*
**Dr. Vinod V.** 45
- *ഹരിതം*
**സോന പി.** 48
- *സ്വസ്തി ഹേ സൂര്യ*
**ഡോ. ഇന്ദുലാൽ ജി.** 49
- *അധികാരത്തിന്റെ ഏകാന്തത*
**ഡോ. എൻ. രേണുക** 50
- *50 years on; the legend still lives*
**Dr. Sony John** 54
- *അധികാരവും സ്ത്രീകളും*
**വി.പി.മാർക്കോസ്** 58
- *നാടകകലയുടെ മൂന്നാംകണ്ണ്*
**ഡോ.ടി.കെ. സന്തോഷ്കുമാർ** 60
- *Remembering V.C. Harris An Unfinished Journal*
**Cheri Jacob K.** 66
- *GENERAL PROFILE OF THE HIGHER EDUCATION*
*SECTOR OF KERALA*
**Shyla Hameed** 69
- *Madavoorpara Rock-cut Temple and the Place Name Pothencode*
**Dr. Harikumar. S** 79
- *എന്റെ കുഞ്ഞൂട്ടന്റെ അജണ്ട*
**വിനീത മോഹൻ** 81
- *രണ്ടു കടൽക്കവിതകൾ*
**ഡോ. ദിവ്യ. എൻ** 85
- *Financing Higher Education In India*
**Anil Varma** 86
- *മരിക്കാത്ത സീത*
**ജിജി കുമാരി ടി.** 98
- *ഉടമസ്ഥനെ തേടുന്ന കഥകൾ*
**ഡോ. എൻ.എം. സണ്ണി** 100

എഡിറ്റോറിയൽ



# മതേതര-ജനാധിപത്യ വിദ്യാഭ്യാസം നേരിടുന്ന വെല്ലുവിളികൾ

വ്യക്തിയുടെയും അതുവഴി സമൂഹത്തിന്റെയും സമഗ്ര വികസനമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. പ്രാദേശികതയിൽ നിന്ന് ദേശീയതയിലേക്കും, ദേശീയതയിൽ നിന്ന് സാർവ്വ ദേശീയതയിലേക്കുമുള്ള വികാസം വിദ്യാഭ്യാസത്തിലൂടെ മാത്രമെ സ്വായത്തമാക്കാൻ കഴിയുകയുള്ളൂ. മാനവിക മൂല്യങ്ങൾ സംരക്ഷിക്കുന്ന ഒരു പൗര സമൂഹത്തെ വാർത്തെടുക്കുന്നതിന് മതേതര- ജനാധിപത്യ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഗുണമേന്മയുള്ളതും, സാർവ്വത്രികവും-സൗജന്യവുമായ വിദ്യഭ്യാസം പ്രദാനം ചെയ്യേണ്ടത് ഭരണകൂടങ്ങളുടെ ഉത്തരവാദിത്തമാണ്. വിദ്യാഭ്യാസത്തിൽ ജനാധിപത്യത്തിന്റെ പ്രാധാന്യത്തിന് വേണ്ടി വാദിച്ച തോമസ് ജഫേഴ്സണിനെയും, വിദ്യാർത്ഥി കേന്ദ്രിതമാകണം വിദ്യാഭ്യാസം എന്ന് സമർത്ഥിച്ച ജോൺ ഡ്യൂയിയെയും, വിദ്യാർത്ഥിയിൽ അന്തർലീനമായിരിക്കുന്ന പൂർണ്ണതയുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം എന്ന സ്വാമി വിവേകാനന്ദന്റെ ദർശനങ്ങളിലേക്കും തിരിയുന്നതിന് സ്വാതന്ത്ര്യത്തിന്റെ ഏഴ് പതിറ്റാണ്ടിനിപ്പുറവും നമുക്ക് കഴിഞ്ഞിട്ടില്ല. ശിശുമരണ നിരക്കും, ബാലവേലയും ഭീഷണിയായി തന്നെ നിലനിൽക്കുന്നു. ശിശുമരണ നിരക്ക് ദേശീയ ശരാശരി ആയിരത്തിൽ 37 ആയിരിക്കെ, കേരളത്തിൽ അത് 12 ആണ് (2015) എന്നത് ആശ്വാസം തന്നെ.

ലോകനിലവാരത്തിലേക്ക് പ്രാഥമിക വിദ്യാഭ്യസത്തിന്റെ നിലവാരം ഉയരുന്നതിന് ഇന്ത്യ 2050 വരെ കാത്തിരിക്കേണ്ടി വരുമെന്ന് യുനസ്കോ മുന്നറിയിപ്പ് നൽകുന്നു. വിദ്യാഭ്യാസത്തിന്റെ മുതൽ മുടക്കിൽ നിന്ന് ഭരണകൂടം പിന്മാറുന്നതാണ് അപകടകരമായ ഈ സ്ഥിതിക്ക് കാരണം. വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങളുള്ള വിദ്യാലയങ്ങൾ വിരലിലെണ്ണാവുന്നത് മാത്രം. പൊതു വിദ്യാലയങ്ങൾ പൂട്ടിപോകുന്നു. 10-ാം ക്ലാസ്സ് പൂർത്തിയാക്കാതെ കൊഴിഞ്ഞു പോകുന്നവരുടെ നിരക്ക് 48 ശതമാനമാണ്. അമ്പത് ശതമാനം വിദ്യാലയങ്ങൾക്ക് മാത്രമാണ് കളിസ്ഥലവും, ലൈബ്രറികളുമുള്ളത്. ജി.ഡി.പിയുടെ 6 ശതമാനം വിദ്യാഭ്യാസത്തിന് മാറ്റി വെക്കണമെന്ന കോത്താരി കമ്മീഷന്റെ ലക്ഷ്യത്തിലെത്താൻ സാധിച്ചിട്ടില്ല എന്ന് മാത്രമല്ല ലോക ശരാശരിയായ 4.9 ലെത്താൻ പതിറ്റാണ്ടുകൾ ഇനിയും കാത്തിരിക്കേണ്ടി വരും. ഹ്യൂമൻ ഹാപ്പിനസ് ഇൻഡക്സ് (എച്ച്.എച്ച്.ഐ 2017) അനുസരിച്ച് 155ൽ ഇന്ത്യ 122ാം സ്ഥാനത്താണ്, പാക്കിസ്ഥാൻ 99ഉം, ബൂട്ടാൻ 97ഉം, ബംഗ്ലാദേശ് 110, ശ്രീലങ്ക 120ാം സ്ഥാനത്തുമുണ്ട് എന്നു കൂടി തിരിച്ചറിയണം. ഗ്ലോബൽ ഹംഗർ ഇൻഡക്സിന്റെ സ്ഥിതിയും മറിച്ചല്ല. 2012 ലെ 65 ൽ നിന്ന് 2013 ൽ 63ലേക്കും, 2014ൽ 55 ലേക്കും എത്തിപ്പെട്ടു. എന്നാൽ ഈ വർഷങ്ങളിൽ പാക്കിസ്ഥാൻ 57ാംസ്ഥാനം നില നിർത്തി. 2014ൽ ശ്രീലങ്ക 39ഉം ബംഗ്ലാദേശ് 57ഉംസ്ഥാനത്തും ഉണ്ടായിരുന്നു.

സ്വയം നിർണ്ണയാധികാരത്തിന് രാജ്യത്തെ പ്രാപ്തമാക്കുന്നതിന് സാമൂഹികവും, ശാസ്ത്രീയവുമായ വിദ്യാഭ്യാസത്തോടൊപ്പം രാഷ്ട്രീയ വിദ്യാഭ്യാസവും അത്യന്താപേക്ഷിതമാണ്. കലാലയ രാഷ്ട്രീയ നിരോധനമടക്കമുള്ള അരാഷ്ട്രീയ നലിപാടുകൾ ഉയർന്നുവരുന്ന ഘട്ടത്തിൽ രാഷ്ട്രീയ വിദ്യാഭ്യാസത്തിന്റെ പ്രസക്തി ഏറുകയാണ്. പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ രണ്ടു പതിറ്റാണ്ടിനുള്ളിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ സ്വകാര്യ മേഖലയുടെ - മെഡിക്കൽ, എഞ്ചിനീയറിങ്-വൻ കതിച്ച് ചാട്ടത്തിന് കളമൊരുക്കി. ലോൺ എടുത്ത് സ്വാശ്രയ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഭൂരിഭാഗം വിദ്യാർത്ഥികളും ജപ്തി ഭീഷണി നേരിടുകയാണ്. ദേശസാൽകൃത ബാങ്കുകളടക്കം ലോൺ തിരിച്ച് പിടിക്കുന്നതിന് സ്വകാര്യ കുത്തകകളെ നിയോഗിക്കുന്നു. കേരള സർക്കാർ 900 കോടി രൂപയുടെ വിദ്യാഭ്യാസ ലോൺ ഏറ്റെടുക്കുന്നു എന്നത് ആശ്വാസകരം തന്നെ. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വൈവിധ്യം ആ മേഖലയെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. പ്രവേശന പരീക്ഷാരംഗംത്തെ മാഫിയാവൽക്കരണം പ്രഫഷണൽ വിദ്യാഭ്യാസ മേഖലയെ മലിനമാക്കുകയാണ്.

വിദ്യാഭ്യാസ രംഗത്തെ ജനാധിപത്യവൽക്കരിക്കുന്നതിനും, മതേതര മൂല്യങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള എൽ.ഡി.എഫ് സർക്കാരിന്റെ യജ്ഞത്തിനു കരുത്ത് പകരാം. പ്രാദേശിക വികാരത്തിൽ നിന്ന് സാർവ്വദേശീയ ചിന്തകളിലേക്ക് പൗര സമൂഹത്തെ വഴി നടത്തുക എന്ന വിദ്യാഭ്യാസ ലക്ഷ്യം നേടി എടുക്കുന്നതിന് എ.കെ.പി.സി.ടി.എക്ക് ഒപ്പം അണി ചേരാം. വിദ്യാഭ്യാസപ്പതിപ്പ് വായനക്കാർക്കായി സമർപ്പിക്കുന്നു.

ഡോ. എൻ. എം. സണ്ണി
sunnynm51@gmail.com
9447418715, 8921385389

ഡോ. കെ.എൽ വിവേകാനന്ദൻ



# അദ്ധ്യാപകർ സമരത്തിന് ഇറങ്ങേണ്ട കാലം

കേരളത്തിലെ എയ്ഡഡ് കോളേജ് അധ്യാപകരുടെ ഐക്യനിരയായ ഓൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (എ.കെ.പി.സി.ടി.എ) ഒരുവർഷം നീണ്ടുനിൽക്കുന്ന വജ്രജൂബിലി ആഘോഷങ്ങൾക്ക് തുടക്കമിടുകയാണ്. 1958 ഡിസംബർ 21ന് എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽവച്ചാണ് സംഘടന രൂപീകരിച്ചത്. സംഘടനാരൂപീകരണ കാലത്ത് കൃത്യമായ സേവനവേതന വ്യവസ്ഥകൾ ഇല്ലാത്ത ഒരു വിഭാഗമായിരുന്നു കേരളത്തിലെ സ്വകാര്യ കോളേജ് അധ്യാപകർ. മാത്രമല്ല, അത്തരം അവ്യവസ്ഥകൾ എയ്ഡഡ് മേഖലയുടെതന്നെ മുഖമുദ്രയായിരുന്ന ഒരു കാലമായിരുന്നു അത്. തുടർന്ന് നടന്ന ഐതിഹാസിക സമരങ്ങളിലൂടെയും പരിഷ്കരണപ്രവർത്തനങ്ങളിലൂടെയും കോളേജ് അധ്യാപകർക്ക് നിയതമായ സേവനവേതന വ്യവസ്ഥകൾ നേടിക്കൊടുത്തു. മാത്രമല്ല, ജാതിമതശക്തികളുടെ നേതൃത്വത്തിലുള്ള എയ്ഡഡ് കോളേജുകളുടെ രൂപത്തിലും ഭാവത്തിലും ഗുണപരമായ മാറ്റം ഉണ്ടാക്കിയെടുക്കാനും അവിടങ്ങളിൽ ജനാധിപത്യപരവും മതേതരവുമായ പൊതുമണ്ഡലങ്ങൾ സ്ഥാപിച്ച് പുരോഗമനദിശയിലുള്ള കേരളത്തിന്റെ കുതിപ്പിന് ശക്തിപകരുന്ന കേന്ദ്രങ്ങളായി അവയെ മാറ്റിയെടുക്കാനും അധ്യാപക പ്രസ്ഥാനത്തിന് സാധിച്ചു. കുപ്രസിദ്ധമായ 'വിമോചനസമരത്തിന്റെ പ്രഭവകേന്ദ്രങ്ങളായി വർത്തിച്ച സ്ഥാപനങ്ങളാണ് പിന്നീട് പുരോഗമനവ്യവഹാരങ്ങളുടെ വേദിയായി മാറിയത് എന്നോർക്കുമ്പോഴാണ് ഈ മാറ്റത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുക.

ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസ രംഗം ഇന്ന് വർഗീയതയുടെയും നവലിബറൽ നയങ്ങളുടെയും കടന്നാക്രമണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. മതനിരപേക്ഷത, ജനാധിപത്യം, സോഷ്യലിസം, ഫെഡറലിസം എന്നിവയും ഉന്നതവിദ്യാഭ്യാസ രംഗത്ത് അവശ്യംവേണ്ട മൂല്യങ്ങളായ അക്കാദമിക്സ് സ്വയംഭരണാവകാശം, ചിന്താസ്വാതന്ത്ര്യം, ശാസ്ത്രീയ മനോഭാവം, മാനവികത എന്നിവയും വെല്ലുവിളി നേരിടുന്ന കാലത്താണ് വജ്രജൂബിലി ആഘോഷം തുടങ്ങുന്നത്. നവലിബറൽ സാമ്പത്തികനയങ്ങൾ ജനതയുടെമേൽ അടിച്ചേൽപ്പിക്കുന്നതിനുവേണ്ടി വർഗീയതയടക്കമുള്ള വിഭജനതന്ത്രം ഭരണവർഗം ഏറ്റവും നിന്ദ്യമായ രീതിയിൽ ഉപയോഗിക്കുന്നതിന്റെ നേർക്കാഴ്ചയാണ് നാം നിത്യേനയെന്നോണം കാണുന്നത്. ഭയം വിതച്ച അനുസരണകൊയ്യാൻ വെമ്പുന്ന ഭരണാധികാരികൾ വാഴുന്ന വർത്തമാന കാല ഇന്ത്യൻ സാഹചര്യത്തിൽ 'മതനിരപേക്ഷത ഉയർത്തിപ്പിടിക്കുക: നവലിബറൽ അസഹിഷ്ണുതയെ പ്രതിരോധിക്കുക' എന്ന കേന്ദ്ര മുദ്രാവാക്യമാണ് ഈ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി എകെ.പി.സി.ടി.എ മുന്നോട്ടുവയ്ക്കുന്നത്.

കോളനിഭരണകാലത്ത് ബ്രിട്ടീഷ് മേധാവികൾക്ക് പാദസേവ ചെയ്ത സംഘപരിവാർ ശക്തികൾ ഇന്ന് ഇന്ത്യൻ ജനതയെ പലതട്ടായി വിഭജിച്ച ഫിനാൻസ് മൂലധനത്തിന്റെ സുഗമമായ വാഴ്ചയ്ക്ക് കളമൊരുക്കുകയാണ്. മതന്യൂനപക്ഷങ്ങളുടെ നേരെയും പിന്നോക്ക ദളിത വിഭാഗങ്ങൾക്കുനേരെയും നീളുന്ന




അതേ കരാളഹസ്തങ്ങൾ സ്വതന്ത്രചിന്തകൾക്കുനേരെയും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുനേരെയും നീളുന്നു. അതുകൊണ്ടുതന്നെ നവലിബറൽ നയങ്ങൾക്കും വർഗീയതയ്ക്കും എതിരായ സമരോത്സുകനിലപാടുകൾ ഉയർത്തിപ്പിടിക്കാൻ കേരളത്തിലെ എയ്ഡഡ് കോളേജ് അധ്യാപകർ ഈ വജ്രജൂബിലി വർഷത്തിൽ പ്രതിജ്ഞാബദ്ധരാണ്. നരേന്ദ്ര മോഡി സർക്കാർ അധികാരത്തിൽ വന്ന ശേഷം ആവിഷ്കരിച്ച ഉന്നതവിദ്യാഭ്യാസ സംബന്ധിയായ മുഴുവൻ നയങ്ങളിലും പരിപാടികളിലും വർഗീയതയുടെയും നവഉദാരീകരണനയങ്ങളുടെയും ഇരട്ടസ്വാധീനം പ്രകടമാണ്. അന്തർദേശീയതലത്തിൽവരെ പ്രശസ്തിയാർജിച്ച മികച്ച ഇന്ത്യൻ സ്ഥാപനങ്ങളിൽ നടന്നുവന്നിരുന്ന ബൗദ്ധികപ്രവർത്തനങ്ങൾക്ക് കടിഞ്ഞാണിടുകയായിരുന്നു സംഘപരിവാർ അധിനിവേശത്തിന്റെ ആദ്യഘട്ടം, പൂണെ ഫിലിം ആൻഡ് ടി വി ഇൻസ്റ്റിറ്റ്യൂട്ട്, ചെന്നൈ ഐഐടി, ജെ എൻ.യു. ഡൽഹി യൂണിവേഴ്സിറ്റി, ബനാറസ്, ഹിന്ദു യൂണിവേഴ്സിറ്റി തുടങ്ങി നിരവധി സ്ഥാപനങ്ങളിൽ കരിനിയമങ്ങൾ അടിച്ചേൽപ്പിച്ച സംഘപരിവാർ ശക്തികൾ അഴിഞ്ഞാടി. ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ച് അടക്കമുള്ള സമിതികൾ വിജ്ഞാനവിരോധികളായ തങ്ങളുടെ ആജ്ഞാനുവർത്തികളെ തിരുകിക്കയറ്റി പിടിച്ചെടുക്കുകയും അവയെ ആർഎസ്എസ് അജൻഡയുടെ ഭാഗമാക്കി മാറ്റുകയും ചെയ്തു. ഇത് തുടർന്നാൽ ഇന്ത്യൻ ഉന്നതവിദ്യാഭ്യാസരംഗം അതിവേഗം തകർച്ച നേരിടുക തന്നെ ചെയ്യും. അതുകൊണ്ടുതന്നെ മതനിരപേക്ഷതയ്ക്കുവേണ്ടിയും ഫെഡറൽതത്വം പാലിക്കപ്പെടാൻ വേണ്ടിയും ജനാധിപത്യവ്യവസ്ഥയ്ക്കുവേണ്ടിയും അഭിപ്രായ സ്വാതന്ത്ര്യത്തിനുവേണ്ടിയും രാജ്യത്ത് നടന്നുവരുന്ന പ്രവർത്തനങ്ങളിൽ അധ്യാപകർ സജീവമായി പങ്കെടുക്കേണ്ട കാലമാണ്. അത്തരം സമരങ്ങളിലും പ്രചാരണ പ്രവർത്തനങ്ങളിലും പങ്കെടുത്തുമാത്രമേ ഇന്ത്യയിലെ അക്കാദമിക്സ് സമൂഹത്തിന് ഉന്നതവിദ്യാഭ്യാസ രംഗത്തെയും നമ്മുടെ സ്ഥാപനങ്ങളെയും വർഗീയതയുടെയും നവഉദാരവൽക്കരണത്തിന്റെയും നീരാളിപ്പിടിത്തത്തിൽ നിന്ന് രക്ഷിച്ചെടുക്കാനാകൂ.

**നവലിബറൽ സാമ്പത്തിക നയങ്ങൾ ജനതയുടെമേൽ അടിച്ചേൽപ്പിക്കുന്നതിനുവേണ്ടി വർഗീയതയടക്കമുള്ള വിഭജനതന്ത്രം ഭരണവർഗം ഏറ്റവും നിന്ദ്യമായ രീതിയിൽ ഉപയോഗിക്കുന്നതിന്റെ നേർക്കാഴ്ചയാണ് നാം നിത്യേനയെന്നോണം കാണുന്നത്. ഭയം വിതച്ച അനുസരണകൊയ്യാൻ വെമ്പുന്ന ഭരണാധികാരികൾ വാഴുന്ന വർത്തമാന കാല ഇന്ത്യൻ സാഹചര്യത്തിൽ 'മതനിരപേക്ഷത ഉയർത്തിപ്പിടിക്കുക: നവലിബറൽ അസഹിഷ്ണുതയെ പ്രതിരോധിക്കുക' എന്ന കേന്ദ്ര മുദ്രാവാക്യമാണ് ഈ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി എകെ.പി.സി.ടി.എ മുന്നോട്ടുവയ്ക്കുന്നത്.**

**വജ്രജൂബിലി ആഘോഷങ്ങൾക്ക് ഉജ്ജ്വല തുടക്കം**

# പാഠപുസ്തകങ്ങൾ വർഗീയവൽക്കരിക്കാനുള്ള നീക്കം ആപത്ത്: മുഖ്യമന്ത്രി

പാഠപുസ്തകങ്ങളിൽ വർഗീയ ഭാഗങ്ങൾ ഉൾക്കൊള്ളിച്ച് കുട്ടികളിൽ വർഗീയവിഷം കുത്തിനിറയ്ക്കാനുള്ള കേന്ദ്രസർക്കാർ ശ്രമം രാജ്യത്തിന് ആപത്താണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഏറ്റവും വലിയ വർഗീയ സംഘടനയായ ആർ.എസ്.എസിനെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. നാട്ടിൽ അരാജകത്വം വിതയ്ക്കാനും മതനിരപേക്ഷത തകർക്കാനുമുള്ള ഇത്തരം നീക്കങ്ങളെ ഒറ്റക്കെട്ടായി ചെറുക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു. എകെപിസിടിഎയുടെ വജ്രജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ശാസ്ത്രയുഗത്തിൽ ജീവിക്കുന്ന സമൂഹത്തെ പിന്നോട്ടടിക്കാൻ ശാസ്ത്ര വസ്തുതകളെ വളച്ചൊടിക്കാനും വികലമാക്കാനുമുള്ള ശ്രമങ്ങളാണ് നടക്കുന്നത്. ഹെലിക്കോപ്റ്ററിൽ വന്നിറങ്ങിയ രാമ, ലക്ഷ്മ, സീത വേഷധാരികളുടെ കാൽക്കൽ വീഴുന്ന യുപി മുഖ്യമന്ത്രി യോഗി ആദിത്യനാഥിന്റെ ദൃശ്യം നാം കണ്ടു. എവിടേക്കാണ് നാം പോകുന്നത്. വിദ്യാഭ്യാസ മേഖലയെ ഉപയോഗിച്ച് വർഗീയവൽക്കരണം നടത്താനുള്ള ശ്രമങ്ങൾക്കെതിരെ അധ്യാപക സമൂഹം നിതാന്ത ജാഗ്രത പുലർത്തണം.

ചരിത്രത്തെ തമസ്കരിച്ച് തങ്ങളുടെ ചരിത്രം കുത്തിനിറയ്ക്കാനാണ് സംഘപരിവാർ ശ്രമം ഒന്നാം സ്വാതന്ത്ര്യ സമരംപോലും മാറ്റുകയാണ്. ക്ലാസ് മുറികളിൽപോലും



വിവിധ തരത്തിലുള്ള വിവേചനം നിലനിൽക്കുന്ന അവസ്ഥയാണ് പല സംസ്ഥാനങ്ങളിലും. നവോത്ഥാനകാല മുന്നേറ്റവും അതിനുണ്ടായ ശരിയായ പിന്തുടർച്ചയുമാണ് കേരളത്തെ വ്യത്യസ്തമാക്കിയത്. ദേശീയപ്രസ്ഥാനവും ഇടതുപക്ഷ കമ്യൂണിസ്റ്റ് പ്രസ്ഥാനവുമാണ് ആ തുടർച്ച ഫലപ്രദമായി ഏറ്റെടുത്തത്. ആദ്യ ഇ എം എസ് മന്ത്രിസഭയുടെ പ്രവർത്തനങ്ങളും നടപടികളും കേരളത്തെ മാറ്റിമറിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏറ്റവും വലിയ മതനിരപേക്ഷ കേന്ദ്രങ്ങളായി. ഇതിലൂടെ വളർന്നുവന്ന മതനിരപേക്ഷതാബോധവും ഐക്യവുമാണ് കേരള സമൂഹത്തിന്റെ കരുത്ത്. രാജ്യത്തിൻ മാതൃകയായ ഈ കരുത്തിനെ തകർക്കാനാണ് ശ്രമം. ഈ നാടിനെയും ജന












തയേയും അപകീർത്തിപ്പെടുത്താനും അവർ നടത്തിയ ശ്രമം എന്തിനെന്ന് ഗൗരവമായി ചർച്ചചെയ്യണം. കേരളത്തിനെതിരെ അവർ നുണകൾ പ്രചരിപ്പിച്ചു. ഒട്ടേറെ ദേശീയ മാധ്യമങ്ങളുമായി ഇവിടെ എത്തിയായിരുന്നു പ്രചാരണം. എന്നാൽ, ഇവിടെ എത്തിയ മിക്ക മാധ്യമങ്ങൾക്കും സംഘപരിവാറിന്റെ പ്രചാരണം നുണയാണെന്ന് ബോധ്യപ്പെട്ടു.

മതനിരപേക്ഷതയ്ക്കും സാമൂഹ്യനീതിക്കുംവേണ്ടി നിലകൊള്ളുന്ന സമൂഹത്തെ കീഴ്പ്പെടുത്താനും തകർക്കാനുമുള്ള ശ്രമമാണ് കേരളത്തെ അപകീർത്തിപ്പെടുത്താനുള്ള നീക്കത്തിനുപിന്നിൽ. രാജ്യത്ത് ഉയർന്നു വരുന്ന അസഹിഷ്ണുത എത്ര മാത്രം ആപത്തുണ്ടാക്കുമെന്ന് തിരിച്ചറിയണം. സ്വാശ്രയ, എയ്ഡഡ് മേഖലകളിലെ നിയമ വിരുദ്ധമായ നടപടികളേയും അഴിമതികളേയും അധ്യാപക സംഘടനകളും വിദ്യാർഥി സംഘടനകളും ശക്തമായി ചെറുക്കണം. ഈ പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നതിൽ അറച്ചുനിൽക്കേണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

മന്ത്രി സി. രവീന്ദ്രനാഥ് മുഖ്യപ്രഭാഷണം നടത്തി. എ.കെ.പി.സി.ടി.എ. പ്രസിഡന്റ് പ്രൊഫ. എ.ജി. ഒലീന അധ്യക്ഷയായിരുന്നു. സ്വാഗതസംഘം ചെയർമാൻ എ. സമ്പത്ത് എം.പി. സ്വാഗതം പറഞ്ഞു. എ.കെ.പി.സി.ടി.എ. ജനറൽ സെക്രട്ടറി ഡോ. കെ.എൽ. വിവേകാനന്ദൻ വജ്രജ്രൂബിലി പരിപാടികൾ വിശദീകരിച്ചു. എ. സമ്പത്ത് എം.പി., വിവിധ സർവ്വീസ് സംഘടനാ നേതാക്കളായ എ. ശ്രീകുമാർ, ടി.സി. മാത്തുക്കുട്ടി, കെ.സി. ഹരികൃഷ്ണൻ, ടി.എസ്. രഘുലാൽ, പി.വി. രാജേന്ദ്രൻ, എം.എസ്. ബിജുക്കുട്ടൻ, കെ.കെ. ശശികുമാർ, എം. ഷാജഹാൻ, കെ.കെ. ദാമോദരൻ, എസ്.എസ്. അനിൽ, ഡിഡി ഗോഡ്ഫ്രീ, ഡോ. ആർ. രഘുനാഥൻ നായർ എന്നിവർ സംസാരിച്ചു. ട്രഷറർ ഡോ. പി.എൻ. ഹരികുമാർ നന്ദി പറഞ്ഞു.

# സംസ്ഥാന പ്രവർത്തക ക്യാമ്പ് സംക്ഷിപ്ത റിപ്പോർട്ട്

എകെപിസിടിഎയുടെ സംസ്ഥാന പ്രവർത്തക ക്യാമ്പ് 2017 സെപ്റ്റംബർ 23, 24 തീയതികളിൽ തിരുവനന്തപുരം വിളപ്പിൽശാല ഇഎംഎസ് അക്കാദമിയിൽ നടന്നു. ഉന്നത വിദ്യാഭ്യാസ മേഖല നേരിടുന്ന അതിസങ്കീർണ്ണമായ വർത്തമാനപ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും സംഘടന ഏറ്റെടുക്കേണ്ടുന്ന പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതിനും വേണ്ടിയാണ് പ്രവർത്തക ക്യാമ്പ് സംഘടിപ്പിച്ചത്. സെപ്റ്റംബർ 23-ാം തീയതി ശനിയാഴ്ച രാവിലെ 10.00 മണിക്ക് സംസ്ഥാന പ്രസിഡന്റ് എ.ജി.ഒലീനയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം ബഹു.സഹകരണം-ദേവസ്വം-ടൂറിസം വകുപ്പ് മന്ത്രി സ.കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ബെഫിയുടെ ജനറൽ സെക്രട്ടറി സ.ടി. നരേന്ദ്രൻ മുഖ്യ പ്രഭാഷണം നടത്തി. ജനാധിപത്യത്തിൽ രോഗനിർണ്ണയം നടത്തേണ്ടത് മാധ്യമങ്ങൾ ആണ് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഒരു ആശയത്തെ തോൽപ്പിക്കാൻ ആശയക്കുഴപ്പം ഉണ്ടാക്കുക എന്നതാണ് ഇന്ന് കേന്ദ്ര സർക്കാർ ചെയ്തുവരുന്നത് എന്നും ജി എസ് ടി എന്നത് പുതിയ കോളനിവൽക്കരണത്തിനുള്ള മുൻ ഉപാധിയായി മാറും എന്നും അദ്ദേഹം പറഞ്ഞു. എകെപിസിടിഎ മുൻ ജനറൽ സെക്രട്ടറിയും ഇ.എം.എസ് അക്കാദമി ഡയറക്ടറുമായ പ്രൊഫ.എ. പ്രതാപചന്ദ്രൻ നായർ ആശംസകൾ അർപ്പിച്ചു. അക്കാദമിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഹ്രസ്വമായ ഒരു വിവരണവും അദ്ദേഹം നടത്തി. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. കെ.എൽ.വിവേകാനന്ദൻ സ്വാഗതവും സംസ്ഥാന സെക്രട്ടറി ഡോ.ബി ശ്രീകുമാർ നന്ദിയും അർപ്പിച്ചു.

സംസ്ഥാന പ്രസിഡന്റ് എ.ജി.ഒലീനയുടെ അധ്യക്ഷതയിൽ പ്രവർത്തന രേഖകളുടെ അവതരണം നടന്നു. സംഘടനാരേഖ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. കെ.എൽ.വിവേകാനന്ദൻ അവതരിപ്പിച്ചു. സാമ്പത്തിക രേഖ സംസ്ഥാന ട്രഷറർ ഡോ.പി.എൻ.ഹരികുമാർ, അക്കാദമിക് പ്രവർത്തന രേഖ ശ്രീമതി ലക്ഷ്മിപ്രിയ,


















വനിതാ പ്രവർത്തന രേഖ വനിതാ കമ്മിറ്റി കൺവീനർ ഡോ. എസ്. ബീന, സർവ്വീസ് രേഖ സർവ്വീസ് സെൽ കൺവീനർ എ.എം.പി.ഹംസ, ജേർണൽ പ്രവർത്തന രേഖ ചീഫ് എഡിറ്റർ ഡോ.എൻ.എം.സണ്ണി എന്നിവർ അവതരിപ്പിച്ചു. യോഗത്തിന് സംസ്ഥാന സെക്രട്ടറി ഡോ. സി.എം. ശ്രീജിത്ത് സ്വാഗതവും ഡോ. കെ.പി. വിനോദ്കുമാർ നന്ദിയും രേഖപ്പെടുത്തി. ഉച്ചതിരിഞ്ഞ് പ്രവർത്തനരേഖ മുൻനിർത്തിയുള്ള ഗ്രൂപ്പ് ചർച്ചകൾ നടന്നു. സർവ്വകലാശാല അടിസ്ഥാനത്തിലാണ് ചർച്ചകൾ നടന്നത്.

2017 സെപ്റ്റംബർ 24 ഞായറാഴ്ച രാവിലെ 8.30 ന് സംസ്ഥാന പ്രസിഡന്റ് എ.ജി.ഒലീനയുടെ അധ്യക്ഷതയിൽ ഗ്രൂപ്പ് ചർച്ചകളുടെ റിപ്പോർട്ടിംഗ് നടന്നു. നാല് സർവ്വകലാശാലകളെയും പ്രതിനിധീകരിച്ച് രണ്ട് പേർ വീതമാണ് റിപ്പോർട്ടിംഗ് നടത്തിയത്. വിശദമായ വിശകലനങ്ങൾ പ്രവർത്തന മേഖലയിൽ വരുത്തേണ്ട മാറ്റങ്ങൾ ഇടത് വിദ്യാഭ്യാസ നയരൂപീകരണം എന്നിവയെല്ലാം റിപ്പോർട്ടിങ്ങിൽ പ്രകടമായി. ഡോ.കെ.എൽ. വിവേകാനന്ദൻ മറുപടി പ്രസംഗം നടത്തി. സംസ്ഥാന സെക്രട്ടറി പ്രമോദ് വെള്ളച്ചാൽ ക്രഡൻഷ്യൽ റിപ്പോർട്ട് നടത്തി.

എകെപിസിടിഎയുടെ ചരിത്രം സംഘടനയുടെ മുൻ ജനറൽ സെക്രട്ടറിയും പുരോഗമന കലാസാഹിത്യസംഘം ജനറൽ സെക്രട്ടറിയുമായ പ്രൊഫ. വി. എൻ.മുരളി അവതരിപ്പിച്ചത് പുതു തലമുറ അധ്യാപകർക്ക് ഹൃദ്യമായ അനുഭവമായിരുന്നു. സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ.സി.പത്മനാഭൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ.പി.കെ.കുശലകുമാരി സ്വാഗതവും തിരുവനന്തപുരം ജില്ലാ സെക്രട്ടറി ഡോ.വി. എം.ആനന്ദ് കുമാർ നന്ദിയും രേഖപ്പെടുത്തി.

# വിദ്യാഭ്യാസ വിപ്ലവത്തിന്റെ ഇടത് ബദലുകൾ

എകെപിസിറ്റിഎ അറുപതാം വയസ്സിലേക്ക് കടക്കുകയാണ്. കേരളവും ഇപ്പോൾ അറുപതാം വയസ്സിൽ ആണ്. കഴിഞ്ഞ അറുപതാണ്ടുകൾ കൊണ്ട് നാനാമേഖലകളിലും നമ്മുടെ സംസ്ഥാനം നേട്ടങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ആഴത്തിൽ വിശദാംശങ്ങൾ പരിശോധിച്ചാൽ ഒരുപക്ഷേ പോരായ്മകൾ കണ്ടെത്താൻ സാധിച്ചു എന്ന് വരാം. എന്നാൽ നമ്മുടെ ഈ ചെറിയ സംസ്ഥാനം ഇന്ത്യയുടെ മുന്നിലാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങൾ വളരെ സജീവമാണ്. ശ്വസിക്കുന്ന വായുവിൽ പോലും രാഷ്ട്രീയമുണ്ട് എന്ന് പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. ഈ വാദഗതി അംഗീകരിക്കുമ്പോൾ തന്നെയും ഇതിനെല്ലാം അതീതമായി പൊതുവേ അംഗീകരിക്കപ്പെടുന്ന കാര്യം നാനാരംഗങ്ങളിലും നാം കൈവരിച്ച നേട്ടങ്ങൾ ആണ്. ഇതിന് നാം കടപ്പെട്ടിരിക്കുന്നതാവട്ടെ ഐക്യ കേരളപ്പിറവിക്ക് ശേഷം തിരഞ്ഞെടുക്കപ്പെട്ട ഒന്നാമത്തെ സർക്കാരിനോട് തന്നെയാണ്. ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ്.

വിദ്യാഭ്യാസരംഗത്ത് നാം കൈവരിച്ച നേട്ടത്തെക്കുറിച്ച് പറഞ്ഞാൽ ഏറ്റവും ജനകീയമായ ഒരു വിദ്യാഭ്യാസ സംവിധാനം രൂപീകരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എല്ലാവരും വിദ്യാഭ്യാസം നേടുന്ന ഒരു സാമൂഹിക അവസ്ഥ സൃഷ്ടിക്കാൻ നമുക്ക് സാധിച്ചു. ഇതിന് നമ്മെ സഹായിച്ചത് നമ്മുടെ പൊതു വിദ്യാഭ്യാസ മണ്ഡലമാണ്. നാല് വയസ്സ് തികഞ്ഞ കുട്ടിയെ പ്ലേസ്കൂളിൽ ഇടങ്ങി അംഗനവാടിയിൽ എങ്കിലും സാമ്പത്തിക നില അനുസരിച്ച് കുട്ടികളെ അയക്കാൻ നാം ശ്രദ്ധിക്കുന്നുണ്ട്. അംഗനവാടികളിൽ അധ്യാപികമാരുടേയും ആയമാരുടേയും സേവനത്തിന് പുറമെ പാട്ടും കളിയും ഭക്ഷണവും പൽപ്പൊടിയും വരെ സർക്കാർ ഉറപ്പ് വരുത്തുന്നുണ്ട്. അഞ്ച് വയസ്സ് തികയുന്ന കുട്ടിയെ സ്കൂളിൽ അയക്കാത്ത ഒരു രക്ഷിതാവും കേരളത്തിൽ ഇല്ല. അങ്ങനെ ആരെങ്കിലുമുണ്ട് എങ്കിൽ കൊട്ടും കുറ്റവാളിയെ കാണുന്ന സമീപനം ആണ്



സമൂഹം അവരോട് സ്വീകരിച്ച പോന്നിട്ടുള്ളത്. വളരെ വിനയത്തോടെ പറയട്ടെ ഇത് നമ്മുടെ മാത്രം പ്രത്യേകതയാണ്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളുടെ കാര്യം വിശകലനം ചെയ്യേണ്ട കാര്യം തന്നെയില്ല. എന്തിന് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ പോലും കേരളത്തിന്റെ സാഹചര്യം ഉണ്ട് എന്ന് പറയാൻ കഴിയില്ല. കേരളത്തിൽ രണ്ട് കിലോമീറ്ററിനകത്ത് ഒരു ലോവർ പ്രൈമറി സ്കൂൾ ഉണ്ട് എന്ന് പൊതുവേ പറയാം.മൂന്ന് കിലോമീറ്ററിനകത്ത് അപ്പർ പ്രൈമറി സ്കൂൾ ഉണ്ട്. അഞ്ച് കിലോമീറ്ററിനകത്ത് ഹൈസ്കൂളും ഹയർസെക്കൻഡറി സ്കൂളും ഉണ്ട് എന്ന് നിശ്ചയമായും പറയാം. ഇതെല്ലാം കൊണ്ടാണ് വളരെ ജനകീയമായ ഒരു വിദ്യാഭ്യാസ മേഖലയെ സൃഷ്ടിക്കാൻ നമുക്ക് കഴിഞ്ഞത്. വിദ്യാഭ്യാസ മേഖലയിലെ നമ്മുടെ വിപ്ളവകരമായ മുന്നേറ്റത്തിന് പിന്നിൽ നമ്മുടെ ശക്തമായ പൊതുവിദ്യാഭ്യാസ മണ്ഡലമാണ് ഉള്ളത് എന്ന തിരിച്ചറിവ് നമുക്ക് ഉണ്ടാവേണ്ടതുണ്ട്. ഈ സർക്കാരിന്റെ വിദ്യാഭ്യാസ നയത്രൂപീകരണത്തിന് പിന്നിലും പൊതുവിദ്യാഭ്യാസ വ്യാപനം എന്നതാണ് വ്യക്തമായ ലക്ഷ്യം. വിദ്യാഭ്യാസ ബില്ലിന്റെ കാതലും അത് തന്നെയാണ്. അധ്യാപകർ നേരിടുന്ന പ്രശ്നങ്ങൾ ബില്ലിൽ ഉണ്ടായിരുന്നു എങ്കിലും ബില്ല് മുഖ്യമായി ലക്ഷ്യം വച്ചത് അസ്പൃശ്യതം അകറ്റി നിർത്തപ്പെട്ടവരും ആയിട്ടുള്ള നമ്മുടെ സമൂഹത്തിലെ സാധാരണ മനുഷ്യർക്ക് സ്കൂൾ വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക എന്നതായിരുന്നു. കുറച്ച് ദിവസങ്ങൾക്ക് മുൻപ് രാജ്യത്തിന്റെ പ്രധാനമന്ത്രി കൊച്ചിയിൽ നടന്ന കേരളത്തിലെ വായനശാലാ പ്രസ്ഥാനങ്ങളുടെ അമരക്കാരനായിട്ടുള്ള ശ്രീ.പി.എൻ. പണിക്കരുടെ അനുസ്മരണാർഥം പി.എൻ.പണിക്കർ ഫൗണ്ടേഷൻ നടത്തിയ വായന മാസാചരണത്തിന്റെ ഉദ്ഘാടന ചടങ്ങിൽ വച്ച് ശ്രദ്ധേയമായ ചില നിരീക്ഷണങ്ങൾ നടത്തുകയുണ്ടായി. വിദ്യാഭ്യാസത്തിന്റെയും സാക്ഷരതയുടേയും കാര്യത്തിൽ കേരളം ഇന്ത്യക്ക് മുന്നിലാണ് എന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ മെട്രോ ഉദ്ഘാടനത്തിന്റെയും തുടർന്ന് നടന്ന സൗജന്യയാത്രാ വിവാദത്തിന്റെയും മാധ്യമ ചർച്ചകൾക്കിടയിൽ ഏറെ ഗൗരവമുള്ള ഈ വാർത്ത ആരും ശ്രദ്ധിക്കാതെ പോയി. പാർലമെന്റിലെ തന്റെ പ്രഥമ പ്രസംഗത്തിലും പ്രധാനമന്ത്രി കേരളത്തെപ്പറ്റി പരാമർശിച്ചിരുന്നു എന്ന് ഓർക്കണം. കേരളത്തിലെ സ്ത്രീ ശാക്തീകരണ പ്രസ്ഥാനമായ കുടുംബശ്രീ ആയിരുന്നു അന്ന് അദ്ദേഹം പരാമർശിച്ച വിഷയം. കുടുംബശ്രീ ഇന്ത്യക്ക് മാതൃകയാണ് എന്നാണ് അന്ന് അദ്ദേഹം പറഞ്ഞത്. കേരളത്തിലെ സ്ത്രീ ജീവിതങ്ങളുടെ സാമൂഹിക പുരോഗതിയുടെ അടിസ്ഥാനമായി കഴിഞ്ഞ രണ്ടര ദശാബ്ദമായി നിലനിൽക്കുന്നത് കുടുംബശ്രീയാണ് എന്ന് നമുക്ക് വ്യക്തമായി അറിയാം. പ്രധാനമന്ത്രി പറഞ്ഞു എന്നതിനേക്കാൾ ഇവിടെ പ്രാധാന്യമർഹിക്കുന്നത് വ്യത്യസ്ഥ രാഷ്ട്രീയ നിലപാടുകൾ ഉള്ളവർക്ക് പോലും കേരളം വിവിധ മണ്ഡലങ്ങളിൽ കൈവരിച്ചിട്ടുള്ള നേട്ടങ്ങളെ കാണാതിരിക്കാൻ കഴിയില്ല എന്നതാണ്.

പോരായ്മകൾ ഇല്ലേ എന്ന ചോദ്യം ഉണ്ട്. തീർച്ചയായും പോരായ്മകൾ ഉണ്ട്. വിദ്യാഭ്യാസ രംഗത്ത് ഒട്ടനേകം പോരായ്മകൾ ഉണ്ട്. ദുർബലപ്പെടുന്ന പൊതു വിദ്യാഭ്യാസ മണ്ഡലം തന്നെ ഉദാഹരണം. പൊതു വിദ്യാലയങ്ങൾ ഇല്ലാതായാൽ ഉള്ള സ്ഥിതി ഭയാനകമാണ്. ചില സ്കൂളുകൾ അടച്ചു പൂട്ടുകയാണ്. കുറേ വർഷമായി എയ്ഡഡ്




ഉൾപ്പെടെയുള്ള പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചു പൂട്ടുകയാണ്. പൂട്ടിയാൽ ഉണ്ടാവുന്നത് എന്താണ് എന്ന് ആലോചിക്കേണ്ടതാണ്. സമൂഹത്തിലെ ഏറ്റവും താഴേതട്ടിൽ ഉള്ളവന് വിദ്യാഭ്യാസം നിഷേധിക്കപ്പെടുകയാണ്. പണമുള്ളവന് ഇതൊരു പ്രശ്നമല്ല. എന്നാൽ സമൂഹത്തിന്റെ ഏറ്റവും സാധാരണക്കാരന് അവകാശപ്പെട്ട വിദ്യാഭ്യാസം നൽകേണ്ടതിന്റെ ബാധ്യതയിൽ നിന്ന് നമുക്ക് ഒഴിഞ്ഞ് മാറാൻ കഴിയില്ല. അതുകൊണ്ടാണ് പോയ അറുപത് വർഷക്കാലത്തെ നേട്ടങ്ങളുടെ നിറവിൽ നിൽക്കുമ്പോഴും പൊതു വിദ്യാഭ്യാസമണ്ഡലത്തിലെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ സർക്കാർ തയ്യാറാവുന്നത്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഇതിന്റെ ഭാഗമായി സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളതാണ്. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ പോലും ഒരു പ്രധാന പ്രശ്നമായി വരികയാണ്. സ്വകാര്യ സ്വാശ്രയ സ്ക്കൂളുകളിലേക്ക് വിദ്യാർത്ഥികളെ അയക്കുന്നതിന്റെ പിന്നിലുള്ള യുക്തിയും ഈ അടിസ്ഥാന സൗകര്യങ്ങളിൽ ഉടങ്ങുന്നതാണ്. നല്ല ക്ലാസ്സ് മുറികൾ, ഫാനുകൾ തുടങ്ങി മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ആണ് അവിടുത്തെ പ്രധാന ആകർഷണം. സർക്കാർ എയ്ഡഡ് മേഖലയിലെ അധ്യാപകരേക്കാൾ മികച്ച അധ്യാപകർ ഉള്ളതല്ല കാരണം. അധ്യാപനത്തിന്റെ മേന്മ നോക്കിയാൽ ഒരു പക്ഷേ ഒട്ടും മികച്ച ഒരു കണക്ക് അവിടെ നിന്ന് ലഭിക്കില്ല. ആകർഷണം അടിസ്ഥാന സൗകര്യങ്ങളുടേതാണ്. സർക്കാർ ഊന്നൽ നൽകുന്നത് ഈ മേഖലയിൽ ആണ്. മൂന്നു തലമുറയ്ക്ക് മുൻപേയുള്ള സൗകര്യങ്ങളിൽ തന്നെ തുടരുകയാണ് നമ്മുടെ പല പൊതു വിദ്യാലയങ്ങളും. ഈ സ്ഥിതി മാറേണ്ടതുണ്ട്. ക്ലാസ് റൂം സങ്കൽപ്പം തന്നെ മാറേണ്ടതുണ്ട്. നവ വിദ്യാഭ്യാസ സമ്പ്രദായത്തെ സ്വാംശീകരിക്കാനും അത് ഉൾക്കൊള്ളാനും നാം തയ്യാറാവേണ്ടതുണ്ട്. ഇതിനുള്ള ഉത്തരമാണ് സർക്കാർ നൽകേണ്ടത് എന്ന ബോധ്യം പൂർണ്ണമായും ഉണ്ട്. അപര്യാപ്തമായ പരമ്പരാഗത ക്ലാസ്സ് മുറികളെ സ്മാർട്ട് ക്ലാസ് റൂമുകൾ ആക്കി മാറ്റേണ്ടതുണ്ട്. ആധുനിക വിദ്യാഭ്യാസം ആധുനിക സാധ്യതകളിലൂടെ വിദ്യാർത്ഥികൾക്ക് നൽകാൻ സാധിക്കണം. അതിന്റെ ആദ്യപടിയായി കേരളത്തിലെ ഏഴാംക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള 45000 ക്ലാസ്സ് മുറികൾ വരുന്ന രണ്ടുവർഷത്തിനകം സ്മാർട്ട് ക്ലാസ് റൂമുകൾ ആവുകയാണ്. വിപുലമായ പദ്ധതികൾ സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്.

എഴുത്തുപരീക്ഷയിൽ മികച്ച






വിജയം നേടിയിട്ടും മുഖാമുഖത്തിൽ പരാജയപ്പെടുന്ന തരത്തിൽ വിദ്യാഭ്യാസം മാറിപ്പോയിരിക്കുന്നു. അടിസ്ഥാന വിദ്യാഭ്യാസ കാഴ്ചപ്പാട് മാറേണ്ടതുണ്ട് എന്നതാണ് സർക്കാരിന്റെ പക്ഷം. 40 കുട്ടികൾ ഉള്ള ഒരു ക്ലാസിൽ ആരാണ് മിടുക്കർ എന്നതിന്റെ അളവുകോലുകൾ നാം നിശ്ചയിക്കുന്നത് എങ്ങനെയാണ്. കാണാതെ പഠിച്ച് എല്ലാ ഉത്തരവും പറയുന്ന ഒരാൾ ആണോ മിടുക്കൻ അല്ലെങ്കിൽ മിടുക്കി? 40 പേർക്കും വ്യത്യസ്ഥങ്ങളായി കഴിവുകൾ ഉണ്ട് എന്നതാണ് സർക്കാരിന്റെ പക്ഷം. അത് കണ്ടെത്താൻ വിദ്യാഭ്യാസത്തിന്, അധ്യാപകർക്ക് കഴിയുന്നുണ്ടോ എന്നതാണ് ചോദ്യം. ചിത്രയുടെ ഉദാഹരണം നോക്കൂ. കാണാതെ പഠിച്ച് പറഞ്ഞിട്ടല്ല ആ കുട്ടി ഇന്ന് കേരളം ഒട്ടാകെ അറിയപ്പെടുന്നത്. ഒരു സാധാരണ പെൺകുട്ടിയിൽ മികച്ച ഓട്ടക്കാരി ഉണ്ട് എന്ന് തിരിച്ചറിഞ്ഞ ഗ്രാമീണ സ്കൂളിലെ കായിക അധ്യാപകൻ ആണ് ഇന്ത്യ ശ്രദ്ധിക്കുന്ന ഒരു ഓട്ടക്കാരിയെ നമുക്ക് നൽകിയത്. സർക്കാർ ധനസഹായം നൽകി കഴിഞ്ഞു. പറഞ്ഞുവന്നത് അഭിരുചികൾ വ്യത്യസ്ഥങ്ങളായ വിദ്യാർത്ഥികളെ തിരിച്ചറിയാൻ നമുക്ക് കഴിയേണ്ടതുണ്ട് എന്നാണ്. അതിന് ആവശ്യമായ മാറ്റങ്ങൾ കരിക്കുലത്തിൽ ഉണ്ടാവേണ്ടതുണ്ട്. അധ്യാപകർ ഇതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞേ മതിയാവൂ.

പോയവർഷത്തെ എസ്എസ്എൽസി പരീക്ഷയുടെ ഫലം വന്നപ്പോൾ ഏറ്റവും അധികം ആകർഷിച്ചത് മാധ്യമങ്ങളിൽ വന്ന ഒരു പെൺകുട്ടിയുടെ ചിത്രമായിരുന്നു. ചിത്രത്തിന്റെ അടിക്കുറിപ്പ് ശ്രദ്ധേയമായിരുന്നു. കൈ കൊണ്ട് സാധാരണ കുട്ടികൾ പരീക്ഷ എഴുതുന്ന അത്ര സമയം കൊണ്ട് ഒരു പെൺകുട്ടി കാലുകൾ കൊണ്ട് പരീക്ഷ എഴുതി എല്ലാ വിഷയത്തിനും എ പ്ലസ് വാങ്ങിയിരിക്കുന്നു. എത്ര അപാരമായ ശേഷിയുള്ളവരാണ് നമ്മുടെ കുട്ടികൾ. ഈ നിലയിൽ വിദ്യാഭ്യാസം പൊതുവായി നേരിടുന്ന പ്രശ്നങ്ങൾ സൂക്ഷ്മമായി ശ്രദ്ധിക്കുകയാണ് സർക്കാർ.

ആരോഗ്യമേഖലയിലും നമ്മുടെ നേട്ടങ്ങൾ ചെറുതല്ല. ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ നാം ഒട്ടേറെ മുന്നോട്ട് പോയിട്ടുണ്ട്. 55 വയസ്സിൽ വയസ്സനായി പിരിഞ്ഞു പോവുകയായിരുന്നു നമ്മുടെ മുൻ തലമുറക്കാർ. സമ്മാനമായി ലഭിച്ച ചാരുകസേരയിൽ ശേഷജീവിതം കഴിച്ചു കൂട്ടാൻ വാർദ്ധക്യമായി എന്നതിന്റെ സൂചന നൽകി പിരിയുകയായിരുന്നു അന്ന് എങ്കിൽ ഇന്ന് കാര്യങ്ങൾ മാറിയിരിക്കുന്നു. അറുപതും എഴുപതും എൺപതും കഴിഞ്ഞ് മുന്നോട്ട് പോവുകയാണ് ആയുർദൈർഘ്യം ഇന്ന്. പറഞ്ഞ് വന്നത് നമ്മുടെ ആരോഗ്യമേഖലയിലെ വലിയ മാറ്റങ്ങൾ നമ്മുടെ വിദ്യാഭ്യാസത്തിന്റെ കൂടി ഫലമായി ഉണ്ടായതാണ് എന്നതാണ്. ഉപഭോഗ സംസ്കാരത്തിലേക്ക് നമ്മൾ പറിച്ച് നടപ്പെട്ടിട്ടുണ്ട് എന്നത് ശ്രദ്ധിക്കേണ്ട വസ്തുതയാണ്. എല്ലാം വിപണിയുടെ ഭാഗമാണ് എന്ന ചിന്തയുടെ ഭാഗമായി നാം അറിയാതെയെങ്കിലും മാറിപ്പോവുന്നുണ്ട്. ഹരിത കേരളം പോലെയുള്ള സാമൂഹിക പ്രസക്തിയുള്ള കാര്യങ്ങളിൽ നമ്മുടെ ബൗദ്ധിക സമൂഹത്തിന്റെ ഇടപെടൽ അനിവാര്യമാണ് എന്നത് കൂടി ഓർമ്മിപ്പിക്കാൻ ഈ അവസരം ഉപയോഗിക്കട്ടെ. ഒപ്പം പൊതുജന താത്പര്യാർത്ഥം ഇടതുപക്ഷ സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികളെ തകർക്കാൻ ശ്രമിക്കുന്ന വലതുപക്ഷ മാധ്യമ രാഷ്ട്രീയ നിലപാടുകളെ നാം തിരിച്ചറിയേണ്ടതുണ്ട്. രാജ്യത്തിന്റെ ചരിത്രം പോലും തങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് മാറ്റി എഴുതാൻ തിടുക്കം കൂട്ടുന്ന ഒരു കേന്ദ്ര ഭരണകൂടത്തിന്റെ ഭീകരതയെ കുറിച്ചും ബോധവാൻമാരാവേണ്ടതുണ്ട്. വിദ്യാഭ്യാസത്തിന്റെ സാമൂഹ്യവൽക്കരണത്തിലൂടെ നാം നേടിയെടുത്ത നവോത്ഥാന മൂല്യങ്ങളെ സംരക്ഷിക്കേണ്ട ബാധ്യത നമുക്ക് ഉണ്ട്.

**സ. കടകംപള്ളി സുരേന്ദ്രൻ**

(സഹകരണം-ദേവസ്വം-ടൂറിസം വകുപ്പുമന്ത്രി, എകെപിസിടിഎ സംസ്ഥാന പ്രവർത്തക ക്യാമ്പിൽ നടത്തിയ ഉദ്ഘാടന പ്രസംഗത്തിൽ നിന്ന്)

# മൂലധനത്തിന്റെ ചരിത്രവും പ്രസക്തിയും



1867 സെപ്റ്റംബർ 14-നാണ് ജർമ്മനിയിലെ ഹാംബർഗ് നഗരത്തിൽ മഹാനായ കാറൽമാർക്സ് ജർമ്മൻ ഭാഷയിൽ മൂലധനത്തിന്റെ ഒന്നാം വാല്യം പ്രസിദ്ധീകരിക്കുന്നത്. 150 വർഷങ്ങൾക്കുമുമ്പാണ് ഈ ബൃഹത്തായ കൃതി പ്രകാശനം ചെയ്യപ്പെട്ടത്. അതിനുശേഷമുള്ള ലോകചരിത്രത്തെയും വിമോചന മുന്നേറ്റങ്ങളെയും ഇത്രയധികം സ്വാധീനിച്ച മറ്റൊരു കൃതിയും ഉണ്ടാവില്ല. ശാസ്ത്രീയ സോഷ്യലിസത്തിന്റെ നാനാവശങ്ങൾ, അർത്ഥശാസ്ത്രം, വൈരുദ്ധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദം, സോഷ്യലിസ്റ്റ് സിദ്ധാന്തം, തൊഴിലാളിവർഗവീക്ഷണം, തൊഴിലാളിവർഗ സർവ്വാധിപത്യം തുടങ്ങിയ കാര്യങ്ങളെല്ലാം മാർക്സ് മൂലധനത്തിലൂടെ വികസിപ്പിച്ച് അവതരിപ്പിക്കുന്നു.

മൂലധനത്തിന്റെ ഒന്നാം വാല്യം പ്രസിദ്ധീകരിക്കാനേ മാർക്സിനു കഴിഞ്ഞുള്ളൂ. മാർക്സിന്റെ മരണശേഷം രണ്ടും മൂന്നും വാല്യങ്ങൾ പ്രസിദ്ധീകരണയോഗ്യമാക്കിയത് എംഗൽസ് ആയിരുന്നു. എംഗൽസിനുശേഷം മൂലധനത്തിന്റെ നാലാം വാല്യം പ്രസിദ്ധീകരിച്ചത് ജർമ്മൻ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയുടെ നേതാവായിരുന്ന കാൾകൗട്സ്കിയായിരുന്നു.

മുതലാളിത്ത ഉൽപാദനവ്യവസ്ഥയിൽ ഉള്ളടങ്ങിയിരിക്കുന്ന വൈരുദ്ധ്യങ്ങളെ അനാവരണം ചെയ്തുകൊണ്ടാണ് മൂലധനത്തിൽ മാർക്സ് മനുഷ്യസമൂഹത്തിന്റെ സോഷ്യലിസത്തിലേക്കും കമ്യൂണിസത്തിലേക്കുമുള്ള സാമൂഹ്യപരിവർത്തനത്തിന്റെ ദിശ ദീർഘദർശനം ചെയ്തത്. മുതലാളിത്തം മനുഷ്യന്റെ

കെ.ടി.കുഞ്ഞിക്കണ്ണൻ






സാമൂഹ്യവികാസചരിത്രത്തിലെ അന്ത്യഘട്ടമാണെന്നും മനുഷ്യർക്ക് മാറ്റാനാവാത്തതുമായ സാമൂഹ്യവ്യവസ്ഥയാണെന്ന ബൂർഷ്വാ സൈദ്ധാന്തികരുടെ വാദങ്ങൾക്ക് മറുപടിയായിട്ടുകൂടിയാണ് മുതലാളിത്തത്തെ സമഗ്രമായി വിശകലനം ചെയ്യുന്ന മൂലധനം എന്ന കൃതി മാർക്സിന് എഴുതിത്തീർക്കേണ്ടിവന്നത്. മനുഷ്യർ അനുഭവിക്കുന്ന ചൂഷണവും അപമാനവും ദുരിതങ്ങളും അവസാനിപ്പിക്കണമെന്ന അദമ്യമായ ആഗ്രഹത്തിൽ നിന്നാണ് മുതലാളിത്തത്തെ സംബന്ധിച്ച ബൃഹത്തായൊരു പഠനത്തിന് മാർക്സ് തയ്യാറായത്. മുതലാളിത്തം മനുഷ്യന്റെ സാമൂഹ്യവികാസചരിത്രത്തിലെ സവിശേഷമായൊരു ഘട്ടമാണെന്നും മനുഷ്യസമൂഹത്തിന് മുതലാളിത്തം സൃഷ്ടിച്ച അന്യവൽക്കരണത്തെയും ചൂഷണത്തെയും അവസാനിപ്പിക്കാൻ കഴിയുന്ന സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥയിലേക്ക് പരിവർത്തനപ്പെടാൻ കഴിയുമെന്നാണ് മാർക്സ് വിശദീകരിച്ചത്. ചരിത്രത്തെ സംബന്ധിച്ച ഭൗതികവാദപരമായൊരു സമഗ്രവിശകലനമാണ് മൂലധനം എന്ന കൃതി മുന്നോട്ടുവെക്കുന്നത്.

ചരിത്രം അവസാനിച്ചുവെന്നും മാർക്സിസവും സോഷ്യലിസവുമെല്ലാം കാലഹരണപ്പെട്ടുവെന്നുമുള്ള പ്രചണ്ഡമായ സാമ്രാജ്യത്വപ്രചാരവേലകൾക്ക് മറുപടി മൂലധനത്തിലൂടെ മാർക്സ് നടത്തുന്ന പഠനങ്ങൾ തന്നെയാണ്. മുതലാളിത്തചരക്കുൽപാദനവ്യവസ്ഥയെ അതിന്റെ സൂക്ഷ്മതലത്തിലും സ്ഥൂലതലത്തിലും അപഗ്രഥനം ചെയ്തുകൊണ്ടാണ് മാർക്സ് അതിലടങ്ങിയിരിക്കുന്ന വൈരുദ്ധ്യങ്ങളെ പുറത്തുകൊണ്ടുവന്നത്. വർഗസമരത്തിന്റെ സൈദ്ധാന്തികമായ സമീപനം വികസിപ്പിച്ചത്. മനുഷ്യരാശിയുടെ ചരിത്രം വർഗസമരത്തിന്റെ ചരിത്രമാണെന്ന് സ്ഥാപിച്ചത്. സാമൂഹ്യപുരോഗതിയുടെയും വിപ്ലവങ്ങളുടെയും ചാലകശക്തി വർഗസമരമാണെന്ന് പഠിപ്പിച്ചത്.

മൂലധനത്തിന്റെ പ്രാരംഭജോലികൾ മാർക്സ് 1844-ൽ തന്നെ തുടങ്ങിയിരുന്നു. തന്റെ ദാർശനിക സമീപനങ്ങൾ അവതരിപ്പിക്കാനായി എഴുതിയ 'സാമ്പത്തികവും ദാർശനികവുമായ കുറിപ്പുകൾ' എന്ന കൃതി മൂലധനരചനയുടെ മുന്നോടിയായിരുന്നു. മാർക്സ് തന്റെ ദാർശനിക വീക്ഷണം സാമ്പത്തിക മേഖലകളിൽ വ്യാപിപ്പിക്കാൻ തുടങ്ങിയപ്പോഴാണ് തൊഴിലാളിയുടെ കൂലി, മൂലധന ഉടമയുടെ ലാഭം, ഭൂവുടമയുടെ പാട്ടം, പണത്തിന്റെ ശക്തി മുതലായ മൗലിക പ്രധാനങ്ങളായ പ്രശ്നങ്ങളെ കുറിച്ചുള്ള നിലപാടുകൾ വ്യക്തമാക്കിയത്.

മാർക്സിന്റെ പഠന ഗവേഷണങ്ങളും പുനർചിന്തനങ്ങളും എംഗൽസുമായുള്ള ആശയവിനിമയവും മൂലധനമെന്ന കൃതിയുടെ രചനാപരിസരം വികസിപ്പിച്ചെടുത്തു. മാർക്സിനുമുമ്പേ അർത്ഥശാസ്ത്രവിഷയങ്ങൾ എഴുതിയത് എംഗൽസായിരുന്നു. എംഗൽസിന്റെ 'അർത്ഥശാസ്ത്ര വിമർശനത്തിനൊരു രൂപരേഖ' എന്ന കൃതി ബൂർഷ്വാ സാമ്പത്തികശാസ്ത്രത്തെ വിമർശനവിധേയമാക്കുന്നതായിരുന്നു തൊഴിലാളിവർഗത്തിന്റെ അർത്ഥശാസ്ത്ര സമീപനം വികസിപ്പിക്കുന്നതായിരുന്നു.

ആ കൃതി വായിച്ചതിനുശേഷമാണ് മാർക്സ് അർത്ഥശാസ്ത്രപഠനത്തിൽ കേന്ദ്രീകരിച്ചത്. അതിന്റെ ഫലമായാണ് 1859-ൽ മാർക്സ് 'അർത്ഥശാസ്ത്രവിമർശനങ്ങൾക്ക് ഒരു സംഭാവന' എന്ന കൃതി പ്രസിദ്ധീകരിക്കുന്നത്. 1867-ൽ പ്രസിദ്ധീകരിച്ച മൂലധനത്തിന്റെ ഒന്നാം വാല്യത്തിൽ ഈ കൃതി സംക്ഷേപിച്ച് ചേർത്തിട്ടുണ്ട്. ആദ്യത്തെ മൂന്ന് അധ്യായങ്ങളിലായി. ലോകചരിത്രത്തിൽ ഉണ്ടായിട്ടുള്ളതിൽ വെച്ചേറ്റവും അവിസ്മരണീയവും ചരിത്രപ്രധാനവുമെന്ന് ലെനിൻ പിന്നീട് വിശേഷിപ്പിച്ച മാർക്സ് എംഗൽസ് ബന്ധത്തിന്റെ ഫലമായിരുന്ന മൂലധനമെന്ന വിഖ്യാതകൃതിയെന്നുകൂടി മനസ്സിലാക്കണം.

മുതലാളിത്തത്തിൽ ഉള്ളടങ്ങിയിരിക്കുന്ന വൈരുദ്ധ്യങ്ങളും സംഘർഷങ്ങളുമാണ് മനുഷ്യസമുദായം നേരിടുന്ന ദാരിദ്ര്യത്തിനും ദുരിതങ്ങൾക്കും കാരണമെന്നും മൂലധനത്തിൽ മാർക്സ് വിശദാംശങ്ങളോടെ ചൂണ്ടിക്കാട്ടി. സാമൂഹ്യ ഉൽപാദനവും സ്വകാര്യഉടമസ്ഥതയുമാണ് മഹാഭൂരിപക്ഷത്തെയും ദരിദ്രവൽക്കരിക്കുന്നത്. സമ്പത്ത് ഒരു ന്യൂനപക്ഷത്തിൽ കേന്ദ്രീകരിക്കുന്നത്. തൊഴിലില്ലായ്മ, നാണയപ്പെരുപ്പം, ആവർത്തിക്കപ്പെടുന്ന സാമ്പത്തിക കുഴപ്പങ്ങൾ, പ്രതിസന്ധികൾ എല്ലാം മുതലാളിത്തത്തിന്റെ സഹജപ്രവണതകളാണ്. മാർക്സിസമെന്നത് മുതലാളിത്ത വിമർശനപഠനങ്ങളാണ്. അന്യവൽക്കരണത്തിന്റെയും ചൂഷണത്തിന്റെയും ദാരിദ്ര്യത്തിന്റെയും കാരണങ്ങൾ മുതലാളിത്ത ഉൽപാദനവ്യവസ്ഥയാണെന്ന യാഥാർത്ഥ്യത്തെയാണ് മാർക്സ് മൂലധനത്തിലൂടെ അനാവരണം ചെയ്തത്.

മഹാനായ മാർക്സിന്റെ ദശകങ്ങൾ നീണ്ട കഠിനവും സ്ഥിരവുമായ പ്രയത്നത്തിന്റെ ഫലമായിരുന്നു മൂലധനം എന്ന കൃതി. മൂലധനരചനയെ ഒരു ശാസ്ത്രീയ ധീരകൃത്യമായിട്ടാണ് പലരും വിശേഷിപ്പിച്ചിട്ടുള്ളത്. വളരെ



വളരെ വിഷമകരമായ സാഹചര്യങ്ങളിലാണ് മാർക്സ് മുതലാളിത്തത്തെക്കുറിച്ചുള്ള തന്റെ പഠനഗവേഷണങ്ങൾ നടത്തിയത്. വീട്ടുവാടക കൊടുക്കുന്നതിനും ഭക്ഷണത്തിനും പോലും പണമില്ലാത്ത അവസ്ഥ. തന്റെ സൗഭാഗ്യങ്ങളെല്ലാം ത്യജിച്ചുകൊണ്ടാണ് മൂലധനമെന്ന ബൃഹത്തായ രചനയ്ക്ക് മാർക്സ് സ്വയം സമർപ്പിച്ചത്.

സമൂഹത്തെക്കുറിച്ചുള്ള ശാസ്ത്രത്തിൽ മാർക്സ് ഒരു വിപ്ലവം നടത്തുകയായിരുന്നു മൂലധനരചനയിലൂടെ. മുതലാളിത്ത സമൂഹത്തിന്റെ സമ്പദ്‌വ്യവസ്ഥയും രാഷ്ട്രതന്ത്രവും പ്രത്യയശാസ്ത്രവും നിയമവും കുടുംബബന്ധങ്ങളും മതവും ദൈവചിന്തയുമെല്ലാം അദ്ദേഹം സസൂക്ഷ്മം വിശകലനം ചെയ്തു. മുതലാളിത്തം അതിന്റെ സഹജമായ വൈരുദ്ധ്യങ്ങളുടെ ഭാരത്താൽ അനിവാര്യമായി നശിക്കുകയും വർഗരഹിതമായ ഒരു സമൂഹം ഉടലെടുക്കുകയും ചെയ്യുമെന്ന് അദ്ദേഹം പ്രവചിച്ചു. ഈ പ്രവചനത്തിനും പഠനത്തിനും അദ്ദേഹം ഉപയോഗിച്ചത് 'വൈരുദ്ധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദം' എന്ന ശാസ്ത്രീയ സമീപനമാണ്.

മനുഷ്യർ തങ്ങളുടെ ദൈനംദിന ജീവിതത്തിലൂടെ സ്വന്തം ചരിത്രം സ്വയം സൃഷ്ടിക്കുന്നു എന്നുള്ള വസ്തുതയുടെ അംഗീകാരത്തിലാണ് വൈരുദ്ധ്യാത്മക രീതിയുടെ സാരാംശം അടങ്ങിയിട്ടുള്ളത്. ഉല്പാദനത്തിനുവേണ്ടി ആളുകൾ നടത്തുന്ന അധ്വാനമാണ് അന്തിമ വിശകലനത്തിൽ അവരുടെ ജീവിതത്തിൽ നിർണായക പങ്കുവഹിക്കുന്നത്. മൂലധനത്തിൽ മാർക്സ് മുതലാളിത്തത്തെ ഒരു സാമൂഹ്യസാമ്പത്തിക വ്യവസ്ഥയെന്ന നിലയ്ക്ക് സമഗ്രമായി വിശകലനം ചെയ്യുകയാണ് ചെയ്തത്. മാർക്സിന്റെ ധിഷണാശക്തിയും ബഹുമുഖവും അഗാധവുമായ പാണ്ഡിത്യവും മൂലധനത്തിന്റെ വായനക്കാരെ വിസ്മയഭരിതരാക്കുന്നു. രാഷ്ട്രീയവും ദർശനവും സാഹിത്യവും ഉൾപ്പെടെ സർവതലസ്പർശിയായ വിശകലനരീതിയാണ് മൂലധനരചനയിൽ നമുക്ക് കാണാൻ കഴിയുക.

ബൂർഷ്വാ ധനശാസ്ത്രത്തിൽ നിന്ന് മാർക്സിയൻ അർത്ഥശാസ്ത്രത്തെ വ്യത്യസ്തമാക്കുന്നത് അതിന്റെ സമഗ്രമായ അപഗ്രഥനരീതിയാണെന്നു പറയാം. സാമൂഹ്യമാറ്റത്തിന് ഇടയാക്കുന്ന ഘടകങ്ങളെല്ലാം മാർക്സിയൻ അർത്ഥശാസ്ത്രം അതിന്റെ വിശകലനപരിധിയിലേക്ക് കൊണ്ടുവന്നു. അതുകൊണ്ടാണ് ബൂർഷ്വാ ധനശാസ്ത്രത്തിൽ നിന്ന് (Economics) മാർക്സിയൻ അർത്ഥശാസ്ത്രം (Political Economics) വിപ്ലവകരമാകുന്നത്.

ബൂർഷ്വാ ധനശാസ്ത്രം സാമ്പത്തികഘടകങ്ങളിൽ മാത്രം ഊന്നുന്നു. അത് നിലനിൽക്കുന്ന സാമൂഹ്യവ്യവസ്ഥയായ മുതലാളിത്തത്തിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയാണ് ചെയ്യുന്നത്. ഉദാഹരണമായി ആഡംസ്മിത്ത്, റിക്കാർഡോ തുടങ്ങിയവരുടെ ധനശാസ്ത്രസിദ്ധാന്തങ്ങൾ. പിൽക്കാലത്ത് ജോൺമെയിനാർഡ്കെയിൻസിനെ പോലുള്ള മുതലാളിത്ത സാമ്പത്തിക ശാസ്ത്രജ്ഞർ മുതലാളിത്തത്തിന്റെ പാളിച്ചകളെ ക്രമീകരിക്കേണ്ടത് എങ്ങനെയെന്ന് നിർദ്ദേശിക്കുകയാണ് ചെയ്തത്.

മാർക്സിസവും മൂലധനവും മുതലാളിത്തവ്യവസ്ഥയുടെ ഉയർച്ച, വളർച്ച, തകർച്ച എന്നിവയെ പരസ്പരം ബന്ധപ്പെടുത്തി പ്രതിപാദിക്കുകയാണ് ചെയ്യുന്നത്.



മാർക്സിസത്തിന്റെ ചരിത്രസമീപനം സാമൂഹ്യമാറ്റം നിരന്തരപ്രക്രിയയാണെന്നതാണ്. ലോകം ഉണ്ടായതു മുതൽക്കെ മുതലാളിത്തം നിലവിലില്ല. മുതലാളിത്തം ഇന്നത്തേതുപോലെ എക്കാലത്തും നിലനിൽക്കുകയുമില്ല. വർഗസംഘർഷങ്ങളാണ് ഈ മാറ്റത്തിന് അടിസ്ഥാനം. മുതലാളിത്തത്തിന്റെ പ്രാകൃതമായ ആവിർഭാവം, സംഘർഷാത്മകമായ വളർച്ച എന്നിവയുടെ കാരണങ്ങളും ഫലങ്ങളുമാണ് മൂലധനം പ്രധാനമായും വിശദീകരിക്കുന്നത്.

ഒന്നാം വാള്യത്തിൽ മുതലാളിത്തത്തിന്റെ മൗലികമായ ഉൽഭവത്തിന്റെയും വളർച്ചയുടെയും ചരിത്രം പരിശോധിക്കുന്നു. പണവും മൂലധനവും ഉൽഭവിക്കുന്നതെങ്ങനെയെന്ന വിവരണത്തിലൂടെ മുതലാളിത്ത ഉൽപാദനപ്രക്രിയയുടെ ചൂഷണസ്വഭാവം വ്യക്തമാക്കുന്നു. രണ്ടാമത്തെ വാള്യത്തിൽ മൂലധനത്തിന്റെ പരിക്രമണം വിശദീകരിക്കുന്നു. മൂന്നാം വാള്യത്തിൽ മൂലധനവളർച്ചയിൽ കൈക്കൊള്ളുന്ന വിവിധരൂപങ്ങളും അതിലൂടെ പ്രകടമാവുന്ന മുതലാളിത്ത പ്രതിസന്ധിയും വിശദീകരിക്കുന്നു. നാലാം വാള്യത്തിൽ മുതലാളിത്തവ്യവസ്ഥയുടെ ചൂഷണസ്വഭാവം മാത്രമല്ല അതിന്റെ നാശവും അനിവാര്യമാണെന്ന സത്യം തുറന്നുപറയുന്നു. അതായത് മുതലാളിത്തത്തിന്റെ ചലനനിയമങ്ങളാണ് മൂലധനത്തിന്റെ ഉള്ളടക്കമെന്ന് പറയാം. മുതലാളിത്ത കാലത്തെ ചാലകശക്തി മൂലധനമായതുകൊണ്ടുകൂടിയാകണം മാർക്സ് തന്റെ ഈ ബൃഹത്തായ കൃതിക്ക് മൂലധനം എന്നുതന്നെ പേരിട്ടത്.

## എന്താണ് മുതലാളിത്തം

മാർക്സ് മൂലധനത്തിൽ മുതലാളിത്തത്തെ വിശദീകരിക്കുകയും നിർവചിക്കുകയും ചെയ്യുന്നു. അതിനുമുമ്പുള്ള സാമൂഹ്യവ്യവസ്ഥകളിൽ നിന്നും മുതലാളിത്തത്തിന്റെ സവിശേഷതകളെ സൂക്ഷ്മവും സമഗ്രവുമായി വിശദീകരിക്കുന്നു. മുതലാളിത്തം മുൻ വ്യവസ്ഥകളേക്കാൾ ചലനാത്മകമാണ്. ഒപ്പം മത്സരാധിഷ്ഠിതവും ലാഭാധിഷ്ഠിതവുമാണ്. അതൊരു സ്വതന്ത്ര വ്യവസ്ഥയാണ്. കൂലിവേലയിൽ അധിഷ്ഠിതമായ സാർവത്രിക ചരക്കുൽപാദന വ്യവസ്ഥയാണ്. മുതലാളിത്തം പ്രവർത്തിക്കുന്നത് സ്വകാര്യസ്വത്തിന്റെ കേന്ദ്രീകരണത്തിലൂടെയാണ്. സമ്പത്തിന്റെ കേന്ദ്രീകരണം നടക്കുന്നത് ചരക്കുകളുടെ ഉൽപാദനത്തിലൂടെയാണ്. ചരക്കുൽപാദനവും അതിന്റെ കൈമാറ്റവുമാണ് മുതലാളിത്ത വ്യവസ്ഥയെ ചലിപ്പിക്കുന്നത്.

## എന്താണ് ചരക്ക്

ഉൽപാദിപ്പിക്കുന്നവർ ഉപയോഗിക്കാത്ത, എന്നാൽ ഉപയോഗിക്കുന്നവർ ഉൽപാദിപ്പിക്കാത്ത വസ്തു. ചരക്ക് ഉണ്ടാക്കി വിൽക്കുകയും വാങ്ങി ഉപയോഗിക്കുകയുമാണ് മുതലാളിത്തത്തിന്റെ ജീവൽപ്രവർത്തനം. ആധുനിക മുതലാളിത്തമാകട്ടെ, ലക്ഷോപലക്ഷം ചരക്കുകൾ ഉണ്ടാക്കുകയും വിൽക്കുകയും ചെയ്യുന്ന വ്യവസ്ഥയാണ്. കമ്പോളവും പണവുമാണ് ഈ പ്രവർത്തനങ്ങളെ ചലിപ്പിക്കുന്നത്. ലാഭമാണ് അതിന്റെ ലക്ഷ്യം. സ്വന്തമായി ഉപയോഗമില്ലാത്ത, എന്നാൽ മറ്റുള്ളവർ വാങ്ങി ഉപയോഗിക്കുന്ന വസ്തുക്കൾ വഴിയാണ് മുതലാളിത്തം വളരുന്നതെന്നർഥം. ചരക്കിനാകട്ടെ രണ്ട്തരം മൂല്യങ്ങളുണ്ട്. ഉപയോഗമൂല്യവും, വിനിമയ(കൈമാറ്റ)മൂല്യവും. ഉപയോഗിക്കുമ്പോൾ കിട്ടുന്നത് ഉപയോഗമൂല്യം (Use Value; Utility) കൈമാറുമ്പോൾ കിട്ടുന്നത് കൈമാറ്റമൂല്യം (Exchance Value, Price).

## ലാഭം ഉണ്ടാകുന്നതെങ്ങനെ

മുതലാളി രണ്ടുതരം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു-ഉൽപാദനവും, വിനിമയവും. വിറ്റവിലയിൽ നിന്ന് വാങ്ങിയ വില കിഴിക്കുന്നതാണ് ലാഭമെന്നാണ് സാധാരണ കണക്കാക്കാറ്. അതായത് വിനിമയമാണ് ലാഭത്തിനടിസ്ഥാനമെന്നതാണ് പൊതുധാരണ. എന്നാൽ, മാർക്സ് ലാഭത്തിന്റെ ഉറവിടമായി കാണുന്നത്

ഉൽപാദനത്തെയാണ്. (ഇക്കാര്യം പിന്നീട് വിശദീകരിക്കും). യഥാർത്ഥത്തിൽ ലാഭമെന്നത് മുതലാളിമാരുടെ മിച്ചത്തിന്റെ ഒരു ഭാഗം മാത്രമാണ്. മിച്ചമുണ്ടാകുന്നതാകട്ടെ ഉൽപാദനത്തിൽ നിന്നാണ്. ഇതാണ് മാർക്സിന്റെ നിലപാട്.

## ഉൽപാദനം നടക്കുന്നതെങ്ങനെ

മുതലാളി പണം നൽകി അസംസ്കൃത പദാർത്ഥങ്ങൾ, മനുഷ്യാധ്വാനം, യന്ത്രങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. അവയെ പരസ്പരം ബന്ധപ്പെടുത്തി ഉൽപാദനം സാധ്യമാക്കുന്നു. അതുവഴി ഉണ്ടാകുന്ന ഉൽപ്പന്നങ്ങൾ വിറ്റ് (വിനിമയം നടത്തി) പണം ഉണ്ടാക്കുന്നു. ഇതിൽ ഉൽപ്പന്നങ്ങൾ വിറ്റ് കിട്ടുന്ന പണം, ഉൽപാദനഘടകങ്ങൾ വാങ്ങാൻ ചെലവാക്കിയ ആദ്യത്തെ പണത്തേക്കാൾ കൂടുതലാണ് (MCM1). ആ വ്യത്യാസമാണ് (M1 M) ലാഭത്തിനടിസ്ഥാനം.

## അതെങ്ങനെ ഉണ്ടാകുന്നു

ഇവിടെയാണ് മാർക്സ് രണ്ട് പ്രധാന സിദ്ധാന്തങ്ങൾ അവതരിപ്പിക്കുന്നത്. a) അധ്വാനമൂല്യസിദ്ധാന്തം (Labour theory of value); b) മിച്ചമൂല്യസിദ്ധാന്തം (Surplus value theory) എന്നിവയാണ് അവ.

## അധ്വാനമൂല്യസിദ്ധാന്തം

ചരക്കുകൾ നിർമ്മിക്കുന്നതിനാവശ്യമായ അധ്വാനസമയമാണ് ചരക്കുകളുടെ വിനിമയമൂല്യം അഥവാ വില നിർണ്ണയിക്കുന്നതെന്ന് വെളിപ്പെടുത്തുന്നു. ഇതിൽ ഇപ്പോൾ അധ്വാനത്തിൽ നേരിട്ട് പങ്കാളിയാകുന്ന അധ്വാനവും ഉൽപ്പാദന ഉപാധികളിൽ (Means of Production) ഉള്ള പൂർവ്വാർജിത അധ്വാനവും ഉൾപ്പെടുന്നു. ഈ സിദ്ധാന്തം മാർക്സിന്റെ തനത് സംഭാവനയല്ല. ക്ലാസിക്കൽ ധനശാസ്ത്രജ്ഞരായ അദംസ്മിത്ത്, ഡേവിഡ്റിക്കാർഡോ എന്നിവരാണ് ഇതിന്റെ പ്രധാന ഉപജ്ഞാതാക്കൾ. എന്നാൽ, മാർക്സ് ഇതിൽ ചില പ്രധാന തിരുത്തലുകൾ വരുത്തി.

മൂല്യത്തെ ഒരു തൊഴിലാളിയുടെ വ്യക്തിപരമായ അധ്വാനസമയമായാണ് ക്ലാസിക്കൽ ധനശാസ്ത്രജ്ഞർ കണക്കാക്കിയത്. എന്നാൽ, മാർക്സ് ഇതിനെ സാമൂഹ്യമായി ആവശ്യമുള്ള അധ്വാനസമയം (Socially Necessary Labour Time) എന്ന് വ്യവച്ഛേദിക്കുകയുണ്ടായി. സമൂഹത്തിൽ അതാത് കാലത്ത് നിലവിലുള്ള ശരാശരി സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിലുള്ള, ഒരു ശരാശരി തൊഴിൽ വൈദഗ്ദ്യത്തെ മുൻനിർത്തിയുള്ള അധ്വാനസമയം എന്നാണ് മാർക്സ് വിവക്ഷിച്ചത്. ഇത് നിരന്തരമായി മാറിക്കൊണ്ടിരിക്കുന്ന ഒരു സാമൂഹ്യപ്രക്രിയ എന്ന നിലയിൽ ഉൽപ്പാദനത്തെ നിരീക്ഷിക്കാനും അപഗ്രഥിക്കാനും അധ്വാനമൂല്യസിദ്ധാന്തത്തെ പ്രാപ്തമാക്കുന്നു. മറ്റൊരർത്ഥത്തിൽ ബൂർഷ്വാധനശാസ്ത്രജ്ഞരുടെ വൈയക്തിക ബന്ധങ്ങളിൽ നിന്ന് സാമൂഹ്യബന്ധങ്ങളിലേക്ക്, ഒരു സാമൂഹ്യപ്രക്രിയയായി ഉൽപാദനത്തെയും മൂല്യനിർണ്ണയത്തേയും ഉയർത്തിക്കൊണ്ടുവരാൻ തന്റേതായ മൂല്യ സിദ്ധാന്തത്തിലൂടെ മാർക്സ് ശ്രമിക്കുന്നു. ഇതാണ് മാർക്സിന്റെ ഈ രംഗത്തെ ഏറ്റവും പ്രധാനവും മൗലികവുമായ സംഭാവന.

## വിലയും മൂല്യവും

മൂല്യത്തിന്റെ പണരൂപത്തിലുള്ള പ്രകാശനമാണ് വില. ചോദന-പ്രദാനങ്ങളാണ് വില നിർണ്ണയിക്കുന്നത്. ഇതിന്റെ മാറ്റങ്ങൾക്കനുസരിച്ച് വില മാറിക്കൊണ്ടിരിക്കും എന്നർത്ഥം. അതിനാൽ ഒരു നിശ്ചിത സമയത്ത് വിലമൂല്യത്തിന് തുല്യമാകണമെന്നില്ല. വില മൂല്യത്തേക്കാൾ ഉയർന്നാൽ ചരക്കിന്റെ ഉൽപ്പാദനം വർദ്ധിക്കും. ഉൽപാദനം കൂടിയാൽ വില കുറയും. വില മൂല്യത്തേക്കാൾ കുറഞ്ഞാൽ തിരിച്ചും സംഭവിക്കും. ഇത് ഒരു ഹ്രസ്വകാല പ്രതിഭാസമായതിനാൽ, ദീർഘകാലത്തേക്ക് ശരാശരിവിലയും മൂല്യവും തുല്യമായിരിക്കും. ഈ രീതിയിലാണ് ഉൽപ്പാദനം സംഘടിപ്പിക്കാൻ വേണ്ടി വാങ്ങിയ അസംസ്കൃത വസ്തുക്കൾ, യന്ത്രങ്ങൾ എന്നിവയുടെ വിലയും മൂല്യവും നിർണ്ണയിക്കുന്നത്.

## അധ്വാനശക്തിയുടെ വില

ഇവിടെ ഒരു പ്രധാന ചോദ്യം ഉയരുന്നു. എല്ലാ ഉൽപ്പന്നങ്ങൾക്കും വില നിർണ്ണയിക്കുന്നത് അതിന്റെ ഉൽപ്പാദനത്തിലടങ്ങിയ അധ്വാനസമയത്തിന്റെ അടിസ്ഥാനത്തിലാണെങ്കിൽ, അധ്വാനശേഷിയുടെ വില (അതായത് കൂലി) നിർണ്ണയിക്കുന്നതെങ്ങനെയായിരിക്കും? ഇതാണ് മാർക്സ് ഉയർത്തിയ മൗലികമായ ചോദ്യം. ഇവിടെ അധ്വാനശേഷിയും ഒരു ചരക്കായി മാറുകയാണ്. അതോടെ മുതലാളിത്തം ഒരു സാർവത്രിക ചരക്കുൽപ്പാദന വ്യവസ്ഥയായി തീരുന്നു. അതായത്, എല്ലാ ചരക്കിന്റെയും മൂല്യം കണക്കാക്കാനുപയോഗിക്കുന്ന അധ്വാനം തന്നെ ഒരു ചരക്കായി മാറുമ്പോൾ അതിന്റെ മൂല്യം എങ്ങനെയാണ് കണക്കാക്കുക? ഈ ചോദ്യമാണ് അർത്ഥശാസ്ത്ര വിശകലനത്തിലേക്കുള്ള മാർക്സിന്റെ പ്രധാന സംഭാവന. ഈ ചോദ്യം മുതലാളിത്ത ഉൽപാദന വ്യവസ്ഥയുടെ എല്ലാ ഉള്ളുകള്ളികളും പുറത്തേക്ക് കൊണ്ടുവരുന്നു. ഇത് വിശകലനത്തിനും, ഇടപെടലിനും അതുവഴി തങ്ങൾ എവിടെ നിൽക്കുന്നു, തങ്ങളുടെ സ്ഥാനം എന്ത് എന്നിവക്കൊക്കെ ഉത്തരം





കാണാനും പ്രതികരിക്കാനും തൊഴിലാളികളെ പ്രാപ്തരാക്കുന്നു.

അധ്വാനശക്തിയുടെ മൂല്യമെന്നത് അതിനെ പുനസൃഷ്ടിക്കാനും നിലനിർത്താനും സാമൂഹ്യമായി ആവശ്യമായ അധ്വാനത്തിന്റെ മൂല്യമാണ്. കുടുംബജീവിതം നയിക്കാനും ഉപജീവിക്കാനും ഒരു തൊഴിലാളിക്ക് ആവശ്യമുള്ളവ നേടാൻ ഒരു തൊഴിലാളി ചെയ്യേണ്ട സാമൂഹ്യമായ ശരാശരി അധ്വാനം.

## കൂലി

ഈ അധ്വാനം വാങ്ങാനായി മുതലാളിക്കുണ്ടാകുന്ന ചെലവാണ് കൂലി. തൊഴിലാളിക്കിത് അവരുടെ ഉപജീവനത്തിനുള്ള വരുമാനമാണ്. ഇതാകട്ടെ വിലപേശൽ, കാലം, ദേശം എന്നിവക്കെല്ലാം അനുസരിച്ച് മാറിക്കൊണ്ടിരിക്കും.

## ലാഭം ഉൽപ്പാദനത്തിൽ നിന്ന്; അഥവാ തൊഴിലാളിയുടെ അധ്വാനത്തിൽ നിന്ന്

ഉൽപ്പാദന പ്രക്രിയയിൽ ഉപയോഗിക്കുന്ന ഘടകങ്ങളിൽ ഒരെണ്ണത്തിന് അതിന് വേണ്ടിവരുന്ന ചെലവിനേക്കാൾ കൂടുതൽ മൂല്യം ഉണ്ടാക്കാൻ കഴിഞ്ഞാലേ ലാഭം ഉണ്ടാവുകയുള്ളൂ. കൂടുതൽ മൂല്യം നൽകുന്ന ആ ഘടകം മനുഷ്യാധ്വാനമാണ്. അധ്വാനം സചേതനവും സർഗാത്മകവുമായ ഉൽപ്പാദനഘടകമാണ്. അതിന് മുതലാളി നൽകുന്ന കൂലി ഉപജീവനത്തിന് മാത്രമേ കഴിയുന്നുള്ളൂ. എന്നാൽ, അതിന്റെ ഉൽപ്പാദനം ഉപജീവനത്തിന് വേണ്ടതിനേക്കാൾ കൂടുതലായിരിക്കും. കൂടുതൽ വരുന്ന ഈ മൂല്യം, അധ്വാനം വഴിയുള്ള മിച്ചം ചോർത്തിയെടുക്കുന്നത് മുതലാളിയാണ്. മുതലാളി തട്ടിയെടുക്കുന്ന ഈ മിച്ചമാണ് 'മിച്ചമൂല്യം'.

മിച്ചമൂല്യം-അധ്വാനശേഷി പ്രദാനം ചെയ്യുന്നമൂല്യം -അധ്വാനശേഷിയുടെ മൂല്യം എന്നാകുന്നു. ഉദാ: എട്ടുമണിക്കൂർ ജോലിയിൽ ആറ് മണിക്കൂർ സ്വന്തം ഉപജീവനത്തിന്, രണ്ടു മണിക്കൂർ അധ്വാനമിച്ചമൂല്യത്തിന്.

മിച്ചമൂല്യമാണ് വർഗവിഭജനത്തിനടിസ്ഥാനം. പ്രാകൃത സമൂഹത്തിൽ മിച്ചം ഉണ്ടായിരുന്നില്ല. കൃഷിയോടെയാണ് മിച്ചം ഉണ്ടാകുന്നത്. മിച്ചം വർദ്ധിപ്പിക്കാനാണ് ചൂഷണം നടക്കുന്നത്. അടിമയുടെ മിച്ച അധ്വാനമായിരുന്നു ഉടമയുടെ സമ്പാദ്യം. കുടിയാന്റെ മിച്ചാധ്വാനമാണ് ജന്മിയുടെ സമ്പാദ്യം. തൊഴിലാളിയുടെ മിച്ചാധ്വാനമാണ് മുതലാളിയുടെ സമ്പാദ്യം/ലാഭം.

അടിമത്വം, ജന്മിത്വം എന്നിവയിലെ ചൂഷണം വളരെ പ്രകടമായിരുന്നു. എന്നാൽ, മുതലാളിത്തചൂഷണം മറയിട്ടതാണ്. തൊഴിലാളിയും മുതലാളിയും പ്രകടമായി ഒരേപോലെ സ്വതന്ത്രരാണെന്ന് തോന്നും. മാർക്സ് മിച്ചമൂല്യസിദ്ധാന്തത്തിലൂടെ മുതലാളിത്തത്തിലെ ഈ മറയിട്ട ചൂഷണത്തെ വെളിവാക്കുന്നു.

മിച്ചമൂല്യം സൃഷ്ടിക്കുന്നതിനുപയോഗിക്കുന്നതെന്തും മൂലധനമാണ്. ഇതിൽ പണവും ചരക്കുകളും ഉൾപ്പെടുന്നു.

മൂലധനം രണ്ടുതരമാണ്-അസ്ഥിരം, സ്ഥിരം. ഇതിൽ അസ്ഥിര (VC) മൂലധനത്തിൽ പ്രധാനം അധ്വാനമാണ്. ഇതിൽ നിന്നാണ് മിച്ചമൂല്യം ഉണ്ടാകുന്നതെന്ന് കണ്ടല്ലോ. സ്ഥിരമൂലധനം (FC) ഉൽപ്പാദനത്തോടൊപ്പം തേഞ്ഞ് ഇല്ലാതാകുന്നു. ഉൽപ്പാദനമൂല്യമെന്നാൽ യഥാർത്ഥത്തിൽ സ്ഥിരമൂലധനം, അസ്ഥിരമൂലധനം, മിച്ചമൂല്യം എന്നിവയുടെ ആകെത്തുക (C+V+S) യാണ്. ഇവിടെയാണ് നേരത്തെ പറഞ്ഞ MCM1 എന്നത് കൂടുതൽ യാഥാർത്ഥ്യമാകുന്നത്. M1 എന്നത് മുടക്കുമുതലും (M) മിച്ചമൂല്യ(S)വും ചേർന്നതാണ്.



## എന്താണ് ചൂഷണം

ചൂഷണം വർഗവിഭജിത സമൂഹത്തിലെ ഉൽപ്പാദന പ്രക്രിയയിലെ അവിഭാജ്യഘടകമാണ്. ചൂഷണത്തിലൂടെ മാത്രമെ അത്തരം വ്യവസ്ഥക്ക് നിലനിൽക്കാൻ പോലും കഴിയൂ. ചൂഷണത്തോത് എന്നാൽ മിച്ചമൂല്യവും അസ്ഥിരമൂലധനവും തമ്മിലുള്ള അനുപാതമാണ്.

അതായത്, ആകെ ലാഭത്തോത് =

## മിച്ചമൂല്യവിതരണം

മിച്ചമൂല്യം മുഴുക്കെ മുതലാളിയുടെ ലാഭമായിത്തീരുന്നില്ല. അത് ബാങ്കറുടെ പലിശയായും ഭൂവുടമകളുടെ പാട്ടമായും മുതലാളിമാരുടെ ലാഭമായുമെല്ലാം വിഭജിച്ച് വിതരണം ചെയ്യപ്പെടുന്നു. സമൂഹത്തിലെ മൊത്തം മിച്ചമൂല്യം സമൂഹത്തിൽ വിവിധതരം സ്വകാര്യസ്വത്തുടമസ്ഥരുടെ ഇടയിൽ വിതരണം ചെയ്യുന്നു എന്നർത്ഥം. സമൂഹത്തിലെ മൊത്തം മിച്ചമൂല്യവും മൊത്തം മൂലധനവും തമ്മിലുള്ള അനുപാതത്തെ ശരാശരി ലാഭതോത് എന്നാണ് പറയാറ്. അതായത് ഉൽപ്പാദകർ, ബേങ്കർ, ഭൂവുടമകൾ, വ്യാപാരി എന്നിവർക്കൊക്കെ ഈ ശരാശരി ലാഭമെങ്കിലും ലഭിക്കണം. അല്ലെങ്കിൽ, ശരാശരി ലാഭമെങ്കിലും കിട്ടുന്ന രംഗത്തേക്ക് അവർ ചേക്കേറും. അതൊഴിവാക്കാൻ മുതലാളിമാർ ഒന്നിച്ച് വർഗപരമായിതന്നെ മിച്ചമൂല്യം വീതിച്ചെടുക്കുന്നു.

മാർക്സിയൻ അർത്ഥശാസ്ത്രം മുതലാളിത്ത ചൂഷണത്തിന്റെ മറ ഊരിയെടുക്കുന്നു. ഇതുമാത്രമല്ല; മിച്ചമൂല്യത്തെപ്പറ്റിയുള്ള വിശകലനത്തിലൂടെ ചൂഷണം എന്നത് തൊഴിലാളി- മുതലാളി വ്യക്തിബന്ധമല്ല, മുതലാളിവർഗം തൊഴിലാളിവർഗത്തിന് നേരെ നടത്തുന്ന വർഗചൂഷണമാണെന്നും വ്യക്തമാകുന്നു.

വർഗചൂഷണം വഴിമാത്രമെ മുതലാളിത്തത്തിന് നിലനിൽക്കാൻ കഴിയൂ. അതിനായി മിച്ചമൂല്യം കൂട്ടിക്കൊണ്ടിരിക്കണം. മിച്ചമൂല്യം രണ്ടുതരത്തിലുണ്ട്. ആപേക്ഷിക മിച്ചമൂല്യവും കേവലമിച്ചമൂല്യവും. കേവല മിച്ചമൂല്യം തൊഴിലാളിയുടെ ഒന്നുകിൽ മിച്ച ഉൽപാദന സമയം ദീർഘിപ്പിച്ചോ, അല്ലെങ്കിൽ ഉപജീവനകൂലികുറച്ചോ സംഘടിപ്പിക്കുന്നതാണ്. ഇത് രണ്ടും ഇന്നത്തെ കാലത്ത് പ്രയാസമാണ്. കാരണം തൊഴിലാളി സംഘടനകളുടെ പ്രതിരോധം തന്നെ. എന്നാൽ, ആപേക്ഷിക മിച്ചമൂല്യത്തിനായി തൊഴിലാളിയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാം. യന്ത്രവൽക്കരണവും പുതിയ സാങ്കേതികവിദ്യയുടെ ഉപയോഗവുമാണ് ഇതിനുള്ള മാർഗങ്ങൾ. ഇത് മിച്ച ഉൽപ്പാദനം വർദ്ധിപ്പിക്കും.

എന്നാൽ, ഇത് പലതരം പ്രതിസന്ധി കൾക്കിടയാക്കും. a) യന്ത്രത്തിന്റെ അനുപാതം കൂടുമ്പോൾ സജീവമായ അധ്വാനത്തിന്റെ (തൊഴിലാളിയുടെ) അനുപാതം (OCC) കുറയുന്നു; b) സമൂഹത്തിലെ കൂലി അഥവാ മൊത്തം ക്രയശേഷി കുറയുന്നു. c) യന്ത്രങ്ങൾ ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നു. അങ്ങനെ ഒരു ഭാഗത്ത് ഉൽപ്പാദനവർദ്ധന, മറുഭാഗത്ത് ക്രയശേഷിത കർച്ച. രണ്ടും ചേർന്ന് ചോദനതകർച്ച (Under Consumption), വിപണിത കർച്ച, സാമ്പത്തിക പ്രതിസന്ധി എന്നിങ്ങനെ.

മുതലാളിത്തം വളരണമെങ്കിൽ മിച്ചമൂല്യം കൂടണം. അതിനാകട്ടെ ചൂഷണനിരക്ക് കൂടണം എന്നാൽ, അതിനുള്ള മാർഗങ്ങൾ ആ വ്യവസ്ഥയെതന്നെ പ്രതിസന്ധിയിലാക്കുന്നു. മറ്റൊരർത്ഥത്തിൽ, മുതലാളിത്ത വ്യവസ്ഥ വളരുന്നതിനും ശക്തിപ്പെടുന്നതിനും അനുസരിച്ച് അതിനകത്തെ പ്രതിസന്ധികളും കൂടിവരുന്നു. മുതലാളിത്തത്തെ തകർക്കുന്ന ഘടകങ്ങൾ ആ വ്യവസ്ഥക്കകത്തു തന്നെ കരുത്താർജ്ജിക്കുന്നു എന്നർത്ഥം.

ഈ തകർച്ച/പ്രതിസന്ധി അനിവാര്യമാണെന്ന് മാർക്സ് പറയുന്നു/പ്രവചിക്കുന്നു. എന്നാൽ, മുതലാളിത്തത്തിന്റെ അതിജീവിനശേഷി, പ്രാങ്മുതലാളിത്ത വ്യവസ്ഥകളേക്കാൾ എത്രയോ ശക്തമാണ്. അത് സാങ്കേതികവിദ്യയെ സ്ഥിരം നവീകരിച്ച് ഒരു തലത്തിൽ നിന്ന് മറ്റൊന്നിലേക്ക് അതിന്റെ ഭാരം ഇറക്കിവെക്കാൻ ശ്രമിക്കുന്നു. പലപ്പോഴും വിജയിക്കുന്നു. ഇന്നത്തെ ലോകം അതിന് ഏറ്റവും നല്ല ഉദാഹരണമാണ്.

എന്നാൽ, ഇന്നത്തെ പോക്ക് ഒരു മഹാപ്രതിസന്ധിയിലേക്കാണെന്നാണ് അനുഭവം. സാമ്പത്തിക പ്രതിസന്ധി-പാരിസ്ഥിതിക പ്രതിസന്ധി-രണ്ടും മുതലാളിത്തം വരുത്തിവെച്ച/സൃഷ്ടിച്ചവ തന്നെയാണ്. ഇതിൽ നിന്നുള്ള അതിജീവനം എളുപ്പമല്ല. ഇത് കണക്കിലെടുത്തുകൊണ്ടുള്ള ഇടപെടൽ ആവശ്യമാണ്.

മുതലാളിത്തത്തിന്റെ സാമ്രാജ്യത്വഘട്ടത്തിലേക്കും നവലിബറൽ ചൂഷണത്തിലേക്കുമുള്ള വികാസമാണ് വർത്തമാനലോകം നേരിടുന്ന ദുരിതങ്ങളുടെയും സാമൂഹ്യമർദ്ദനങ്ങളുടെയും പരിസ്ഥിതിതകർച്ചയുടെയും യഥാർത്ഥകാരണം. മാർക്സിന്റെ മുതലാളിത്ത വിശകലനങ്ങളുടെ സാംഗത്യവും ചരിത്രസമീപനത്തിന്റെ പ്രസക്തിയുമാണ് മൂലധനത്തിന്റെ 150-ാം വാർഷികം ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ തെളിഞ്ഞുനിൽക്കുന്നത്. 2008-ൽ ആരംഭിച്ച മുതലാളിത്ത പ്രതിസന്ധിയും അത് ലോകജനതയുടെമേൽ ഉണ്ടാക്കിയിരിക്കുന്ന ആഘാതങ്ങളും മൂലധനത്തെയും മാർക്സിന്റെ മുതലാളിത്ത വിമർശനങ്ങളെയും കുറിച്ചുള്ള വായനകളും പഠനങ്ങളും സജീവമാക്കിയിട്ടുണ്ട്. മാർക്സാണ് ശരിയെന്ന് മുതലാളിത്ത പ്രതിസന്ധിയുടെ മൗലികകാരണങ്ങളെക്കുറിച്ചന്വേഷിക്കുന്നവർ ഇന്ന് തിരിച്ചറിയുന്നുണ്ട്.



# ബോൾഷെവിക് വിപ്ലവത്തിന്റെ ശതവാർഷികം

കെ. ഗോപാലൻകുട്ടി



എന്താണ് വിപ്ലവം? സമൂഹത്തിൽ ഘടനാപരവും സമൂലവുമായ മാറ്റങ്ങൾ പെട്ടെന്നുണ്ടാവുന്ന ഒന്ന് എന്ന് ലളിതമായി പറയാം. എന്നാൽ 1750കളിൽ തുടങ്ങി 1850കൾ വരെ നീണ്ട വ്യാവസായിക മാറ്റങ്ങളെ വിപ്ലവമെന്നുതന്നെയാണ് (Indtsurial Revolution) നാം വിശേഷിപ്പിക്കുക. രക്തപ്പുഴ ഒഴുകിയ ഫ്രഞ്ച് വിപ്ലവം (1789-95) പഴയതിനെ മുഴുവൻ മാറ്റിയില്ല, മുൻപുണ്ടായിരുന്ന പലതിന്റെയും തുടർച്ചകൾ പത്തൊമ്പതാം നൂറ്റാണ്ടിലെ ഫ്രാൻസിൽ കാണാം. 1688ൽ ഇംഗ്ലണ്ടിലുണ്ടായ സംഭവങ്ങളെ 'രക്തരഹിതവിപ്ലവം' എന്നാണ് വിശേഷിപ്പിക്കാറ് പതിവ്. അമേരിക്കൻ ഐക്യനാടുകളുടെ ജനനംകുറിച്ച സംഭവപരമ്പരയെ അമേരിക്കൻ വിപ്ലവമെന്ന് വിളിക്കുന്നു. ലളിതമായ നിർവ്വചനങ്ങളിൽ ഒതുങ്ങിനിൽക്കുന്ന ഒന്നല്ല വിപ്ലവമെന്ന് സാരം. എന്നാൽ മുൻ പറഞ്ഞതിൽ നിന്നെല്ലാം




ഭിന്നതപുലർത്തുന്ന ഒന്നാണ് ബോൾഷെവിക് അഥവാ ഒക്ടോബർ വിപ്ലവം. (സാറിസ്റ്റ് റഷ്യയിൽ ജൂലിയൻ കലണ്ടറാണ് നിലവിലുണ്ടായിരുന്നത്. അതിനാൽ റഷ്യയിൽ ഒക്ടോബറായപ്പോൾ ഗ്രിഗോറിയൻ കലണ്ടർ പിന്തുടർന്ന ഇടങ്ങളിൽ നവമ്പറായിരുന്നു) വെറുമൊരു അധികാരകൈമാറ്റമോ ഒരു പുതിയ വർഗത്തിന്റെ അധികാരമേൽക്കലോ അല്ല റഷ്യയിൽ ഉണ്ടായത്. സാധാരണ ജനങ്ങളെ ചരിത്രത്തിന്റെ ചാലകശക്തിയുള്ള, സ്വയംബോധമുള്ള പൗരന്മാരാക്കി മാറ്റിയ ഒന്നായിരുന്നു അത്. ഫ്യൂഡൽ സമ്പ്രദായത്തിന്റെ ക്ഷയത്തിനുശേഷം മുതലാളിത്ത സമ്പ്രദായം അനിഷേധ്യവിജയം കൈവരിച്ച് നിലയുറപ്പിച്ചപ്പോൾ ശക്തമായ ഒരു ബദൽ സാധ്യമാണ് എന്ന് തെളിയിച്ച ഒന്നായിരുന്നു ബോൾഷെവിക് വിപ്ലവം. അതുകൊണ്ട് തന്നെ ചരിത്രത്തിലെ ആദ്യ 'സോഷ്യലിസ്റ്റ് വിപ്ലവ'മെന്ന് ഇതിനെ രേഖപ്പെടുത്തുന്നു.

## സാറിസ്റ്റ് റഷ്യ

വിപ്ലവ പൂർവ്വറഷ്യ ഒരു വലിയ സാമ്രാജ്യമായിരുന്നു, പല രാജ്യങ്ങളുടെയും ഒരു സമുച്ചയം (Multi Nation State) യൂറോപ്പിനെ അപേക്ഷിച്ച് പിന്നാക്കം നിൽക്കുന്ന, വ്യവസായ വിപ്ലവം വൈകിവന്നതിനാൽ വേണ്ടത്ര വ്യവസായവൽക്കരണം നടക്കാത്ത ഒരു ദരിദ്രസാമ്രാജ്യം. ജനകീയസഭപോയിട്ട് ചെറിയതോതിൽ പോലും ജനഹിതം അറിയുവാനുള്ള സ്ഥാപനങ്ങൾ ഇല്ലാത്ത ഏകാധിപത്യഭരണം (antocracy) നിലനിന്നിരുന്ന സാമ്രാജ്യം.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യം, ജർമ്മനിയിൽ നിന്നും ഫ്രാൻസിൽ നിന്നും, ഇംഗ്ലണ്ടിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട്, അത്യാവശ്യം ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം നേടി ഉൽപതിഷ്ണുക്കളായ ഒരുപറ്റം പ്രഭുകമാരന്മാർ (ഇവർ 'ഇന്റലിജൻസിയ' - Intelligestnia ഇതൊരു റഷ്യൻ വാക്കാണ് - എന്നറിയപ്പെട്ടു.) റഷ്യയിൽ നിലനിന്ന അടിയാള വ്യവസ്ഥ (reform) മാറണമെന്നും, കൂടുതൽ മുതൽമുടക്ക് വ്യവസായത്തിലും കൃഷിയിലും വേണമെന്നും, പാശ്ചാത്യവിദ്യാഭ്യാസം പ്രചരിപ്പിക്കണമെന്നും, പ്രാതിനിധ്യ സ്വഭാവമുള്ള സഭകൾ ഉണ്ടാക്കണമെന്നും മറ്റും വാദിച്ചു. എന്നാൽ കാര്യമായ പരിഷ്കാരങ്ങൾ ഒന്നും തന്നെ റഷ്യയിൽ ഉണ്ടായില്ല എന്നതാണ് ചരിത്രം. പ്രജകളുടെ എതിർപ്പും അതൃപ്തിയും ഭീകരപ്രവർത്തനത്തിലൂടെയാണ് പ്രകടമായത്. പ്ലഹനോഫി (Plakhanov)നെപ്പോലുള്ള ചിന്തകർ വ്യക്തിഗതഭീകരപ്രവർത്തനങ്ങൾക്കപ്പുറം പോകാൻ ശ്രമിച്ചെങ്കിലും, രാഷ്ട്രീയമായി നരോദ്നിക്കു (Narodnik)കളാണ് അരങ്ങ് വാണത്.

1898 മാർച്ചിലാണ് റഷ്യൻ സോഷ്യൽ ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടി രൂപീകൃതമായത്. യോഗത്തിൽ പങ്കെടുത്ത പ്രതിനിധികൾ അറസ്റ്റിലായതിനാൽ കാര്യമായ മുന്നേറ്റങ്ങളൊന്നും ഉണ്ടാക്കാൻ ഈ സംഘടനയ്ക്കായില്ല. പരസ്യപ്പെടുത്തിയ മാനിഫെസ്റ്റോ പാശ്ചാത്യരാജ്യങ്ങളിൽ ബൂർഷ്വാ തൊഴിലാളികൾക്ക് ഭരണപങ്കാളിത്തവും, അഭിപ്രായ സ്വാതന്ത്ര്യവും സംഘടനാസ്വാതന്ത്ര്യവും നൽകിയപ്പോൾ റഷ്യയിൽ ഇതൊന്നും സംഭവിക്കുകയില്ല എന്ന് പരിതപിക്കുകയാണ് ചെയ്തത്.

എന്താണ് ചെയ്യേണ്ടത്? വ്ളാദിമിർ ഉല്യനോഫ്





(ലെനിൻ) 1902ൽ ഉന്നയിച്ച ഒരു ചോദ്യമാണ്. അരാജകത്വവാദികൾ (anarchtsis), ഭീകവാദികൾ (terroriss), കർഷകവിപ്ലവത്തിൽ വിശ്വാസമർപ്പിച്ചിരുന്നവർ, മാർക്സിസ്റ്റുകൾ, നിലവിലുണ്ടായിരുന്ന രാഷ്ട്രീയ കാഴ്ചപ്പാടുകൾ പലതായിരുന്നു. വിപ്ലവത്തിന്റെ ഘട്ടത്തെക്കുറിച്ചാണ് വലിയ അഭിപ്രായവ്യത്യാസം നിലനിന്നത്. കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ വിപ്ലവത്തിന്റെ വിവിധഘട്ടങ്ങളെ (stages)കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. അതുപ്രകാരം ഫ്യൂഡൽ സമ്പ്രദായത്തിന്റെ അവശിഷ്ടങ്ങളെയും രാഷ്ട്രീയ ഏകാധിപത്യത്തെയും തുടച്ചെറിഞ്ഞ്, ബൂർഷ്വാസി ജനാധിപത്യവും മുതലാളിത്തവും നടപ്പിലാക്കേണ്ടതുണ്ട്. തൊഴിലാളിവിപ്ലവം ഇതിനെ തുടർന്നാണ് ഉണ്ടാവേണ്ടത്. മുതലാളിത്തവ്യവസ്ഥിതിയുടെ കെടുതികൾ അനുഭവിച്ച രാജ്യത്ത് മാത്രമേ സോഷ്യലിസ്റ്റ് വിപ്ലവം വിജയിക്കുകയുള്ളൂ എന്ന് പല ഇടതുപക്ഷ ചിന്തകരും വിശ്വസിച്ചു. അതിനാൽ ആത്യന്തികമായി റഷ്യയിൽ മുതലാളിത്തം വികസിക്കേണ്ടതുണ്ട്. സോഷ്യലിസ്റ്റ് വിപ്ലവം ആദ്യം പടിഞ്ഞാറൻ യൂറോപ്പിൽ ഉണ്ടായി കിഴക്കോട്ട് വ്യാപിക്കുന്ന ഒന്നാകാം എന്ന് പലരും കരുതി. ഇവർക്ക് കർഷകരുടെ വിപ്ലവവീര്യത്തിൽ വലിയ വിശ്വാസമൊന്നുമുണ്ടായിരുന്നില്ല. ഇവരിൽ നിന്ന് വ്യത്യസ്ഥമായി ചിന്തിച്ചയാളായിരുന്നു ലെനിൻ. റഷ്യയിൽ മുതലാളിത്തം വളർച്ച പ്രാപിക്കുന്നുണ്ടെന്ന് അദ്ദേഹം കരുതി. ഈയൊരു സന്ദർഭത്തിൽ എന്താണ് ചെയ്യേണ്ടത് എന്ന് അദ്ദേഹത്തിന് തീർച്ചയുണ്ടായിരുന്നു. തൊഴിലാളികളുടെ ഒരു വിപ്ലവസംഘടനയുടെ രൂപീകരണമായിരുന്നു ഇതിൽ ആദ്യത്തേത്. ഇതൊരു സാധാരണ തൊഴിൽ സംഘടനയാവരുത്. രഹസ്യാത്മകവും പരിമിതമായ അംഗത്വവുമുള്ളതും കേന്ദ്രീകൃതവും കെട്ടുറപ്പുള്ളതുമായ ഒന്നാവണം. ഇങ്ങനെയൊരു സംഘടനയ്ക്കേ മുന്നിൽ നിന്ന് നയിക്കുവാൻ (Vanguard) കഴിയുകയുള്ളൂ. വിപ്ലവവിജയത്തിനായി കർഷകരെയും (ആദ്യഘട്ടത്തിൽ എല്ലാതരം കർഷകരും പിന്നീട് നിർധന കർഷകതൊഴിലാളികളും) കൂട്ടിച്ചേർക്കണമെന്നായിരുന്നു മറ്റൊരു പ്രധാനപ്പെട്ട നിർദ്ദേശം. ഇങ്ങിനെയൊരു സഖ്യം മാർക്സ് വിഭാവനം ചെയ്തിരുന്നുവോ എന്ന് അന്ന് പലരും സംശയം പ്രകടിപ്പിച്ചത് വേറെ കാര്യം.

ക്ലാസ്സിക്കൽ മാർക്സിസത്തിൽ നിന്നുള്ള ഈ വ്യതിയാനം ലെനിൻ വിശദീകരിച്ചതിങ്ങനെ: ഏകാധിപത്യത്തെ എതിർക്കുവാനുള്ള ശക്തി റഷ്യയിലെ ബൂർഷ്വാസിക്കില്ല. ഈ വർഗത്തെ ഉപരിബൂർഷ്വാസി, പെറ്റി ബൂർഷ്വാസി എന്നിങ്ങനെ രണ്ടായി വിഭജിക്കാം. ഇതിൽ പെറ്റി ബൂർഷ്വാസിയുമായി ഒരു സഖ്യമുണ്ടാക്കുവാൻ തൊഴിലാളികൾക്കും കർഷകർക്കും പ്രയാസമുണ്ടാവുകയില്ല. തൊതൊഴിലാളികളുടെയും കർഷകരുടെയും ഒരു വിപ്ലവ-ജനാധിപത്യ ഡിക്റ്റേറ്റർഷിപ്പ് നടപ്പിലാക്കുക എന്നതാണ് ഈ സഖ്യത്തിന്റെ ദൗത്യം.

വിസ്താരഭയത്താൽ 1905 വിപ്ലവത്തെപ്പറ്റി ഇവിടെ പ്രതിപാദിക്കുന്നില്ല. ഒന്നാം ലോകയുദ്ധത്തിൽ റഷ്യയും പങ്കാളിയായത് സ്ഥിതിഗതികൾ വഷളാക്കി. കടുത്ത ക്ഷാമം ജനങ്ങളെ വലച്ചു. തീവണ്ടിഗതാഗതം താറുമാറായത് ദുരിതങ്ങൾക്ക് ആക്കം കൂട്ടി. പെട്രോഗ്രാഡിലും മറ്റും പണിമുടക്കം, കലാപങ്ങളും പൊട്ടിപ്പുറപ്പെട്ടു. സൈനിക കലാപങ്ങളും ഉണ്ടായി. സാർചക്രവർത്തി അധികാരം ഒഴിയുകയും ഒരു താത്കാലിക സർക്കാർ നിലവിൽ വരികയും ചെയ്തു. ഇത് ഫെബ്രുവരി (മാർച്ച്) വിപ്ലവം എന്നറിയപ്പെടുന്നു.

1917 ഫിബ്രുവരി വിപ്ലവത്തോടെ മാറിയത് ബോൾഷെവിക് പാർട്ടിയാണ്. മുൻപ് നിലവിലുണ്ടായിരുന്ന പാർട്ടിയുടെ തുടർച്ച ഒക്ടോബറിനുശേഷം കാണാമെങ്കിലും അതിന്റെ വിപരീത (opposite)വും ഒരേസമയം കാണാവുന്നതാണ്. ഇതാണ് ലെനിന്റെ ഡയലക്ടിക്സ്. ഈ ലെനിനിസമാണ് മനുഷ്യമോചനത്തിനായുള്ള സമരങ്ങൾക്ക് ഏറ്റവും വലിയ പ്രചോദനമായി വർത്തിച്ചത്.

'കൃഷിഭൂമി കർഷകർക്ക്' എന്ന കാഹളം ബോൾഷെവിക്കുകാർ മുഴക്കി. ഇത് വലിയ തോതിൽ കർഷകരെ ബോൾഷെവിക് പാർട്ടിയോട് അടുപ്പിച്ചു. സൈനികരിലും മനംമാറ്റമുണ്ടായി. സൈനികർ അധികവും കർഷകകുടുംബങ്ങളിൽ നിന്നുള്ളവരായിരുന്നു- ലെനിന്റെ ഭാഷയിൽ 'യൂണിഫോമിട്ട കർഷകർ' (peasastn in uniform) അവരുടെ നിലപാടിൽ മാറ്റം വന്നു. 1905ഉം 1917ഉം തമ്മിലുള്ള വലിയ വ്യത്യാസം ഇതാണ്. 190ലെ കലാപകാലത്ത് സാർചക്രവർത്തിയോടുള്ള കൂറ് നിലനിർത്തിയ പട്ടാളക്കാർ, 1917ൽ സൈനികസേവനമുപേക്ഷിച്ച് രാഷ്ട്രീയപ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ തുടങ്ങി. ഇതോടെ ബോൾഷെവിക് പാർട്ടി വലിയതോതിലുള്ള പരിവർത്തനത്തിന് വിധേയമായി. ഇതാണ് ആഭ്യന്തരയുദ്ധത്തിൽ - ഇത് 1920 വരെ നീണ്ടു - വിജയം വരിക്കുവാൻ ബോൾഷെവിക്കുകാരെ സഹായിച്ചത്. മുതലാളിത്തവ്യവസ്ഥ ലോകവ്യാപക





മായതിനാൽ വിപ്ലവവും ആഗോളതലത്തിലാകുമെന്ന് പലരും പ്രത്യാശിച്ചു. എന്നാൽ മാർക്സിസ്റ്റുകാർ വിഭാവനം ചെയ്ത ലോകവിപ്ലവം 1917നെ തുടർന്നുണ്ടായില്ല. എങ്കിലും ചെറുതും വലുതുമായ ഒട്ടനവധി വിപ്ലവങ്ങൾ ലോകത്തിന്റെ പലയിടങ്ങളിൽ നിന്ന് പൊട്ടിപ്പുറപ്പെട്ടു. ഇവയെല്ലാം ബോൾഷെവിക് വിപ്ലവത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടവ തന്നെ. ബോൾഷെവിക് വിപ്ലവകാഹളം മുഴങ്ങിക്കേട്ട രാജ്യങ്ങളാണ് ജർമ്മനി, ബൾഗേറിയ, സ്പെയിൻ, ചൈന, ഇന്തോനേഷ്യ, ക്യൂബ എന്നിവ. ഫ്രഞ്ച് ഇന്തോ ചൈന (വിയറ്റ്നാം)യുടെ മോചനമാർഗം ഇതാണെന്ന് അന്ന് പാരീസിലായിരുന്ന ഹോചിമിൻ തിരിച്ചറിഞ്ഞത് ബോൾഷെവിക് വിപ്ലവത്തെപ്പറ്റി കൂടുതൽ മനസ്സിലാക്കിയതോടെയാണെന്ന് അദ്ദേഹം എഴുതിയിട്ടുണ്ട്. ഈജിപ്തിലും ഇറാഖിലും ബ്രിട്ടീഷ് മേൽക്കോയ്മക്കെതിരെ ജനകീയ സമരങ്ങൾ ഉയർന്നു. ഒരു പരിധിവരെ ഇത് ഈജിപ്തിൽ വിജയം കണ്ടെങ്കിലും ഇറാഖിൽ യുദ്ധവിമാനങ്ങളും മറ്റുമുപയോഗിച്ച് സമരം അടിച്ചമർത്തപ്പെട്ടു. മംഗോളിയയിൽ 1924ൽ ഒരു സോഷ്യലിസ്റ്റ് റിപ്പബ്ലിക് നിലവിൽ വന്നു. ഇതുകൂടാതെയായിരുന്നു വിമോചനസമരങ്ങൾക്ക് പ്രത്യക്ഷമോ പരോക്ഷമോ ആയ സോവിയറ്റ് പിന്തുണ. തുർക്കിയിൽ മുസ്തഫാ കമാൽ പാഷയുടെ നേതൃത്വത്തിൽ ഉയർന്ന സെക്കുലർ റിപ്പബ്ലിക്കിന് പിടിച്ചുനിൽക്കാനായത് ആ രാജ്യത്തിന് ലഭിച്ച സോവിയറ്റ് പിന്തുണകൊണ്ടായിരുന്നു.

## പ്രത്യാഘാതം

സാമ്രാജ്യത്വത്തിനെതിരെ ശക്തമായി നിലകൊള്ളുവാൻ ദേശീയവാദികളെ പ്രേരിപ്പിച്ച, ദേശീയ വിമോചനസമരങ്ങളെ അഗാധമായി സ്വാധീനിച്ച ഒന്നാണ് ബോൾഷെവിക് വിപ്ലവം. ഇന്ത്യയിൽ തൊഴിലാളികളെയും കർഷകരെയും അവരവരുടെതായ സംഘടനകൾ രൂപീകരിച്ച് സന്നദ്ധരാക്കണമെന്നും അങ്ങിനെ ദേശീയ പ്രസ്ഥാനത്തിന്റെ സാമൂഹിക അടിത്തറ വിപുലമാക്കണമെന്നുമുള്ള കാഴ്ചപ്പാട് ബോൾഷെവിക് വിപ്ലവത്തെ തുടർന്നാണ് ശക്തിയാർജ്ജിക്കുന്നത്. ലോകത്തിന്റെ വിവിധ ഇടങ്ങളിൽ ചിതറിക്കിടക്കുന്ന വിപ്ലവഭീകരവാദികൾ ഒന്നിച്ച് പ്രവർത്തിക്കുവാനുള്ള ശ്രമങ്ങൾ ബോൾഷെവിക് വിപ്ലവത്തെ തുടർന്നുണ്ടായി. മഹേന്ദ്രപ്രതാപ്, എം.എൻ.റോയ്, അബാനി മുഖർജി, വീരേന്ദ്രനാഥ് ചതോപാദ്ധ്യായ, ഭൂപേൻദത്ത് തുടങ്ങി ഒട്ടേറെപേർ സോവിയറ്റ് സന്ദർശിച്ചു. കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ നാലാം കോൺഫറൻസ് 1922ൽ മോസ്കോവിൽ വെച്ച് കൂടി. ഇന്ത്യക്കാരായ പലരും അതിൽ പങ്കെടുത്തിരുന്നു. ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ വേരുകൾ സോവിയറ്റ് യൂണിയനിലാണെന്നു പറയാം.

ബോൾഷെവിക് വിപ്ലവത്തിന് മുൻപുള്ളകാലം ചെറിയതോതിൽ തൊഴിലാളികളെ സംഘടിപ്പിക്കുവാനുള്ള ശ്രമങ്ങൾ ഇന്ത്യയിലുണ്ടായിരുന്നെങ്കിലും അവ



ഒറ്റപ്പെട്ട പ്രാദേശികശ്രമങ്ങളായി ഒതുങ്ങി. അഖിലേന്ത്യാതലത്തിൽ ഒരു തൊഴിലാളി സംഘടന - എ.ഐ.ടി.യു.സി. - രൂപീകൃതമാവുന്നത് ബോൾഷെവിക് വിപ്ലവത്തെ തുടർന്നാണ്. ഇത് ചെറുതും വലുതുമായ ഒട്ടേറെ പണിമുടക്കുകളിലേക്ക് നയിച്ചു.

1921ൽ എസ്.എ. ഡാങ്കേ 'ഗാന്ധി വേഴ്സസ് ലെനിൻ' എന്നൊരു പുസ്തകം പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിൽ ഗാന്ധിയുടെയും ലെനിന്റെയും തത്വചിന്തകളെ അദ്ദേഹം താരതമ്യം ചെയ്തു. വലിയ വ്യവസായശാലകൾ ദേശസാൽക്കരിക്കുകയും, സമ്പത്തിന് പരിധി നിശ്ചയിക്കുകയും, ജമീന്ദാരി നിലങ്ങൾ പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്യുകയും വേണമെന്ന്. അപ്പോൾ മാത്രമേ യഥാർത്ഥ സ്വരാജ്യം വന്നുചേരുകയുള്ളൂ എന്നും ഡാങ്കേ ഈ പുസ്തകത്തിൽ വ്യക്തമാക്കി.

1920കളിൽ ഇന്ത്യയിലെ പല ദേശീയവാദികളും സോവിയറ്റ് യൂണിയനെ ഒരു മാതൃകാരാജ്യമായി കണ്ടു. അവരിൽ പ്രമുഖനായിരുന്നു ജവഹർലാൽ നെഹ്റു. ഒരു ദേശീയവാദി എന്ന നിലയിൽ നിന്ന് അദ്ദേഹം സമഷ്ടിവാദത്തിൽ ആകൃഷ്ടനാവുകയും ശാസ്ത്രീയസോഷ്യലിസത്തിന്റെ പടിവാതിൽ വരെ (പിന്നീട് പടി പാതിചാരി തിരിച്ചുപോയി എങ്കിലും) എത്തുകയും ചെയ്തു. 1928ൽ അദ്ദേഹം സോവിയറ്റ് യൂണിയൻ സന്ദർശിക്കുകയുണ്ടായി. ഇന്ത്യയിൽ മടങ്ങി എത്തിയതിനുശേഷം പ്രസിദ്ധീകരിച്ച 'സോവിയറ്റ് റഷ്യ' എന്ന പുസ്തകത്തിൽ സോവിയറ്റ് യൂണിയനോടുള്ള അദ്ദേഹത്തിന്റെ ആരാധന പ്രകടമാണ്. 'അരിവാളിന്റെയും ചുറ്റികയുടേയും നാട്, വലിയവരുടെ സിംഹാസനങ്ങളിൽ കർഷകരും തൊഴിലാളികളും ഇരിക്കുന്നനാട്' എന്നാണദ്ദേഹം സോവിയറ്റ് യൂണിയനെ വിശേഷിപ്പിച്ചത്.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ ഒരു രാജ്യത്തിന്റെ മാത്രം പ്രശ്നമായി കാണാതെ ആഗോളപ്രശ്നമായും സാമ്രാജ്യത്വത്തിനെതിരെയുള്ള സമരത്തിന്റെ അവിഭാജ്യഘടകമായും കാണുവാൻ നെഹ്റുവിനെ പ്രേരിപ്പിച്ചത് സോവിയറ്റ് സ്വാധീനമായിരുന്നു. 1928ൽ ലോകമുതലാളിത്തം ഒരു സാമ്പത്തികമാന്ദ്യത്തിൽ അകപ്പെട്ടപ്പോൾ, കേന്ദ്രീകൃത ആസൂത്രണത്തിലൂടെ സോവിയറ്റ് യൂണിയൻ മുന്നേറിയത് അദ്ദേഹത്തിൽ വലിയ മതിപ്പുളവാക്കി. സ്വതന്ത്ര്യഇന്ത്യയിൽ പഞ്ചവത്സരപദ്ധതികൾ നടപ്പിലാക്കിയതിലും സോവിയറ്റ് സ്വാധീനം കാണാം.

ഇതേ കാലത്ത് ചൈനയിൽ സൺയാത്ത്സെൻ, ജന്മിത്വം അവസാനിപ്പിച്ച് കൃഷിക്കാർക്ക് തുല്യമായ രീതിയിൽ ഭൂമി വിതരണം ചെയ്യണമെന്നും, 'വിപ്ലവകരമായ പുനർനിർമാണ'മാണ് ചൈനയിൽ വേണ്ടതെന്നും നിലപാടെടുത്തതിലും ബോൾഷെവിക് വിപ്ലവത്തിന്റെ സ്വാധീനം പ്രകടമാണ്.

1930കളിൽ കേരളത്തിൽ ഇടതുപക്ഷസ്വാധീനം ശക്തമായി. കോൺഗ്രസ് സോഷ്യലിസ്റ്റുകാർ സോവിയറ്റ് യൂണിയനെ ഒരു മാതൃകാരാജ്യമായാണ് കണ്ടത്. 'സോവിയറ്റ് എന്നൊരു നാടുണ്ടത്രേ, പോകാൻ കഴിഞ്ഞെങ്കിൽ എന്തുഭാഗ്യം' എന്നവർ പാടിനടന്നു. സോവിയറ്റ് യൂണിയനിലെ സാർവ്വത്രികവിദ്യാഭ്യാസം, സ്ത്രീമുന്നേറ്റം, തൊഴിലില്ലായ്മയുടെ നിർമാർജ്ജനം, മറ്റ് ക്ഷേമരാഷ്ട്രപ്രവർത്തനങ്ങൾ - ഇവയെപ്പറ്റിയെല്ലാം 'മാതൃഭൂമി'യിലും 'പ്രഭാത'ത്തിലും അവർ ലേഖനങ്ങൾ എഴുതി. പൊതുയോഗങ്ങളിൽ പ്രസംഗിച്ചു. വിപ്ലവപൂർവ്വ റഷ്യയെ പോലെ തന്നെയാണ് ഇന്ത്യ എന്നും അവിടെ ഉണ്ടായതുപോലെ ഒരു വിപ്ലവം അധികം വൈകാതെ ഇവിടെയും ഉണ്ടാവുമെന്നും അവർ മുന്നറിയിപ്പുനൽകി.

സാഹിത്യത്തിലും ബോൾഷെവിക് വിപ്ലവത്തിന്റെ മാറ്റൊലികൾ മുഴങ്ങിക്കേട്ടു. 1919ൽ തന്നെ 'താൻ ഏതാണ്ട് ബോൾഷെവിക് തത്വങ്ങൾ സ്വീകരിച്ച ആളായി മാറി'യതായി പ്രേംചന്ദ് പറഞ്ഞിട്ടുണ്ട്. ഇതൊരു ഒറ്റപ്പെട്ട മാനംമാറ്റമായിരുന്നില്ല.

## സോവിയറ്റ് യൂണിയന്റെ പതനം

1991 ആവുമ്പോഴേയ്ക്കും പോളണ്ട്, ചെക്കോസ്ലോവാക്യ, ഹങ്കറി, റൊമേനിയ, ബൾഗേറിയ, കിഴക്കൻ ജർമ്മനി, യൂഗോസ്ലാവ്യ, അൽബേനിയ എന്നീ രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് ഭരണം അവസാനിച്ചു, സോവിയറ്റ് യൂണിയൻ ഇല്ലാതായി. 'സ്വപ്നങ്ങൾ നെയ്തെടുക്കുവാനുള്ള പാവുപോലും ഇല്ലാതായി' എന്നാണ് ഒരു ചിന്തകൻ വിലപിച്ചത്. എന്തുകൊണ്ട് സോവിയറ്റ് യൂണിയൻ വിഘടിച്ചു എന്നിവിടെ പരിശോധിക്കുന്നില്ല. പക്ഷേ പലരും ഉന്നയിക്കാത്ത ഒരു ചോദ്യം കൂടി ഉയർത്തേണ്ടതുണ്ട്, സോവിയറ്റ് യൂണിയന്റെ നേട്ടങ്ങളിൽ ഭ്രമിച്ച് അത് അനുകരണീയമാണെന്ന് വാദിക്കുന്നതും, മാർക്സിസ്റ്റ് തത്വങ്ങളിൽ അധിഷ്ഠിതമായ വിപ്ലവകാഴ്ച്ചപ്പാട് രൂപപ്പെടുത്തിയെടുക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. 1930കളിൽ മാർക്സിസ്റ്റ് ഗ്രന്ഥങ്ങൾ അധികം ലഭ്യമല്ലാത്ത അവസ്ഥയിലും (ആർക്കൈവ്സിലെ ഔദ്യോഗിക രേഖകളും, രഹസ്യപോലീസ് റിപ്പോർട്ടുകളും ബോൾഷെവിസത്തെ എത്ര ഭീതിയോടെയാണ് ബ്രിട്ടീഷ് സർക്കാർ വീക്ഷിച്ചത് എന്ന് വ്യക്തമാക്കുന്നു) ആശയങ്ങൾക്ക് കടലും മലനിരകളും കടന്ന് സഞ്ചരിക്കുവാൻ സാധിക്കും. പക്ഷേ ഈ ആശയങ്ങളുടെ ഉത്ഭവത്തിന് സാഹചര്യമൊരുക്കിയ അവസ്ഥാവിശേഷങ്ങൾക്ക് അങ്ങിനെ സഞ്ചരിക്കുവാൻ കഴിയില്ലല്ലോ. ഇത് എത്രപേർ തിരിച്ചറിഞ്ഞു എന്നുള്ളത് പ്രധാനപ്പെട്ട ചോദ്യമാണ്.

ശീതയുദ്ധത്തിന്റെ ആദ്യകാലങ്ങളിൽ പല കാര്യങ്ങളിലും സോവിയറ്റ് യൂണിയന് അമേരിക്കൻ ഐക്യനാടുകളെക്കാൾ വ്യക്തമായ മുന്നേറ്റമുണ്ടായിരുന്നു. ഇത് എഴുപതുകളോടെ നഷ്ടമായി. എന്നാൽ ഈ രണ്ടു രാഷ്ട്രങ്ങളെയും താരതമ്യം ചെയ്യുന്നത് ശരിയല്ല. തുറസ്സായ സ്ഥലവും പൊതുസമ്പത്തും കൊണ്ട് അനു



ഗ്രഹിതമായ അമേരിക്കൻ ഐക്യനാടുകൾക്ക് 'പടിഞ്ഞാറോട്ട് വ്യാപിക്കുവാൻ (Wtseward movement) കഴിയുമായിരുന്നു. അവിടുത്തെ ആദിമനിവാസികളായ അമേരിന്ത്യകളെയും ബൈസൺ എന്ന നാൽക്കാലിയെയും ഉന്മൂലനം ചെയ്താണ് ഈ വ്യാപനമുണ്ടായത് എന്നത് വേറെ കാര്യം. രണ്ടു ലോകയുദ്ധങ്ങളും വലിയ കെടുതികൾ അമേരിക്കയിൽ ഉണ്ടാക്കിയില്ല. അവിടെ ഒരു യുദ്ധമുന്നണി ഉണ്ടായിരുന്നില്ലല്ലോ. ഇതൊന്നുമായിരുന്നില്ല സോവിയറ്റ് യൂണിയന്റെ സ്ഥിതി. യുദ്ധക്കെടുതികൾ കൊണ്ട് പൊറുതിമുട്ടിയ ഒരു സാമ്രാജ്യമാണ് ബോൾഷെവിക് പാർട്ടിക്ക് കിട്ടിയത്. പിന്നീടുണ്ടായ കാർഷികവളർച്ചയും ദ്രുതഗതിയിലുള്ള വ്യവസായവത്ക്കരണവും ലോകചരിത്രത്തിൽ അദ്വിതീയമത്രെ. ഈ സാമ്പത്തികവളർച്ചയാണ് ജർമ്മൻ ആക്രമണത്തെ ചെറുത്തുതോല്പിക്കുവാൻ പര്യാപ്തമായ ഒരു രാഷ്ട്രമാക്കി സോവിയറ്റ് യൂണിയനെ മാറ്റിയത് 1943ൽ ജർമ്മനി നിർമ്മിച്ച പടക്കോപ്പുകളെക്കാൾ സോവിയറ്റ് യൂണിയന് അവ നിർമിക്കുവാൻ കഴിഞ്ഞു എന്നത് പല പാശ്ചാത്യചരിത്രകാരന്മാരും വിസ്മരിക്കുന്ന ഒരു വസ്തുതയാണ്. സാമ്രാജ്യത്വവാദിയായ വിൻസ്റ്റൺ ചർച്ചിൽ പറയുന്നതുപോലെയോ ഹോളിവുഡ് സിനിമകളില കാണുന്നതുപോലെയൊ അല്ലെ രണ്ടാം ലോകയുദ്ധ ചരിത്രം. രണ്ട് കോടി റഷ്യക്കാർ യുദ്ധത്തിൽ കൊല്ലപ്പെട്ടു. സോവിയറ്റ് മണ്ണിലാണ് നാസിസം നിർണ്ണായക തോൽവി ഏറ്റുവാങ്ങിയത്. (ബാറ്റിൽ ഓഫ് സ്റ്റാലിൻഗ്രാഡ് പോലെയുള്ള സിനിമകൾ പ്രചാരണം മാത്രമാണെന്ന് പറയുന്ന സിനിമാ നിരൂപകർ 'ജനറൽ പാറ്റൻ' ഉടങ്ങിയ സിനിമകളെ പ്രകീർത്തിക്കുന്നത് വേറെ കാര്യം)

യുദ്ധാനന്തരകാലത്തുണ്ടായ കോളനിമുക്ത (decolonisation) പ്രസ്ഥാനം ശക്തിയാർജ്ജിച്ചത് സോവിയറ്റ് യൂണിയൻ മൂലമാണ്. ലോകം ഇതുവരെ കണ്ടിട്ടില്ലാത്തത്ര വലിയ ക്ഷേമരാഷ്ട്രമാണ് സോവിയറ്റ് യൂണിയനിലുണ്ടായത്. ഇതെല്ലാം ചരിത്രത്തിന്റെ ഭാഗമാണ്, മായ്ച്ചുകളയാൻ പറ്റില്ല.

വിപണിയും ഉല്പന്നങ്ങളുടെ വിലയും എല്ലാ കാര്യങ്ങളും തീരുമാനിക്കുന്ന ഒരു സമ്പദ്ഘടനയിൽ, ദരിദ്രർ കൂടുതൽ ദരിദ്രരും ധനികര കൂടുതൽ ധനികരുമാവുന്നു. തൊഴിലില്ലായ്മ ഭീതിതമാംവണ്ണം വളരുന്നു, കോർപ്പറേറ്റ് താല്പര്യങ്ങൾക്ക് ദേശീയ താല്പര്യങ്ങളെക്കാൾ പ്രാധാന്യം ലഭിക്കുന്നു. ഇത്തരമൊരവസ്ഥയിൽ സോവിയറ്റ് യൂണിയനെപ്പറ്റി ഓർക്കുന്നത് നൊസ്റ്റാൾജിയ കൊണ്ടല്ല, മറിച്ച് മറ്റൊരു ലോകം സാധ്യമാണെന്ന തിരിച്ചറിവുകൊണ്ടുകൂടിയാണ്. ആർതർ റാൻസാ (Ranosme) റഷ്യയിലെ വിപ്ലവകരമായ മാറ്റങ്ങൾക്ക് ദൃക്സാക്ഷിയാണ്. പിന്നീട് ബാലസാഹിത്യത്തിൽ നിലയുറപ്പിച്ച അദ്ദേഹത്തെ ഒരു ഇടതുപക്ഷ അനുഭാവി എന്നുപോലും വിളിക്കുവാൻ കഴിയുകയില്ല. അദ്ദേഹം എഴുതി: 'പല പരുന്തുകളും പറന്നുയർന്നു. അവ ചിറകൊടിഞ്ഞ് പിന്നീട് നിലംപതിച്ചാലും പറന്നുയർന്ന വസ്തുത ഇല്ലാതാക്കുവാൻ പറ്റുകയില്ല. പറന്നുയർന്നതിലൂടെ അവർ ചരിത്രത്തിൽ മറ്റാരെക്കാളും ധീരമായ ഒരേടാണ് എഴുതിച്ചേർത്തത്.'

* *പതിനെട്ടുവർഷം എ.കെ.പി.സി.ടി.എ.യുടെ സജീവ പ്രവർത്തകനായിരുന്ന ലേഖകൻ ക്രിസ്ത്യൻ കോളേജ് ബ്രാഞ്ച് സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.*



# AYURVEDA EDUCATION IN INDIA – FACTS AND ISSUES

**Dr. Jeena N.J.**
VPSV Ayurveda College
Kottakkal



Ayurveda is an age old medical science evolved in India which has its origin in Vedas. It is greatly linked with Indian philosophy and culture and has been practiced since ancient times. This system of medicine which is already a part of our life is expanding its horizons to the west and getting more acceptances there. The gurukula system (staying with the teacher for learning) was slowly replaced by small educational institutions (known as padhasala) which were then replaced by Ayurveda Colleges. The first college were Ayurveda teaching was started was in Kolkata in the year 1827. In Kerala, the first Ayurveda College established was Government Ayurveda College, Trivandrum in the year 1889. Since 1940, many committees were constituted by our government from time to time for bringing up more and more reforms in the field. Among them, commentable reform was brought about by K.N.Udupa Committee in 1958 which gave importance to research along with education. In 1970, IMCC Act (Indian Medical Council Act) was established. In 1971, CCIM (Central Council for Indian Medicine), the apex body came into existence. Separate ministry for the welfare of Indian systems of medicine came into force in 2003 which was named as AYUSH (Ayurveda Unani Sidha Homoeopathy). Now AYUSH is a separate ministry which takes care of research, education and public health domains related to these systems of medicine.

Currently, there are about 275 Ayurveda Colleges in India under different universities offering undergraduate course (BAMS) and almost 150 colleges with post graduate courses. They are governed by CCIM, which is the apex body of Ayurveda education. CCIM formulates and imposes the norms and regulations which will be modified from time to time. The syllabus is also uniform throughout the country. Implementation of standard norms and uniform syllabus ought to have a positive transformation in the Ayurveda education sector. But surprisingly, the present scenario is not at all promising. The privatization of education, just like in other sectors, affected Ayurveda also to a great extent. The education which was confined to a



few Government and Aided colleges happened to be spread out to a large number of self-financing colleges. Mushrooming of colleges happened just because of the liberal policies and regulations which were formulated by the CCIM. Since they wanted to support many individuals or organizations for starting new colleges, the policies were so much liberalized that quality of education got compromised. During 1990s the minimum numbers of teaching staff required to start a new college were 90 which was reduced to just 35 numbers by 2005. Most of the new colleges do not have proper infrastructure or full time teaching faculty. Many teachers are present only in the roll book and they don't serve the institution properly. The students who get admission in such colleges happen to be denied of systematic teaching and guidance. The hospitals attached to the colleges also lack facilities and the students are unable to get clinical training too. CCIM members should have raised the standards, instead of reducing them, to increase the quality of education.

The number of Ayurveda graduates passing out each year has increased many folds which disrupted the demand supply ratio. Many graduates are deprived of proper placement or remuneration which leads to a state of unhappiness. The competition has doubled were as competency is reduced.

Another issue is the prevailing syllabus and curriculum which is quite haphazard. Even though the syllabus is subjected to modifications, it still doesn't suit the need of a fresh graduate. Many a time, syllabus is just for qualifying the exams, rather than moulding a practitioner. Clinical expertise is something which cannot be provided by the current syllabus. Incorporating the textbooks as such (called samhitas, eg: charaka samhita) instead of subjects in the syllabus is also debatable.

A medical science like Ayurveda has got regional peculiarities or specialties in the case of drugs, treatment procedures etc. Regional textbooks are available in different states. In the unified syllabus, such specialized treatments are not given importance. The syllabus is prepared at par with modern medicine, incorporating both. Integrated type of medicine is practiced by Ayurveda doctors of Rajasthan, Maharashtra, Karnataka, Uttarakhand etc. While in Kerala pure Ayurveda is given utmost importance. Even though, Surgery is part of the present syllabus (S in BAMS stands for Surgery), in Kerala and many such states, it is not permitted. This creates a lot of problems during the course period as well as internship (compulsory training). Students usually face opposition from the doctors of Modern medicine which creates a turbid atmosphere in the government allopathic hospitals where the training is scheduled.

All these issues should be taken into consideration and critical analysis of each problem should be done at the level of government, CCIM, universities as well as affiliated colleges. Some workshops, seminars, discussions etc. should be initiated so as to address each issue. Government should give more importance to Ayurveda education and research, taking into consideration that it's a science native to India. The western countries are keenly observing the development of Ayurveda since they have started to accept it very much more than an alternative system of medicine.

# ഹോമിയോപ്പതി, ആരോഗ്യ പരിപാലന രംഗത്തെ പുതിയ വെളിച്ചം

## ഹോമിയോപ്പതിയുടെ ഉത്ഭവം

ആയുർവ്വേദം ക്രിസ്തുവിന് 5000 വർഷം മുമ്പും,അലോപ്പതി ചികിൽസാ സമ്പ്രദായം ബി.സി.500 ലുമാണ് ഉദയം കൊണ്ടത് .അലോപ്പതി ചികിൽസാ സമ്പ്രദായത്തിൽ അന്നത്തെ നിലയിൽ ഉന്നത യോഗ്യതയുണ്ടായിരുന്ന ജർമ്മൻ ഡോക്ടറായിരുന്ന ഡോ .സാമുവൽ ഹാനിമാനാണ് ഹോമിയോപ്പതി എന്ന ചികിൽസാ രീതിയുടെ ഉപജ്ഞാതാവ്. 1810 ലാണ് ഹോമിയോപ്പതിയുടെ ആധികാരിക തത്വങ്ങളടങ്ങുന്ന ഗ്രന്ഥമായ "ഓർഗനോൺ ഓഫ് മെഡിസിൻ" ആദ്യമായി പ്രസിദ്ധീകരിച്ചത്. അതായത് ആയുർവ്വേദത്തിന് 7000 വർഷവും, മോഡേൺ മെഡിസിൻ എന്നറിയപ്പെടുന്ന അലോപ്പതിക്ക് 2500 വയസ്സും പ്രായമുള്ളപ്പോൾ ഹോമിയോപ്പതി ചികിൽസക്ക് 206 വയസ്സ് മാത്രമേ പ്രായമുള്ളു എന്നർത്ഥം. ഹോമിയോപ്പതി ചികിൽസ സമ്പ്രദായം രൂപം കൊണ്ടപ്പോൾ തന്നെ ഇതിനെതിരായ വിവാദങ്ങളും ഉടലെടുത്തിരുന്നു. എന്നാൽ ജന്മം മുതൽ ഇന്നുവരെ ഇടതടവില്ലാതെ വിമർശനങ്ങളേയും പ്രതിരോധങ്ങളേയും നേരിട്ട് ഹോമിയോപ്പതി ചികിൽസ ശാസ്ത്രം വളരുകയും നിലനിൽക്കുകയും ചെയ്യുന്നത് തീർച്ചയായും അതിന്റെ ഫല പ്രാപ്തി കൊണ്ടു മാത്രമാണെന്ന് പറയാതെ വയ്യ.



അടിസ്ഥാന പരമായി അലോപ്പതി ചികിൽസയും ഹോമിയോപ്പതി ചികിൽസയും വ്യത്യസ്ഥമായിരിക്കുന്നത് രോഗകാരണങ്ങളെ നിർവചിക്കുന്നതിലുള്ള സമീപനത്തിലും, മരുന്നുകളുടെ

**ഡോ. ജെ.ഹരികൃഷ്ണപിള്ള**
പ്രൊഫസർ, കമ്മ്യൂണിറ്റി
മെഡിസിൻ ഡിപ്പാർട്ടുമെന്റ്





പ്രയോഗത്തിന് അടിസ്ഥാനമാക്കിയിരിക്കുന്ന തത്വങ്ങളിലുമാണ്.

## കേരളത്തിലെ ഹോമിയോപ്പതിയുടെ ചരിത്രം

കേരളത്തിൽ ഹോമിയോപ്പതി ചികിൽസാ സമ്പ്രദായം അവതരിപ്പിച്ചത് ക്രിസ്ത്യൻ മിഷനറിമാരാണ്. ഏകദേശം 116 വർഷം മുമ്പാണ് ഇത് സംഭവിച്ചത്. അക്കാലത്ത് തിരുവിതാംകൂറിലുണ്ടായ കോളറാ രോഗത്തിന്റെ അനിയന്ത്രിതമായ പകർച്ച നിയന്ത്രിക്കുന്നതിൽ ഹോമിയോപ്പതി വിജയിച്ചു. ശ്രീമൂലം തിരുനാൾ ശ്രീ ചിത്തിര തിരുനാൾ എന്നീ രാജാക്കൻമാർക്ക് ഹോമിയോപ്പതിയുടെ ഫലപ്രാപ്തി ബോധ്യപ്പെട്ടു. അതുകൊണ്ടു തന്നെ 1928ൽ ഇന്ത്യയിലാദ്യമായി തിരുവിതാംകൂറിൽ ഹോമിയോപ്പതി ഒരു ചികിൽസാ സമ്പ്രദായമായി അംഗീകരിച്ചു. അന്നത്തെ പ്രജാ സഭാംഗമായിരുന്ന ഡോ. എം.എൻ.പിള്ള ഇക്കാര്യത്തിനായി ഒരു പ്രമേയം അവതരിപ്പിക്കുകയും അത് സഭ പാസ്സാക്കുകയുമായിരുന്നു. 1943 ൽ തിരുവിതാംകൂർ സർക്കാർ മെഡിക്കൽ പ്രാക്ടീഷനേഷ്സ് നിയമം പാസ്സാക്കുകയും ഹോമിയോപ്പതിക്ക് മറ്റു ചികിൽസാ സമ്പ്രദായങ്ങൾക്കൊപ്പം തുല്യ പ്രാധാന്യം നൽകുകയും ചെയ്തു. 1953 ലെ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷനേഴ്സ് ബിൽ പാസ്സാക്കിയപ്പോൾ ഹോമിയോപ്പതിയെയും അതിൽ ഉൾപ്പെടുത്തി.

എന്നാൽ ഇന്ത്യലാകെ ഹോമിയോപ്പതി വിദ്യാഭ്യാസത്തിന് ഒരു ഏകീകൃത രൂപം വന്നത് 1973ലെ കേന്ദ്ര ഹോമിയോപ്പതി കൗൺസിൽ ആക്റ്റ് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയതോടുകൂടിയാണ്. 1920 ൽ എറണാകുളത്ത ഡോ.പടിയാർ കുടുബം നടത്തി വന്ന റോയൽ കോളേജ് ഓഫ് ഹോമിയോപ്പതിക് ഫിസിഷ്യൻസ് എന്ന സ്ഥാപനം LRCHP (Licentiate of Royal College of Homoeopathic Physicians) എന്ന യോഗ്യത നൽകിയിരുന്നു. അതിനു ശേഷം മേൽ കോളേജ് ഡോ. പടിയാർ മെമ്മോറിയൽ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് എന്ന പേരിൽ വിവിധ ഘട്ടങ്ങളിലായി ഉങ്ങ കോഴ്സും (Diploma in Homoeopathic Medicine), DHMS കോഴ്സും (Diploma in Homoeopathic Medicine and Surgery), BHMS കോഴ്സും (Bachelor of Homoeopathic Medicine and surgery) നടത്തി വരുന്നു. നിലവിൽ ആങ്ങട കോഴ്സ് മാത്രമാണ് ഇവിടെ നടത്തുന്നത്. ഇതിനിടയിൽ 1958ൽ കോട്ടയത്ത് ആതുരാശ്രമം ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് കേരള സർക്കാരിന്റെ അംഗീകാരത്തോടെ ഹോമിയോപ്പതി വിദ്യാഭ്യാസം ആരംഭിക്കുകയുണ്ടായി. ഇതിനോടൊപ്പം 1965 ൽ തിരുവനന്തപുരത്ത് ട്രിവാൻഡ്രം ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് എന്നപേരിൽ ആരംഭിച്ച കോളേജ് 1978 മുതൽ ശ്രീ വിദ്യാധിരാജാ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് എന്ന പേരിൽ പ്രവർത്തനം നടത്തി വരുന്നു. മേൽ കോളേജുകളിലെല്ലാം നിലവിൽ ആങ്ങട കോഴ്സ് മാത്രമാണ് നടത്തുന്നത്. ഇതെല്ലാം തന്നെ 2010 മുതൽ കേരളാ ആരോഗ്യ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്നു. 1973ലെ കേന്ദ്ര ഹോമിയോപ്പതി കൗൺസിൽ ആക്റ്റ് നിലവിൽ വരുന്നതുവരെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ ഹോമിയോപ്പതി വിദ്യാഭ്യാസം നടത്തിവന്നത് അതാതു സംസ്ഥാനങ്ങൾ രൂപം കൊടുത്ത വിവിധ സംസ്ഥാന ബോർഡുകളുടെ

നിയമങ്ങൾക്കനുസരിച്ചും നിയന്ത്രണത്തിനുമായിരുന്നു. മേൽപ്പറഞ്ഞ കേന്ദ്ര ആക്ട് വന്നപ്പോൾ അതുവരെ സംസ്ഥാന സർക്കാരുകൾ നൽകി വന്ന എല്ലാ യോഗ്യതകളും കേന്ദ്ര കൗൺസിലിന്റെ അംഗീകൃത യോഗ്യതാ പട്ടികയിൽ ഉൾപ്പെടുത്തി. 1973ലെ കേന്ദ്ര ഹോമിയോപ്പതി കൗൺസിൽ ആക്ട് നിലവിൽ വന്ന ശേഷം 1976 ൽ കോഴിക്കോട് സർക്കാർ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആരംഭിക്കുകയും ഇന്ത്യയിൽ ആദ്യമായി BHMS കോഴ്സ് ആരംഭിക്കുകയും ചെയ്തു. അതിനുശേഷം 1983ലാണ് സർക്കാർ മേഖലയിൽ രണ്ടാമത്തെ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചത്. ഹോമിയോ ചികിൽസ ഇതിനിടയിൽ ഇന്ത്യയിലാകമാനം വളർച്ച പ്രാപിക്കുകയും കേരളത്തിൽ മറ്റു ചികിൽസാ സമ്പ്രദായങ്ങൾക്കൊപ്പം പൊതുജനങ്ങൾ പരിഗണിക്കുന്ന സ്ഥിതിയിലെത്തുകയും ചെയ്തു. ഹോമിയോപ്പതി ചികിൽസാ സമ്പ്രദായത്തിനുള്ള വളർച്ച സ്വാഭാവികമായും ഹോമിയോപ്പതി വിദ്യാഭ്യാസത്തിന്റെ വളർച്ചക്കും ആക്കം കൂട്ടി. ഇതിന്റെ അടിസ്ഥാനത്തിൽ 1989 ലെ പി.ജി. റഗുലേഷനിലൂടെ കേന്ദ്ര ഹോമിയോപ്പതി കൗൺസിൽ ഹോമിയോപ്പതിയിൽ ബിരുദാനന്തര ബിരുദപഠനത്തിന് വഴി തുറന്നു. നിലവിൽ 11000 ത്തോളം യോഗ്യരായ ഹോമിയോപ്പതി ഡോക്ടർമാരാണ് കേരളത്തിലുള്ളത്.

## ഹോമിയോപ്പതിയുടെ ശാസ്ത്രീയത

ഹോമിയോപ്പതിയെ അറിഞ്ഞും അറിയാതെയും വിമർശിച്ചവർ നാളിതുവരെ ഹോമിയോപ്പതി ചികിൽസയെ വിമർശിച്ചത് ഹോമിയോപ്പതി മരുന്നുകളിലുള്ള ദ്രവ്യത്തിന്റെ അഭാവത്തെ അടിസ്ഥാനപ്പെടുത്തിയാണ്. എന്നാൽ ശാസ്ത്രത്തിന്റെ മുന്നേറ്റത്തിൽ രൂപം കൊണ്ടിരിക്കുന്ന "നാനോ" സാങ്കേതിക വിദ്യ ഹോമിയോപ്പതിയുടെ ശാസ്ത്രീയതക്ക് തെളിവു നൽകുന്നു. ഹോമിയോപ്പതി മരുന്നുകളിൽ ദ്രവ്യം ഉണ്ടെന്നു മാത്രമല്ല അതു ശരീര കോശങ്ങളിൽ ആഴ്ന്നിറങ്ങുന്നതിന് മറ്റു മരുന്നുകളെക്കാൾ ആയിരം മടങ്ങ് പ്രാപ്തമാണെന്നും ശാസ്ത്രീയ അടിത്തറയുള്ള ഗവേഷണങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഇത്തരം ഗവേഷണഫലങ്ങൾ പ്രചരിപ്പിക്കുന്നത് ബോധപൂർവ്വം തടഞ്ഞു വയ്ക്കുന്നത് ഈ രംഗത്തെ വ്യവസായ താൽപ്പര്യങ്ങളാണ്.

## ഹോമിയോപ്പതിയുടെ സാധ്യതകൾ

രോഗ പ്രതിരോധമാണ് രോഗചികിൽസയേക്കാൾ അഭികാമ്യമെന്ന തത്വം എല്ലാ ചികിത്സാ സമ്പ്രദായങ്ങളും ഒരുപോലെ അംഗീകരിക്കുന്ന കാര്യമാണ്. എന്നാൽ ഇക്കാര്യത്തിൽ ഓരോ ചികിത്സാ ശാസ്ത്രങ്ങൾക്കും അതിന്റേതായ തത്വങ്ങളുണ്ട്.അടിസ്ഥാനപരമായി എല്ലാ ചികിത്സാ സമ്പ്രദായങ്ങളും വ്യത്യസ്തമായിരിക്കുന്നത് അവ ഉപയോഗിക്കുന്ന മരുന്നുകളുടെ സവിശേഷ സ്വഭാവങ്ങളിലും അതുണ്ടാക്കിയിരിക്കുന്ന തത്വങ്ങളിലുമാണ്. പ്രതിരോധചികിത്സാരംഗത്ത് ഹോമിയോപ്പതിയുടെ സാധ്യതകളാണ് ഇവിടെ അവതരിപ്പിക്കുന്നത്.

കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭൂരിഭാഗം പകർച്ചവ്യാധികളും വൈറസ് ബാധമൂലമാണെന്നതിനാൽ ആന്റിബയോട്ടിക്കുകൾ പോലുള്ള ഔഷധങ്ങൾ ഇതിനെ ചികിത്സിക്കുന്നതിൽ ഫലപ്രദമാകുന്നില്ല. ഈ വൈറസുകൾക്ക് കൂടെക്കൂടെ ഉണ്ടാകുന്ന ജനിതക മാറ്റങ്ങൾ മൂലം ഫലപ്രദമായ വാക്സിനുകൾ വികസിപ്പിക്കാനും വൈഷമ്യം നേരിടുന്നു.എന്നാൽ ഈ ദശകത്തിലുണ്ടായ പകർച്ചവ്യാധികൾ ചികിത്സിക്കുന്നതിനും പ്രതിരോധിക്കുന്നതിനും ഹോമിയോപ്പതിചികിത്സ വളരെ ഫലപ്രദമാണെന്ന് അനുഭവങ്ങളിൽ നിന്നും ശാസ്ത്രീയ പഠനങ്ങളിൽ നിന്നും മനസ്സിലായി കഴിഞ്ഞു.



കേരളത്തിലെ വർദ്ധിച്ചു വരുന്ന നഗരവൽക്കരണത്തിന്റേയും വ്യവസായ വൽക്കരണത്തിന്റേയും ഫലമായി കൊതുകുജന്യ രോഗങ്ങളും ജലജന്യ രോഗങ്ങളും ആരോഗ്യ രംഗത്തെ പ്രധാന വെല്ലുവിളിയായി നിലനിൽക്കുന്നു. ഡങ്കിപ്പനി, ചിക്കൻ ഗുന്യ, പക്ഷിപ്പനി, ജപ്പാൻജ്വരം, കോളറാ, ടൈഫോയിഡ് , മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾ ഇവയിൽ പ്രധാനങ്ങളാണ്.ഈ സാഹചര്യത്തിൽ ഹോമിയോപ്പതിയുടെ പ്രതിരോധ ചികിത്സാ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയെന്നത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്.

നിലവിൽ ഹോമിയോപ്പതി പ്രതിരോധചികിത്സ നേരിടുന്ന പ്രതിസന്ധി പൊതുജനങ്ങളുടെഇടയിലുള്ള തെറ്റിദ്ധാരണകളുംഭീതിയുമാണ്.ഇതുമൂലംഹോമിയോപ്പതിയിൽഫലപ്രദമായചികിത്സയുള്ളതുംപ്രതിരോധചികിത്സയുള്ളതുമായ രോഗങ്ങൾക്കുപോലും പൊതുജനങ്ങൾ ഹോമിയോപ്പതി ചികിത്സാ കേന്ദ്രങ്ങളെ സമീപിക്കുന്നില്ല. പകർച്ചവ്യാധികൾ പടർന്നു പിടിക്കുമ്പോൾ ഈ രോഗങ്ങളുടെ സവിശേഷതകളെക്കുറിച്ച് പഠിച്ചാൽ മാത്രമേ ഫലപ്രദമായ ഹോമിയോപ്പതി പ്രതിരോധ ഔഷധം കണ്ടെത്താൻ കഴിയൂ. എന്നാൽ ഭീതിമൂലം രോഗികളിൽ മഹാഭൂരിഭാഗവും മറ്റുചികിത്സാ സമ്പ്രദായങ്ങൾ തേടിപ്പോകുന്ന അവസ്ഥയുണ്ട്. ഇതു പരിഹരിക്കുന്നതിന് സർക്കാരിന്റെ നേതൃത്വത്തിൽ തന്നെ ഹോമിയോപ്പതി ചികിത്സയുടെ ഫലപ്രാപ്തിയെക്കുറിച്ചും സാധ്യതകളെക്കുറിച്ചും പ്രചാരണം നടത്തണം.



കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ആയുഷ് ഡിപ്പാർട്ടുമെന്റ് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. രണ്ടാമതായി പകർച്ചവ്യാധി ബാധിച്ച് മറ്റു ചികിത്സാ സമ്പ്രദായങ്ങളിൽ ചികിത്സയിലിരിക്കുന്ന രോഗികളെ ക്കുറിച്ച് ഹോമിയോപ്പതി ഡോക്ടർമ്മാർക്ക് പഠിക്കുന്നതിനുള്ള അവസരം ഉണ്ടാക്കണം. പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്ന അവസരങ്ങളിൽ അലോപ്പതി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഹോമിയോ പ്രതിരോധ മരുന്നുകൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനവും സാഹചര്യവും ലഭ്യമാക്കണം. ചൈന പോലുള്ള രാജ്യങ്ങളിൽ അവിടെ നിലവിലുള്ള എല്ലാ ചികിത്സാ രീതികളും ഒരേ കുടക്കീഴിൽ ലഭ്യമാണ്. ഈ സംവിധാനം കേരളത്തിൽ നടപ്പിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ജനങ്ങൾക്ക് തങ്ങൾക്കനുയോജ്യമായ ചികിത്സാ രീതി തിരഞ്ഞെടുക്കുവാൻ കഴിയും .മാത്രമല്ല വിവിധ ചികിത്സാ സമ്പ്രദായങ്ങളിലെ ഡോക്ടർമാർക്ക് പരസ്പരം ആശയവിനിമയത്തിന് അവസരമൊരുങ്ങുകയും ചെയ്യും. പകർച്ചവ്യാധികളെ നേരിടുന്നതിനുവേണ്ടി ഹോമിയോപ്പതി വകുപ്പിനു കീഴിൽ രൂപീകരിച്ചിരിക്കുന്ന "റാപ്പിഡ് ആക്ഷൻ എപ്പിഡെമിക് സെൽ- ഹോമിയോപ്പതി" കൂടുതൽ ഫലപ്രദമായി പുനസംഘടിപ്പിക്കുകയും വിപുലപ്പെടുത്തുകയും വേണം . ഈ സംവിധാനത്തിന് ജില്ലാടിസ്ഥാനത്തിൽ ആധുനിക സൗകര്യങ്ങളുള്ള മൊബൈൽ യൂണിറ്റുകൾ നൽകേണ്ടതാണ്. ഹോമിയോ ചികിത്സാ കേന്ദ്രങ്ങളെ ത്രിതല സംവിധാനത്തിൽ പുനസംഘടിപ്പിച്ച് ഓരോ തലത്തിലും അനുയോജ്യമായ ആധുനിക ഉപകരണങ്ങളും സാങ്കേതിക വിദഗ്ദൻമ്മാരേയും നൽകണം . ഇവിടെ ജോലിചെയ്യുന്ന ഹോമിയോപ്പതി ഡോക്ടർമാർക്ക് അടിയന്തിര ചികിത്സാ രീതികളിൽ മതിയായ പരിശീലനം നൽകണം.

## രോഗ ചികിൽസയിലെ സാധ്യതകൾ

ഗവേഷണം വളരെ കാര്യമാത്രം നടന്നിട്ടുള്ള ഹോമിയോപ്പതി ചികിൽസ മറ്റ് ഒരു ചികിൽസയും ഫലിക്കാത്ത നിരവധി രോഗങ്ങൾ ഭേദമാക്കി അറിയിച്ചിട്ടുണ്ട്. ഇതിൽ ക്യാൻസർ, ഡയബറ്റിക് ഗാംഗ്രീൻ എന്നിവ ചിലതു മാത്രമാണ്. ബാക്ടീരിയ, വൈറസ് എന്നീ രോഗ കാരണങ്ങളോ ശരീരത്തിലെ ലബോറട്ടറി പരിശോധന വഴി കണ്ടു പിടിക്കാവുന്ന മറ്റു രോഗ കാരണങ്ങളോ കണ്ടെത്താനായില്ലെങ്കിൽ പ്രതിസന്ധിയിലാകുന്ന അലോപ്പതിയിൽ നിന്നും വ്യത്യസ്തമായി രോഗ ലക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ മരുന്നുകൾ നൽകാൻ കഴിയുന്ന ഹോമിയോപ്പതി ചികിൽസ എന്നും ആരോഗ്യ സംരക്ഷണ രംഗത്ത് സവിശേഷ വ്യക്തിത്വമാണ്. മറ്റൊരു ചികിൽസാ സമ്പ്രദായത്തിനും തൃപ്തികരമായി കൈകാര്യം ചെയ്യാൻ കഴിയാത്ത പല ആരോഗ്യ പ്രശ്നങ്ങൾക്കും ഹോമിയോപ്പതിയിൽ പരിഹാരമുണ്ട്. ആധുനിക രോഗ നിർണയമാർഗങ്ങൾ ഉപയോഗപ്പെടുത്തി രോഗ നിർണയം നടത്തിയും ഹോമിയോപ്പതി ചികിൽസ ചെയ്യാവുന്നതാണ്. അന്യ ചികിൽസകളെ അപേക്ഷിച്ച് വളരെ ചിലവു കുറഞ്ഞതും പാർശ്വഫലങ്ങളില്ലാത്തതുമായ ഹോമിയോപ്പതി ചികിൽസാ രീതിയെ പൊതുജനാരോഗ്യ രംഗത്ത് പ്രോൽസാഹിപ്പിക്കേണ്ടതുണ്ട്.

## പ്രതിരോധ ചികിൽസാരംഗത്തെ സാധ്യതകളും പരിമിതികളും

അലോപ്പതി ശാസ്ത്രപ്രകാരം പകർച്ച വ്യാധികളായ രോഗങ്ങൾക്കുകാരണം ബാക്ടീരിയ, വൈറസ് തുടങ്ങിയ ജീവാണുക്കളും അല്ലാത്ത രോഗങ്ങൾക്കുകാരണം ശരീരത്തിലെ വിവിധ അവയവങ്ങളുടെ പ്രവർത്തനങ്ങളിലുള്ള മാറ്റം മൂലം ഉണ്ടാകുന്ന വിവിധ രാസപ്രവർത്തനങ്ങളുടെ താളം തെറ്റലാണ്. ഇതിനു കാരണമായി മനുഷ്യന്റെ ജീവിതശൈലിയും ആന്തരികവും ബാഹികവുമായി അവൻ പരിസ്ഥിതിയുമായുണ്ടാക്കുന്ന അസംതുലിതാവസ്ഥയും കാരണമായി ചൂണ്ടിക്കാണിക്കുന്നു. ആധുനിക പഠനങ്ങളുടെ അടിസ്ഥാനത്തിൽ രോഗങ്ങളുടെ ജനിതക ബന്ധവും അലോപ്പതി ശാസ്ത്രം അംഗീകരിച്ചിട്ടുണ്ട്. ഹോമിയോപ്പതിയാകട്ടെ രോഗങ്ങൾക്കു കാരണമായി പറയുന്നത് മനുഷ്യന്റെ ശരീരത്തേയും മനസ്സിനേയും അതിന്റെ സാധാരണ പ്രവർത്തനങ്ങൾക്ക് സുസാധ്യമാകും വിധം നിർണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ജീവശക്തിയുടെ ( വൈറ്റൽ ഫോഴ്സ്) വിവിധ തലത്തിലും നിലവാരത്തിലുമുള്ള വ്യതിയാനങ്ങളാണ് എന്നാണ്. ഇത്തരം വ്യതിയാനങ്ങൾക്ക് കാരണമായി പറയുന്നകാര്യങ്ങളിൽ അലോപ്പതി ചികിൽസാ സമ്പ്രദായവുമായി ഒട്ടേറെ കാര്യങ്ങളിൽ ഹോമിയോപ്പതി സമ്പ്രദായത്തിന് യോജിപ്പുമുണ്ട്. മേൽപ്പറഞ്ഞ വസ്തുതകൾ പരിശോധിക്കുമ്പോൾ പകർച്ചവ്യാധികളുടേയും മറ്റ് തരത്തിലുള്ള രോഗങ്ങളുടേയും ചികിൽസയിലും പ്രതിരോധത്തിലും വ്യത്യസ്തമായ സമീപനങ്ങൾ ആവശ്യമാണ്. പകർച്ച വ്യാധികളുടെ കാര്യത്തിൽ ബാക്ടീരിയ,വൈറസ്, പാരസൈറ്റുകൾ എന്നിവയുടെ സാന്നിധ്യം വ്യക്തമാണ്. അതുകൊണ്ട് പകർച്ച വ്യാധികളെ പ്രതിരോധിക്കുന്നതിൽ അലോപ്പതി ചികിൽസാ സമ്പ്രദായത്തിന്റേയും ഹോമിയോപ്പതി ചികിൽസാ സമ്പ്രദായത്തിന്റേയും സമീപനം പരിശോധിക്കേണ്ടതുണ്ട്. അലോപ്പതി ഇക്കാര്യത്തിൽ വാക്സിനുകളെ ഉപയോഗപ്പെടുത്തുന്നു. 1796 ൽ ഇംഗ്ളണ്ടു കാരനായ

ഡോക്ടറും ശാസ്ത്രജ്ഞനുമായ എഡ്വേഡ് ജന്നറാണ് ലോകത്തിലാദ്യമായി വാക്സിനേഷന്റെ തത്വം ആധികാരികമായി പ്രഖ്യാപിച്ചത്. അതിനു മുമ്പും ഇതിനെക്കുറിച്ചുള്ള ഗവേഷണങ്ങൾ പലരും നടത്തിയിരുന്നു. വസൂരി രോഗം മൂലം അന്ന് ധാരാളം ആളുകൾ മരിക്കുന്ന സ്ഥിതിയായിരുന്നു. എന്നാൽ പശുക്കളുമായി ഇടപെടുന്ന ആളുകളിൽ ഈ രോഗം ബാധിക്കുന്നില്ല എന്ന് ജന്നർ മനസ്സിലാക്കി. പശുക്കളിലുണ്ടാകുന്ന വസൂരിക്കു സമാനമായതും എന്നാൽ അപകടകരമല്ലാത്തതുമായ ഗോവസൂരിയിൽ നിന്നുള്ള സ്രവങ്ങളുമായുള്ള സമ്പർക്കമാണ് ഇതിനു കാരണമെന്നും അദ്ദേഹം മനസ്സിലാക്കി. ഇത്തരം സ്രവങ്ങൾ മറ്റാളുകളിൽ അദ്ദേഹം കുത്തി വയ്ക്കുകയും നിശ്ചിത കാലയളവിനു ശേഷം അവരിൽതന്നെ വസൂരിയുടെ സ്രവങ്ങൾ പ്രയോഗിക്കുകയും ചെയ്തു. എന്നാൽ അവർക്ക് വസൂരി രോഗം പിടിപെടുന്നില്ല എന്ന് കണ്ടെത്തി. ഇങ്ങനെ പകർച്ച വ്യാധികൾക്കു കാരണമായ രോഗാണുക്കളെ നിർജീവമാക്കിയോ രോഗമുണ്ടാക്കുന്നതിനുള്ള ശേഷി കുറച്ചോ മനുഷ്യശരീരത്തിലേക്ക് കടത്തി വിട്ടാൽ മനുഷ്യ ശരീരത്തിലെ പ്രതിരോധ സംവിധാനം ഉത്തേജിക്കപ്പെടുകയും അത്തരം രോഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള ശേഷി നേടുകയും ചെയ്യും. പ്രകൃതിയിൽ നിന്നു തന്നെ ഇങ്ങനെ രോഗാണുക്കൾ മനുഷ്യ ശരീരത്തിൽ പ്രവേശിച്ചാലും ഇതു തന്നെ സംഭവിക്കും . എന്നാൽ ചിലരോഗങ്ങൾ കാഠിന്യമുള്ളതും മരണനിരക്ക് വളരെ കൂടുതലുള്ളതുമായതിനാൽ ശരീരത്തിന് ഇതിനെതിരെ പ്രതിരോധപ്രവർത്തനം നടത്താൻ സമയവും ശേഷിയും ലഭിക്കുന്നില്ല. എന്നാൽ ചിക്കൻ പോക്സ്, പോളിയോ എന്നിവ പോലെയുള്ള ചില രോഗങ്ങളുടെ കാര്യത്തിൽ ശരീരത്തിന് ഇതിനു കഴിയാറുണ്ട്.

ഇനി ഹോമിയോപ്പതിയുടെ ഇക്കാര്യത്തിലുള്ള സമീപനം പരിശോധിക്കാം. ഹോമിയോപ്പതി ചികിൽസ കണ്ടുപിടിച്ച ശേഷം ഡോ.സാമുവൽ ഹാനിമാൻ അത് ആളുകളിൽ പ്രയോഗിച്ചു വരുകയായിരുന്നു. ആ കാലഘട്ടത്തിൽ ആ പ്രദേശത്ത് "സ്കാർലറ്റ് ഫീവർ" എന്ന രോഗം വ്യാപകമായി പടർന്നു പിടിക്കുകയും അതിനു മരുന്നായി "ബല്ലഡോണ" എന്ന ഹോമിയോപ്പതി മരുന്ന് വളരെ ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്തു. എന്നാൽ തന്റെ രോഗികളായി വരുന്ന ഒരു കുടുംബത്തിലെ ഒരു പെൺകുട്ടിക്ക് "സ്കാർലെറ്റ് ഫീവർ" പിടിപെട്ടില്ല എന്ന് അദ്ദേഹം കണ്ടെത്തി. ഈ കുട്ടി മറ്റൊരു രോഗത്തിനുവേണ്ടി "ബല്ലഡോണ" എന്ന മരുന്ന് കഴിച്ചു കൊണ്ടിരിക്കുകയായിരുന്നു എന്നും അദ്ദേഹം മനസ്സിലാക്കി. രോഗങ്ങൾ വളരെ വേഗം പിടിപെടുന്ന പ്രകൃതക്കാരിയായിരുന്നു ആ കുട്ടി എന്നതും ഡോ.സാമുവൽ ഹാനിമാനെ അത്ഭുതപ്പെടുത്തി. അദ്ദേഹം "ബല്ലഡോണ" ആ പ്രദേശത്തുള്ള ധാരാളം ആളുകൾക്കു നൽകുകയും അവർക്കാർക്കും രോഗം വന്നില്ല എന്ന് കണ്ടെത്തുകയും ചെയ്തു. രോഗലക്ഷണങ്ങൾക്കനുസരിച്ചും രോഗിയുടെ വ്യക്തിപരമായ എല്ലാ പ്രത്യേകതകളും കണക്കിലെടുത്തുമാണ് ഹോമിയോപ്പതി മരുന്നുകൾ നൽകുന്നത്. ഒരുരോഗത്തിന് ചികിൽസക്കായി നൽകാൻ ഉത്തമമായ മരുന്ന് രോഗമില്ലാത്തവർക്കു നൽകിയാൽ ആ രോഗത്തെ പ്രതിരോധിക്കാമെന്ന തത്വം അദ്ദേഹം കണ്ടെത്തുകയും രേഖപ്പെടുത്തുകയും ചെയ്തു. വർഷങ്ങളായി ഹോമിയോപ്പതി പ്രതിരോധമരുന്നുകൾ ഇത്തരത്തിൽ നൽകി വരുന്നു. കൂടാതെ പകർച്ചവ്യാധികളായ രോഗങ്ങളുള്ള രോഗികളുടെ സ്രവങ്ങളിൽ നിന്നും തയ്യാറാക്കുന്ന "നോസോഡുകൾ" എന്ന മരുന്നുകളും അതാതു രോഗങ്ങളുടെ പ്രതിരോധത്തിന് ഉപയോഗിച്ചു വരുന്നു.

## പ്രതിരോധ രംഗത്തെ പ്രവർത്തനങ്ങൾ

സാംക്രമിക രോഗങ്ങൾ പൊട്ടി പുറപ്പെടുമ്പോൾ അവയെ നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങളെ ക്രോഡീകരിക്കുന്നതിനു വേണ്ടി 2004 ൽ 'റാപ്പിഡ് ആക്ഷൻ എപ്പിഡമിക് കൺട്രോൾ സെൽ – ഹോമിയോപ്പതി ' എന്ന സംവിധാനം രൂപീകരിച്ചു. ഹോമിയോപ്പതി ഡയറക്ടറായ ഇതിനു കീഴിൽ വിവിധ വിദഗ്ധ സമിതികൾ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും രൂപീകരിച്ചിട്ടുണ്ട്. ഇതിനു കീഴിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടന്നു വരുന്നു.

## കേരളത്തിലെ സർക്കാർ മേഖലയിലെ ഹോമിയോപ്പതി രംഗം

നിലവിൽ കേരളത്തിൽ 661 സർക്കാർ ഡിസ്പെൻസറികളും,14 ജില്ലാ ആശുപത്രികളും 339 എൻ.ആർ.എച്.എം. ഡിസ്പെൻസറികളും 16 താലൂക്ക് ആശുപത്രികളും,ഒരു കാൻസർ പാലിയേറ്റീവ് കെയർ സെന്ററുമാണ് പ്രവർത്തിക്കുന്നത്. ഇതുകൂടാതെ ഇ.എസ്.ഐ ക്കു കീഴിൽ 13 ഡിസ്പെൻസറികളും ഒരു ആശുപത്രിയും പ്രവർത്തിക്കുന്നു. 1973 ൽ ഇന്ത്യയിലാദ്യമായി ഹോമിയോപ്പതിക്ക് ഒരു പ്രത്യേക ഡയറക്ടറേറ്റ് നിലവിൽ വന്നു. എന്നാൽ ഇന്നുവരെ ഹോമിയോപ്പതി വിദ്യാഭ്യാസ ഡയറക്ടറേറ്റ് നിലവിൽ വന്നിട്ടില്ല. ഇതിനു വേണ്ട സർക്കാർ തീരുമാനമുണ്ടായെങ്കിലും ഇത് ഇതുവരെ നടപ്പിലായിട്ടില്ല. ഇത് അടിയന്തിരമായി നടപ്പാക്കേണ്ടി യിരിക്കുന്നു. 1974 ൽ ആലപ്പുഴയിൽ ഹോ





മിയോപ്പതി മരുന്നുകൾ ഉണ്ടാക്കുന്നതിനുള്ള ഒരു ഫാർമസ്യൂട്ടിക്കൽ കമ്പനി സഹകരണ രംഗത്ത് നിലവിൽ വന്നു. ഇതിൽ സർക്കാരിന് കാര്യമായ ഓഹരികളുണ്ട്. ഇത് ആധുനിക വൽക്കരിക്കുകയും വികസിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. മേൽപ്പറഞ്ഞ സമഗ്ര ആരോഗ്യ പരിപാലനത്തിനു പുറമേ പ്രത്യേക രോഗ ചികിൽസാ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. പ്രമേഹം, ശ്വാസംമുട്ട്, വന്ധ്യത, തൈറോയിഡ് രോഗങ്ങൾ, വാർദ്ധക്യ പ്രശ്നങ്ങൾ, സ്വാന്തന ചികിൽസ,മാതൃ ശിശു സംരക്ഷണ കേന്ദ്രം (കണ്ണൂർ), കാൻസർ ചികിൽസ , എൻഡോസൾഫാൻ മൂലമുണ്ടായ പ്രശ്നങ്ങൾക്കുള്ള ചികിൽസ എന്നിവയാണ് ഇവയിൽ പ്രധാനം. ഇതു കൂടാതെ സ്കൂൾ ആരോഗ്യപദ്ധതിയായ സത്ഗമയ, ജ്യോതിർഗമയ, സ്ത്രീകൾക്കുള്ള പ്രത്യേക ചികിൽസാ പദ്ധതിയായ സീതാലയം എന്നിവ ഹോമിയോപ്പതിയുടെ വളർച്ചയിലെ നാഴിക കല്ലുകളാണ്. നിലവിൽ ബിരുദാനന്തര ബിരുദമുള്ള ഡോക്ടർമാരെ ഹോമിയോപ്പതി രംഗത്ത് ലഭ്യമാണ്. ഇവരുടെ സേവനം മേൽപ്പറഞ്ഞ സ്പെഷ്യാലിറ്റി ക്ളിനിക്കുകളിൽ ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കേണ്ടതുണ്ട്.

## കോ-ലൊക്കേഷൻ സ്കീം

എല്ലാ ചികിൽസാ സമ്പ്രദായങ്ങളുടേയും പ്രയോജനം പരമാവധി എളുപ്പത്തിലും സൗകര്യപ്രദമായും ചിലവു കുറച്ചും ജനങ്ങൾക്കു നൽകുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ആരംഭിച്ച പരിപാടിയാണ് കോ-ലൊക്കേഷൻ പദ്ധതി. ഭാരതത്തിൽ നിലവിലുള്ള പ്രധാന ചികിൽസാ സമ്പ്രദായങ്ങളായ അലോപ്പതി, ആയുർവ്വേദം ഹോമിയോപ്പതി എന്നീ മൂന്നു ചികിൽസാ സമ്പ്രദായങ്ങളും ഒരേ കെട്ടിട സമുച്ചയത്തിൽ കൊണ്ടു വരിക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇങ്ങനെ വരുമ്പോൾ ആയുർവ്വേദ, ഹോമിയോ ചികിൽസാ സമ്പ്രദായങ്ങളിലെ ഓരോ ഡിസ്പൻസറിക്കും മരുന്നു വാങ്ങുന്നതിനായി പ്രതി വർഷം മൂന്നു ലക്ഷം രൂപയും, അല്ലാതെ 30000 രൂപ ധന സഹായവും ഒരു വിവിധോദ്ദേശ ജീവനക്കാരനുള്ള ശമ്പളവും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കും. ഈ പദ്ധതി ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കിയപ്പോൾ കേരളത്തിൽ ഇതു നടപ്പാക്കിയില്ല. കേരളത്തിൽ ഇതു നടപ്പിലാക്കാൻ 22 പഞ്ചായത്തു സമിതികൾ പ്രമേയം പാസ്സാക്കിയെങ്കിലും 3 പഞ്ചായത്തുകളിലാണ് ഇതു നടപ്പിലാക്കിയത്. എന്നാൽ ഇതിന്റെ നടപടിക്രമങ്ങളും നിർദ്ദേശങ്ങളും ശരിയായി പാലിക്കാത്തതിനാൽ അവ ഫലപ്രദമായി നടത്തുവാൻ കഴിഞ്ഞിട്ടില്ല. ഇത് അടിയന്തിരമായി നടപ്പിലാക്കുന്നതിനുള്ള ഗൗരവപൂർവമായ സമീപനം സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. ഇതിന് പ്രധാന തടസ്സമായി നിൽക്കുന്നത് അലോപ്പതി ഡോക്ടർമാരുടെ സംഘടനയായ ഐ.എം.എ യാണ്. മേൽ പദ്ധതി നടപ്പിലാക്കിയാൽ പൊതുജനാരോഗ്യ രംഗത്തെ ഒരു ഉറച്ച കാൽവെയ്പായിരിക്കും അത്. ഇതുമായി ബന്ധപ്പെട്ട കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ ഗൈഡ് ലൈനുകൾ ലഭ്യമാണ്..

## ഗവേഷണ രംഗത്തെ പരിമിതികൾ

ലോകത്തെ തന്നെ ഏറ്റവും പ്രസിദ്ധമായ ശാസ്ത്രങ്ങളിൽ ഏറ്റവും കുറഞ്ഞ ഗവേഷണം നടന്നിട്ടുള്ള ഒരു ശാസ്ത്രം ഹോമിയോപ്പതിയായിരിക്കുമെന്നതിതിൽ സംശയമില്ല. കേരളത്തിലെ ആരോഗ്യ വിദ്യാഭ്യാസ രംഗത്തും ചികിൽസാ രംഗത്തും ഗവേഷണത്തിന് ഊന്നൽ നൽകുക എന്ന ലക്ഷ്യത്തോടെ 2006 ലെ ഇടതുപക്ഷ സർക്കാർ കൊണ്ടുവന്ന ആരോഗ്യ സർവ്വകലാശാല ഗവേഷണ വിഷയങ്ങളിൽ പൊതുവേയും ഹോമിയോപ്പതിയുടെ കാര്യത്തിൽ പ്രത്യേകിച്ചും ഒരു വലിയ പരാജയമാണ്. ഹോമിയോപ്പതിയുടെ പ്രതിരോധ മരുന്നുകളുടെ സാധ്യതകളെക്കുറിച്ച് ഗവേഷണം നടത്താൻ നിശ്ചയിച്ചിരുന്ന സമിതിയിൽ ഈ ലേഖകനും അംഗമായിരുന്നു. വളരെ ക്രിയാത്മകമായി ചർച്ചകൾ നടക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്ത ഈ സമിതിയുടെ തീരുമാനങ്ങൾ വെളിച്ചം കണ്ടില്ല എന്നത് ദൗർഭാഗ്യമാണ്. നിരന്തരം പിൻതുടർന്നിട്ടും ബന്ധപ്പെട്ടി

ട്ടം ഒഴിഞ്ഞു മാറുന്നത് ബോധപൂർവ്വമല്ല എന്നു വിശ്വസിക്കുവാൻ പ്രയാസമാണ്. ഇക്കാര്യത്തിൽ മാറ്റം വരണമെങ്കിൽ തീർച്ചയായും മുതലാളിത്ത സ്ഥാപിത താൽപ്പര്യത്തിൽ പ്രവർത്തിക്കുന്ന സർവ്വകലാശാലയുടെ ഭരണ സമിതികൾ മാറി ജന പക്ഷത്തു നിന്നു ചിന്തിക്കുന്ന ഭരണ സമിതികൾ കേരള ആരോഗ്യ സർവ്വകലാശാലയിൽ അത്യന്താപേക്ഷിതമാണ്. ഇതിൽ ഏതെങ്കിലും ചികിൽസാ സമ്പ്രദായത്തിന്റെ മേൽക്കോയ്മയല്ല മറിച്ച് പൊതു ജനങ്ങൾക്ക് സുരക്ഷിതമായും ചിലവുകുറച്ചും ഉറപ്പായും ആരോഗ്യ സംരക്ഷണം നൽകുക എന്നതാണ്. കേരളത്തിൽ നിലവിലുള്ള ഗവേഷണ സ്ഥാപനം കോട്ടയം ജില്ലയിലെ കുറിച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന കേന്ദ്ര ഹോമിയോപ്പതി ഗവേഷണ കേന്ദ്രം മാത്രമാണ്. ഹോമിയോപ്പതിയെപ്പോലെ ഗവേഷണത്തിന് അനന്തസാധ്യതകളുള്ള ഒരു ശാസ്ത്ര ശാഖക്ക് ഇത് വളരെ പരിമിതമായ സൌകര്യമാണ്.

## സർക്കാർ ഫണ്ട് ഫലപ്രദമായി ഉപയോഗിക്കൽ

കേരളത്തിലെ ഹോമിയോപ്പതി വിദ്യാഭ്യാസത്തിനായി സർക്കാർ വലിയ തുക ചെലവഴിക്കുന്നുണ്ട്. എന്നാൽ ഇതിലൂടെ വൻ സാമ്പത്തിക ആനുകൂല്യം നേടുന്നവരുടെ സേവനം പൊതു ജനാരോഗ്യ രംഗത്ത് ഫലപ്രദമായി ഉപയോഗിക്കുവാൻ നിലവിൽ കഴിയുന്നില്ല എന്നത് യാതാർത്ഥ്യമാണ്. ഇതു പരിഹരിക്കുന്നതിനായി കേന്ദ്ര സർക്കാർ പദ്ധതിയായ "സ്വസ്ഥ രക്ഷാൻ" പദ്ധതി ഉപയോഗപ്പെടുത്താവുന്നതാണ്. ഈ പദ്ധതി പ്രകാരം രാജ്യത്തെ ഹോമിയോപ്പതി ആയുർവ്വേദ മെഡിക്കൽ കോളേജുകളിലെ "കമ്മ്യൂണിറ്റി മെഡിസിൻ" വിഭാഗത്തിന്റെ നേതൃത്തിൽ ഏതാനും പ്രദേശങ്ങൾ ഏറ്റെടുക്കുകയും ഇവിടെ ജനങ്ങൾക്ക് ആരോഗ്യ ബോധവൽക്കരണ പരിപാടി , ജീവിത ശൈലീ രോഗങ്ങളായ രക്താതിസമ്മർദ്ദം, പ്രമേഹം തുടങ്ങിയ രോഗങ്ങൾ തുടങ്ങിയവ ആരംഭ ദിശയിൽ തന്നെ നിർണയിക്കൽ, അതു നിയന്ത്രിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയവയാണ് ലക്ഷ്യമിടുന്നത്. ഇത്തരം കാര്യങ്ങൾക്കായി കേരളത്തിലെ ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ ഹൗസ് സർജൻമാരുടെ സേവനം ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്.



മേൽ പദ്ധതി ഫലപ്രദമായി ഉപയോഗിച്ചാൽ തന്നെ കേരളത്തിലെ ആരോഗ്യ പരിപാലന രംഗത്തെ വലിയ കാൽ വയ്പ്പായിരിക്കും അത്.

## ഹോമിയോപ്പതി ഫാർമസ്സി കോഴ്സ്

. സർക്കാർ ഹോമിയോ ആശുപത്രികളുടേയും ഡിസ്പെൻസറികളുടേയും സുഗമമായ പ്രവർത്തനത്തിന് പ്രധാന തടസ്സം യോഗ്യരായ ഫാർമസിസ്റ്റുകളുടെ അഭാവമാണ്. ഇതിനു വേണ്ടി നഴ്സ് കം ഫാർമസിസ്റ്റ് കോഴ്സ് കേരളത്തിലെ സർക്കാർ ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ നടത്തി വന്നിരുന്നു. എന്നാൽ ഇതു പിന്നീട് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി ആയി മാറ്റി കേരളത്തിലെ സർക്കാർ കോളേജുകളിൽ നടന്നു വരുന്നു. നിർത്തലാക്കിയ നഴ്സ് കം ഫാർമസിസ്റ്റ് കോഴ്സ് കോഴിക്കോട്ടെ ഒരു സ്വകാര്യ സ്ഥാപനം യാതൊരു നിലവാരവുമില്ലാതെ നടത്തി വരുന്നു. വൻ തുക കോഴ വാങ്ങി നടത്തുന്ന ഈ കോഴ്സ് കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ ഒത്താശയോടാണ് നടത്തി വരുന്നത്. കേരളത്തിലെ സ്വകാര്യ എയ്ഡഡ് കോളേജുകളിൽ കൂടി സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി ആരംഭിക്കുയാണ് ഇതു പരിഹരിക്കുന്നതിനുള്ള മാർഗ്ഗം. നിലവിൽ എയിഡഡ് കോളേജുകളുടെ മുഴുവൻ സാമ്പത്തിക ബാധ്യതയും സർക്കാരിനായതിനാൽ ഒരു പ്രത്യേക സാമ്പത്തിക ഭാരവുമില്ലാതെ ഇതു നടത്താനാകും. ഭാവിയിൽ ഇത് ഡിപ്ലോമാ കോഴ്സ് ആക്കി മാറ്റുകയും വേണം.

## ട്രാൻസ്ഫ്യൂഷൻ മെഡിസിൻ പരിശീലനം അനിവാര്യം

ഇന്നു നമ്മുടെ സംസ്ഥാനത്തുണ്ടായിക്കൊണ്ടിരിക്കുന്ന ഭൂരിഭാഗം രോഗങ്ങളിലും ഏതെങ്കിലും തരത്തിലുള്ള ട്രാൻസ്ഫ്യൂഷൻ ആവശ്യമായി വരാറുണ്ട്. ഇക്കാര്യത്തിൽ ഒരു ചികിൽസാ സമ്പ്രദായങ്ങൾക്കും എതിരഭിപ്രായമില്ല. എന്നാൽ ഡങ്കിപ്പനി പോലുള്ള രോഗങ്ങൾക്ക് ഫലപ്രദമായ മരുന്നുകൾ ഹോമിയോപ്പതിയിൽ ലഭ്യമായിട്ടു പോലും ഹോമിയോപ്പതി ഡോക്ടർമാർക്കു ചികിൽസിക്കാനുള്ള പ്രധാന ബുദ്ധിമുട്ട് ട്രാൻസ്ഫ്യൂഷൻ മെഡിസിൻ ശാഖയിലുള്ള പരിചയക്കുറവാണ്. എന്നാൽ നഴ്സുമാർ ചെയ്യുന്ന ഈ ജോലി കേരളത്തിലെ എൻട്രൻസ് പരീക്ഷയിൽ 4500 ൽ താഴെ റാങ്ക് വാങ്ങി ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടുന്ന മിടു മിടുക്കൻമാരായ വിദ്യാർത്ഥികൾക്കു ചെയ്യാൻ കഴിയുന്നില്ല എന്നത് കേരള സമൂഹത്തിനുണ്ടാകുന്ന നഷ്ടമായേ കാണാൻ കഴിയൂ. അവരെക്കാൾ വളരെ താഴ്ന്ന റാങ്ക് നേടിയവർ സ്വാശ്രയ വഴിയിൽ ഇതിനു വഴി കണ്ടെത്തുന്നു. ആയതിനാൽ കേരളത്തിലെ ആരോഗ്യ സർവ്വകലാശാലയു സിലബസ്സിൽ ഇതിനനുസരിച്ച് മാറ്റം വരുത്തേണ്ടതുണ്ട്. ഇതിന് എതിർപ്പുണ്ടായാലും സർക്കാർ ഇതിനെ ആർജ്ജവത്തോടെ നേരിടണം. കേന്ദ്ര ഹോമിയോപ്പതി കൗൺസിൽ നിയമം ഇതിനു തടസ്സമല്ല കാരണം അതു നിഷ്കർഷിക്കുന്നത് 'മിനിമം' സ്റ്റാൻഡാർഡ്സ് ആണ്. മേൽപ്പറഞ്ഞ കാര്യങ്ങളിൽ എത്രയും വേഗം തീരുമാനങ്ങൾ എടുക്കുകയും അത് നടപ്പിലാക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

# ഞങ്ങൾ നിങ്ങളുടെ ബോധ്യങ്ങളിൽ ഇടപെടും

**ഡോ. എ.എസ്.സുമേഷ്**
എം.ഇ.എസ്. അസ്മാബി കോളേജ്,
കൊടുങ്ങല്ലൂർ



നാക് (National Assessment & Accreditation Council) മൂല്യനിർണ്ണയ രീതികൾ 2017 ജൂലൈ മുതൽ പുതിയ രൂപത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഗുണനിലവാര പരിശോധന എന്ന കേവല ബോധ്യത്തിൽ നിന്ന് നാക് എത്തിനിൽക്കുന്നത് കർക്കശമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന, അനുസരിപ്പിക്കുന്ന അധികാര കേന്ദ്രം എന്ന നിലയിലേക്കാണ്. മാനകങ്ങൾ ഞങ്ങൾ തയ്യാറാക്കും എന്നും അതിനനുസൃതമായി ഞങ്ങൾ നിങ്ങളെ തരം തിരിക്കും എന്നുമുള്ള കൃത്യമായ ഉത്തരവാണ് പുതിയ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉള്ളത്. ഗുണനിലവാരം ഉറപ്പാക്കാൻ ചില കാർക്കശ്യം അനിവാര്യമാണ് എന്നതല്ല ഈ നിലപാട് കടുപ്പിക്കലിന്റെ പിന്നിലെ യാഥാർത്ഥ്യം. മറിച്ച് ഗുണനിലവാരം ഏത് തരത്തിലാവണം എന്ന പൊതുബോധത്തെ നിർണ്ണയിക്കലാണ് ഇവിടെ നടക്കുന്നത്. പൂർണ്ണമായും കോർപ്പറേറ്റ്‌വൽക്കരിക്കപ്പെടുന്നു നമ്മുടെ ഉന്നത വിദ്യാഭ്യാസം.

നിങ്ങൾ ഒരു സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനമാണ് എങ്കിൽ സിലബസ്/കരിക്കുലം തയ്യാറാക്കൽ നിങ്ങളുടെ പണിയല്ല. അത് സർവ്വകലാശാല നടത്തും. അതിന്റെ നടപ്പിലാക്കൽ (Implementation) മാത്രമാണ് നിങ്ങളുടെ ദൗത്യം എന്ന് പറയുന്നിടത്ത് ആശ്വാസം തോന്നാം എങ്കിലും വികേന്ദ്രീകൃത സിലബസ് പരിഷ്കരണ പ്രക്രിയയിൽ നിലവിലുള്ള സ്വാതന്ത്ര്യത്തെ അത് എത്രത്തോളം സഹായിക്കും എന്ന് പ്രവചിക്കുക വയ്യ. കാരണം ബിരുദ തലം മുതൽ രാജ്യത്ത് ആകമാനം ഒരു പൊതു സിലബസ് എന്ന ആശയം ശക്തമായി അവതരിപ്പിക്കപ്പെടുന്ന കാലത്ത് സിലബസ്/കരിക്കുലം സർവ്വകലാശാലകൾ കൈകാര്യം ചെയ്യും എന്ന് പറയുന്നത് ഏത് തരത്തിലാവും പ്രതിഫലിക്കുക എന്നത് ആശയക്കുഴപ്പം ഉണ്ടാക്കുന്നുണ്ട്. രാജ്യത്തിന്റെ നിലവിലുള്ള ബഹുസ്വരതയെ ഏകമാനക സ്വഭാവത്തിലുള്ള ഒരു രീതിശാസ്ത്രമുപയോഗിച്ച് കൈകാര്യം ചെയ്യുകയും cacophonic ആയ അതിന്റെ സ്വാഭാവിക പ്രകൃതത്തെ harmonic ആയ ഒരു സുന്ദര വ്യഖ്യാനത്തിലൂടെ ഇല്ലാതാക്കുകയും ചെയ്യുന്നതിലൂടെ നാക് നിലവിലെ കേന്ദ്ര ഭരണകൂടത്തിന്റെ പ്രത്യയശാസ്ത്ര താൽപ്പര്യത്തിനനുസരിച്ച് പ്രവൃത്തിക്കുന്നു എന്ന് മനസ്സിലാക്കേണ്ടിവരും. സർവ്വകലാശാലകൾക്ക് ഒപ്പം സ്വയംഭരണ കോളേജുകൾക്കും സിലബസ്/കരിക്കുലം സ്വയം നിർണ്ണയിക്കുന്നതിനുള്ള അധികാരം നൽകുന്ന നാക്, അഫിലിയേറ്റഡ് കോളേജുകളുടെ അത്തരം ഇടപെടലുകളെ പൂർണ്ണമായും നിരുത്സാഹപ്പെടുത്തുന്നു. ഇവിടെ നിലവിലുള്ള രീതിയിൽ കാര്യങ്ങൾ മുൻപോട്ട് പോവുന്ന പക്ഷം പ്രശ്നങ്ങൾ അധികമൊന്നും ഉണ്ടാവില്ല. എന്നാൽ കേന്ദ്രീകരണം എന്ന യുക്തി ശക്തമായി അവതരിപ്പിക്കപ്പെടുന്ന പുതിയ കാലത്ത് ഇടപെടലുകൾ അസാധ്യമാക്കുന്ന ഒരു സിലബസ്/കരിക്കുലം എന്നതിന്റെ ആപത്ത് വളരെ വലുതാണ്.




മുൻപത്തേപോലെ തന്നെ എന്നാൽ ചെറിയ ചില രൂപമാറ്റത്തോടെ 7 പൊതു മാനദണ്ഡങ്ങളാണ് നാക് സ്ഥാപന മൂല്യ നിർണ്ണയത്തിനായി നിശ്ചയിച്ചിട്ടുള്ളത്.

1. Curricular Aspect(CA),
2. Teaching Learning & Evaluation (TLE)
3. Research Innovation & Extension (RIE)
4. Infrtsaructure And Learning Reosurces(ILR)
5. Student Support And Progression(SSP)
6. Governance, Leadership And Management(GLM)
7. Itnsitutional Values And Btse Practices(IVBP)

പ്രത്യക്ഷത്തിൽ ഇതിൽ പലതും നിരുപദ്രവകരമായ, തികച്ചും അക്കാദമികമായ സംഗതികൾ മാത്രമാണ്. എന്നാൽ ഓരോന്നിലും നൽകിയിട്ടുള്ള അനേകം ഉപവിഭാഗങ്ങളിലേക്ക് എത്തുമ്പോൾ മനസ്സിലാവുക, കാര്യങ്ങൾ അത്ര സുഗമമല്ല എന്നതാണ്. ഉദാഹരണത്തിന് രണ്ടാമത്തെ വിഭാഗത്തിൽ Teaching Learning & Evaluation (TLE) ) 2.7 എന്ന ഉപവിഭാഗമായി ചേർത്തിട്ടുള്ളത് student satisfactory surv--ey ആണ്. കോളേജുകൾക്ക് 50 വെയിറ്റേജ് നൽകിയിരിക്കുന്ന ഈ വിഭാഗത്തിൽ കുട്ടികളുടെ പൂർണ്ണമായ വിവരങ്ങൾ ആധാർ നമ്പർ ഉൾപ്പെടെ നേരത്തെ ഓൺലൈനായി നൽകുകയാണ് വേണ്ടത്. പിന്നീട് കുട്ടികളിൽ നിന്ന് അവരുടെ അഭിപ്രായങ്ങൾ നാക് സ്വീകരിക്കും. ഇതാണ് പുതിയ രീതി. ഇത് എപ്രകാരം എന്ന് വ്യക്തമല്ല താനും. കുട്ടികളുടെ അഭിപ്രായം പ്രതികൂലമാവുക എന്നത് പുതിയകാലത്തെ ബോധന പ്രക്രിയയിൽ സ്വാഭാവികമായും സംഭവിച്ചേക്കാം എന്നിരിക്കെ സുതാര്യതയിൽ നടപ്പാക്കുന്ന എന്ന പൊതുധാരണയ്ക്ക് അപ്പുറത്തേക്ക് കാര്യങ്ങൾ പരിണമിച്ചുകൂടായെന്നില്ല. അതല്ല എങ്കിൽ നിലവിലുള്ള ഭരണകൂട വ്യവസ്ഥയോട് സമരസപ്പെടുന്ന ഒരുപറ്റം വിദ്യാർത്ഥികളെ നാം നിർമ്മിച്ചെടുക്കേണ്ടിവരും. പുതുകാല ബോധ്യങ്ങൾ സ്വയം നിർമ്മിക്കുകയും അതിലൂടെ സ്വയം നവീകരിക്കുകയും ചെയ്യുന്ന ഒരു തലമുറയ്ക്ക് പകരം ഒന്നിനേയും ചോദ്യം ചെയ്യാത്ത, എല്ലാം ശരിയാണ് എന്ന് തലകുലുക്കുന്നവരെ സൃഷ്ടിച്ചെടുക്കുക എന്ന ചുമതല കൂടി നാം വഹിക്കേണ്ടിവരും. . അല്ലെങ്കിൽ നമുക്കെതിരെ അവർ പറയുന്നത് ഓരോന്നും നമ്മുടെ കോളേജ് എന്ന ഭരണകൂട സംവിധാനത്തെ ആകെ അസ്ഥിരപ്പെടുത്തും എന്ന നിലയിൽ എളുപ്പവഴിയിൽ നിഷേധാത്മക നിലപാടുകളെ അടിച്ചമർത്താൻ നാം ഓരോരുത്തരും നിർബന്ധിതരാവും.




TLE യിൽ തന്നെ വിചിത്രമായി തോന്നാവുന്ന മറ്റൊന്നുകൂടിയുണ്ട്. പോയ അഞ്ച് വർഷങ്ങളിൽ നിലവിലുള്ള മൊത്തം സ്ഥിര അധ്യാപകരിൽ എത്രപേർ സംസ്ഥാനത്തിന് പുറത്ത് നിന്നുള്ളവരാണ് എന്നതാണ് ചോദ്യം. നൽകുന്ന വെയിറ്റേജ് 20. teacher profile & quality എന്ന വിഭാഗത്തിൽ ആകെയുള്ള 80 വെയിറ്റേജിൽ നിന്നാണ് 20 നൽകിയിരിക്കുന്നത്. കേരളത്തിലെ ഒരു പൊതു സാഹചര്യം വച്ച് ഏതെങ്കിലും ഒരു കോളേജിന് ഈ വിഭാഗത്തിൽ ഭേദപ്പെട്ട സ്കോർ നേടാനാവും എന്ന് തോന്നുന്നില്ല. വിദ്യാഭ്യാസപരമായി ഏറെ മുന്നിട്ട് നിൽക്കുന്ന ഒരു സംസ്ഥാനത്ത് പ്രാദേശിക ബോധന മാധ്യമത്തിന് പ്രാധാന്യമുള്ള ഒരിടത്ത് പുറത്ത് നിന്നുള്ള അധ്യാപകർ എത്രപേർ എന്ന ചോദ്യം എത്രമേൽ പ്രായോഗികമാവും? സംസ്ഥാനത്തിനുള്ളിൽ തന്നെ ഏതാണ്ട് എല്ലാ വിഷയങ്ങളിലും ആവശ്യത്തിലുമധികം ആളുകൾ യോഗ്യരായി, നിയമനം പ്രതീക്ഷിച്ച് കാത്തുനിൽക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന് പുറത്തുനിന്നുള്ളവരെ പരിഗണിക്കുന്നതിന് പ്രത്യേകം നൽകുന്ന വെയിറ്റേജ് എന്നതിന്റെ താൽപ്പര്യം എന്താണ്?

മൂന്നാമത്തെ പ്രധാനമാറ്റം സംഭവിച്ചിരിക്കുന്നത് ഗവേഷണത്തിന്റെ മേഖലയിൽ ആണ്. കോളേജുകളിലെ ഗവേഷണ സൗകര്യങ്ങൾക്ക് ഇതുവരെ നൽകി വന്നിരുന്ന വെയിറ്റേജ് പൂർണ്ണമായും എടുത്തുകളഞ്ഞിരിക്കുന്നു. അതായത് ഗവേഷണ സൗകര്യങ്ങൾ ഇനി സർവ്വകലാശാലകളിലും ഓട്ടോണോമസ് കോളേജുകളിലുമായി പരിമിത

**Key Indicator - 2.7 Student Satisfaction Survey (50)**

| Metric No. | | Weightage |
|---|---|---|
| 2.7.1<br><br>$Q_nM$ | ***Online student satisfaction survey with regard to teaching learning process.***<br>Data Requirement:<br>• Name/ Class/ Gender<br>• Student Id number/ Adhar Id number<br>• Mobile number<br>• Email id<br>• Degree programme<br><br>(Database of all currently enrolled students need to be prepared and shared with NAAC along with the online submission of QIF) | 50 |

പ്പെടുന്നു. മേൽപ്പറഞ്ഞ കാര്യങ്ങളെ ആഴത്തിൽ വിശകലനം ചെയ്യുമ്പോഴാണ് കൂടുതൽ ഗൗരവകരമായ പ്രതിസന്ധിയിലേക്കാണ് ഉന്നതവിദ്യാഭ്യാസ മേഖല പോവുന്നത് എന്ന് മനസ്സിലാവുന്നത്. കോളേജധ്യാപകർ പഠിപ്പിച്ചാൽ മതി ഗവേഷണം വേണ്ട എന്ന മാനവ വിഭവശേഷി വകുപ്പ് മന്ത്രി പ്രകാശ് ജാവദേക്കറിന്റെ പ്രസ്താവനയെ ഇതുമായി ചേർത്ത് വായിക്കേണ്ടതാണ്. 12-ാം പഞ്ചവത്സര പദ്ധതിയോടെ നീതി ആയോഗ് നടപ്പാക്കപ്പെടുകയും യു.ജി.സി. ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ മേഖലയിലെ പല കേന്ദ്ര ഏജൻസികളും റൂസപോലെയോ കേന്ദ്ര ഉന്നത വിദ്യാഭ്യാസ കൗൺസിൽ പോലെയോ ഉള്ള ഒരു കേന്ദ്രീകൃത സംവിധാനത്തിനകത്തേക്ക് ചുരുക്കുകയും ചെയ്ത സാഹചര്യത്തിൽ എത്തിനിൽക്കുന്ന നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖല. ഗവേഷണത്തിനും അനുബന്ധ സൗകര്യങ്ങൾക്കും സാമ്പത്തിക സഹായം നൽകി വന്നിരുന്ന യു.ജി.സി. ഗവേഷണ പ്രോജക്ടുകൾക്കായി തുടങ്ങിയ അവരുടെ ഓൺലൈൻ പോർട്ടൽ 2015 ന് ശേഷം ഉപയോഗക്ഷമമാക്കുകയോ പുതിയ പ്രോജക്ടുകൾ ക്ഷണിക്കുകയോ ചെയ്തിട്ടില്ല. 2017 ൽ പദ്ധതി കാലയളവ് അവസാനിക്കുന്നതിന് രണ്ട് വർഷം മുൻപാണ് ഇത്. ഗവേഷണത്തിന് വേണ്ടുന്ന അനുബന്ധ സൗകര്യങ്ങൾ ഇനി കോളേജുകളിൽ ആവശ്യമില്ല എന്നത് നാക് 2017 ജൂലൈയിൽ അതായത് പദ്ധതികാലയളവ് മാർച്ചിൽ പൂർത്തിയായതിന് ശേഷം അവതരിപ്പിച്ചതിനും രണ്ട് വർഷങ്ങൾക്ക് മുൻപേ കേന്ദ്ര സർക്കാർ അത് തീരുമാനിച്ചു എന്നർത്ഥം. മന്ത്രിയുടെ പ്രസ്താവന കൂടി ആയപ്പോൾ കാര്യങ്ങൾ വ്യക്തം. ഇനി അറിയേണ്ടത് സ്വകാര്യവൽക്കരണം ലക്ഷ്യമാക്കി രാജ്യമെങ്ങും നടപ്പാക്കിപ്പോരുന്ന ഓട്ടോണമസ് സംവിധാനത്തിലേക്ക് നമ്മുടെ കോളേജുകൾക്ക് എത്ര ദൂരം ബാക്കിയുണ്ട് എന്ന് മാത്രമാണ്. വികേന്ദ്രീകൃത ഗവേഷണ പദ്ധതികളെ ഭയക്കുന്ന, കേന്ദ്രീകൃതവും നിയന്ത്രണാധീനവുമായ കോർപ്പറേറ്റ് ഗവേഷണ ഫലങ്ങൾ മാത്രം ലക്ഷ്യം വയ്ക്കുന്ന ഒന്നായി നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാറ്റുക എന്നത് ഇനി അനായാസമാണ്. വിദേശ അധ്യാപകരെ നിയമിക്കേണ്ടതിന്റെ ആവശ്യത്തെപ്പറ്റി കേന്ദ്രസർക്കാരിന്റെ പ്രസ്താവന പത്രങ്ങളിൽ പ്രത്യപ്പെട്ടുകഴിഞ്ഞു. അന്യ സംസ്ഥാന അധ്യാപകരുടെ എണ്ണത്തിന്റെ സ്ഥാനത്ത് വിദേശ അധ്യാപകരുടെ ശതമാനം അടുത്ത നാക് മാർഗ്ഗനിർദ്ദേശങ്ങളിൽ ഇടം പിടിക്കും എന്നത് ദീർഘ വീക്ഷണ പാടവം ഒന്നും ഇല്ലാതെതന്നെ പ്രവചിക്കാനാവും. അതായത് നമ്മുടെ കോളേജുകൾ വെറും കോളേജുകൾ അല്ല എന്നും ലോക നിലവാരത്തിലുള്ള പഠന കേന്ദ്രങ്ങളാണ് എന്നും ഉള്ള തോന്നൽ പൊതു ഇടത്തിൽ സൃഷ്ടിച്ചുകൊണ്ട് വിശ്വപൗരനിർമ്മിതിയുടെ കോർപ്പറേറ്റ് നയവുമായി നാം സന്ധിചെയ്യാൻ പോവുന്നു. സ്റ്റുഡന്റ് എന്നത് കാൻഡിഡേറ്റ് എന്നായി മാറുന്നു. എഡ്യൂക്കേഷൻ എന്നത് സെലക്ഷനും.

സെമസ്റ്റർ എന്ന ബോധന സമ്പ്രദായം നടപ്പിലാക്കിയത് എന്തിനാണ് എന്നതിന്റെ കൃത്യമായ ഉത്തരം 10 വർഷങ്ങൾക്ക് ശേഷവും ലഭ്യമല്ല എന്ന് നാം ഓർക്കണം. ഒരു വിദ്യാഭ്യാസ പരിഷ്ക്കാരം നടപ്പാക്കപ്പെടുന്ന ഇടത്തെ (Space) ശരിയായി മനസ്സിലാക്കുകയും അതിന്റെ പ്രാദേശികതയെ കൂടി ഉൾപ്പെടുത്തുകയും ചെയ്യുമ്പോഴാണ് വിദ്യാഭ്യാസം ശരിയായ ദിശയിൽ പ്രവർത്തിച്ചു തുടങ്ങുക. ഇവിടെ സംഭവിക്കുന്നത് തിരിച്ചാണ്. പടിഞ്ഞാറൻ വിദ്യാഭ്യാസ ചിന്തയെ അപ്പാടെ സ്വീകരിക്കുകയായിരുന്നു സെമസ്റ്ററിലൂടെ നാം ചെയ്തത്. നമ്മുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പോലും വേണ്ടത്ര പരിഗണിക്കപ്പെട്ടില്ല. അതിതീവ്ര കാലാവസ്ഥാ പ്രദേശങ്ങളിൽ അനായാസം നടപ്പാക്കാൻ കഴിയുന്ന തരത്തിൽ ഘടനാപരമായ സവിശേഷതകൾ ഉൾപ്പെടുന്ന ഒരു സമ്പ്രദായമായ സെമസ്റ്ററിനെ കൊല്ലപ്പരീക്ഷയെ പാതിമുറിച്ച് അടയാളപ്പെടുത്താൻ മാത്രമുള്ള ഏകകമായി നാം മനസ്സിലാക്കി. സ്വാഭാവികമായും ബോധന പ്രക്രിയ താറുമാറായി. ബോധന സമ്പ്രദായത്തിലെ ആന്തരികമായ ദൗർബല്യം പലതവണ ചർച്ച ചെയ്തതാണ് എന്നതിനാൽ ആവർത്തിക്കുന്നതിൽ അർത്ഥമില്ല. ഒറ്റവാചകത്തിൽ ചുരുക്കിയാൽ സെമസ്റ്റർ പോലും മുന്നോട്ട് വച്ചത് വിശ്വ പൗരത്വത്തിന്റെ (Global citizenship) ഉപഭോക്തൃ മാതൃകയാണ്. വിദ്യാഭ്യാസത്തിന്റെ കോളനിയാനന്തര പ്രാന്തങ്ങളിലൂടെ, അതിന്റെ

| | | |
|---|---|---|
| 2.4.5<br><br>$Q_nM$ | ***Average percentage of full time teachers from other States against sanctioned posts during the last five years***<br>Data Requirement:<br>• Number of full time teachers from other states<br>• Total number of sanctioned posts<br><br>Formula:<br>$\text{Percentage per year} = \frac{\text{Number of full time teachers from other states}}{\text{Total number of sanctioned posts}} \times 100$<br><br>$\text{Average percentage} = \frac{\sum \text{Percentage per year}}{5}$ | 20 |

കമ്പോള പരിസരങ്ങളിലൂടെ രാജ്യം വിപരീത ദിശയിൽ സഞ്ചരിക്കുന്നു. ഇത് കേവലം ദേശീയതയുടെ മാത്രം പ്രശ്നമല്ല. ദേശീയത ഉയർത്തുന്ന വ്യാജ ബിംബങ്ങളിൽ ഇത് പ്രതിഫലിക്കുന്നുമില്ല.

അധികാരത്തിന്റെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുക എന്ന ലക്ഷ്യത്തിലേക്ക് നാക് മുന്നോട്ട് വയ്ക്കുന്ന വാർപ്പ് മാതൃകയെ പിൻപറ്റുന്ന ഉന്നത വിദ്യാഭ്യാസം മാറിയിരിക്കുന്നു. നിങ്ങൾ നാക് അക്രഡിറ്റേഷൻ നേടുന്നത് നന്നാവും എന്നത് ഒരു ആശയമായി മാത്രം 2002 കാലഘട്ടങ്ങളിൽ അവതരിപ്പിക്കപ്പെടുന്നു. പിന്നീട് 2005-06 ആവുമ്പോഴേക്കും സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഇതു കൂടി ചേർക്കപ്പെടുന്നു. 2010 ആവുമ്പോൾ അക്രഡിറ്റേഷനിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവുകളും ഫണ്ട് ഏറ്റക്കുറച്ചിലുകളും ഉണ്ടാവുന്നു. ഒപ്പം സ്വയം ഭരണം എന്ന മായികമായ (മാരകമായ?) പ്രലോഭനവും വരുന്നു. 2012 ൽ എത്തിയപ്പോൾ കാര്യങ്ങൾ സ്വയംഭരണത്തിൽ കേന്ദ്രീകൃതമാവുകയും പ്രലോഭനങ്ങളുടെ തോത് വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഇടപെടൽ കൂടി നയപരമായി നടപ്പാക്കുന്നു. 2015 ൽ ഇനി അക്രഡിറ്റേഷനില്ല എങ്കിൽ കേന്ദ്ര സാമ്പത്തിക സഹായമില്ല എന്ന കർശനമായ ഉത്തരവ് പുറത്തുവരുന്നു. മുൻപ് പലവട്ടം പറഞ്ഞു എങ്കിലും അന്ത്യശാസനം എന്ന നിലയിൽ യു.ജി.സി. 2015 ൽ ഇടപെടുകയാണ്. പിന്നീട് ചെറിയ കാലത്തെ ഇടവേള. നീതി ആയോഗ് എന്ന സമാന്തര സംവിധാനത്തിലേക്കുള്ള ചവിട്ടുപടിയിൽ നിൽക്കെ കാര്യങ്ങൾ കേന്ദ്രീകൃതമാക്കാൻ കേന്ദ്ര സർക്കാർ തീരുമാനിക്കുന്നു. 2016 മുതൽ 2017 മാർച്ച് വരെയുള്ള 12-ാം പദ്ധതിക്കാലത്ത് ഉന്നത വിദ്യാഭ്യാസം മുൻപെങ്ങുമില്ലാത്ത വിധം ക്ഷീണിക്കുന്നു. ഏത്ര ഉന്നതമായ അക്രഡിറ്റേഷൻ ഗ്രേഡ് ലഭിച്ചിട്ടും 2015 ന് ശേഷം സാമ്പത്തിക സഹായം ലഭിച്ച സ്ഥാപനങ്ങളുടെ എണ്ണം വിരലിൽ എണ്ണാവുന്നതായി ചുരുങ്ങി. 2002 ൽ കേവലം ഒരു ആശയമായി അവതരിപ്പിക്കപ്പെട്ട ഒന്ന് 2015 ൽ അനിവാര്യമാവുകയും 2017 ൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ബഹുവിധ രൂപങ്ങളെ പരസ്പരം റദ്ദുചെയ്തുകൊണ്ട് അവയുടെ പ്രകൃതത്തെത്തന്നെ ഇല്ലാതാക്കുകയും ചെയ്തിരിക്കുന്നു. സുതാര്യത എന്ന പേരിൽ സ്ഥാപനങ്ങളുടെ ആഭ്യന്തര നയ രൂപീകരണത്തിൽ വരെ ഇടപെടുകയും കേവല മാനകങ്ങളിലൂടെ, കോർപ്പറേറ്റ് സൂചകങ്ങളിലൂടെ ഗുണനിലവാരത്തെ അളക്കുന്ന സമവാക്യങ്ങളിലേക്ക് നാക് ഉന്നത വിദ്യാഭ്യാസത്തെ പരിമിതപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

2010 മുതൽ API സ്കോർ എന്ന വിചിത്ര മാനദണ്ഡത്തിലൂടെ അധ്യാപകരെ പൊതു വിഭാഗമാക്കി മാറ്റാൻ ശ്രമിക്കുന്ന കേന്ദ്രീകൃത സംവിധാനത്തിന്റെ യുക്തി യു.ജി.സി. ഇവിടെയും നടപ്പാക്കുകയാണ്. 2017 ൽ നാക് ആവശ്യപ്പെടുന്നത് രേഖകളാണ് പാൻ നമ്പറും ആധാർ നമ്പറും ഉൾപ്പെടെയുള്ള വ്യക്തി അധിഷ്ഠിത രേഖകൾ. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സ്വകാര്യ വിവരശേഖരണം. രേഖകൾ പരിശോധിക്കാൻ ഏർപ്പെടുത്തപ്പെടുന്നത് പുറത്തുള്ള ഏജൻസിയെയാണ് എന്ന് മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നു. ഉന്നത വിദ്യാഭ്യാസം ചരിത്രപരമായ പ്രതിസന്ധിയെ നേരിടുന്നു. അറിവിന്റെ മാനകങ്ങളെ മുൻപേ നിശ്ചയിക്കുന്ന, അറിവിന്റെ ബഹുസ്വരതയെ ഭയക്കുന്ന, ഏകീകൃത ബോധന തത്വശാസ്ത്രയുക്തിയെ പ്രഖ്യാപിക്കുന്ന, അത് ഭരണകൂട നയമായി സ്വീകരിക്കുന്ന ഇടമായി ഉന്നത വിദ്യാഭ്യാസം മാറ്റപ്പെടുന്നു. ശരിയും തെറ്റും മുൻധാരണയില്ലാതെ വിശകലന വിധേയമാക്കപ്പെടേണ്ടിടത്ത് ശരികളെ നിർണ്ണയിക്കുന്നതിന്റെ മൊത്തമായ ആശയ സംഹിതകൾ, അതിനുള്ള മാനദണ്ഡങ്ങൾ ഞങ്ങൾ തീരുമാനിക്കും എന്ന അധികാര യുക്തിയാണ് ഉന്നത വിദ്യാഭ്യാസത്തിൽ നാം നേരിടുന്ന യഥാർത്ഥ ബൗദ്ധിക പ്രതിസന്ധി. ഇത് തിരിച്ചറിഞ്ഞ് ഇടപെടാൻ കഴിഞ്ഞില്ല എങ്കിൽ വരുംകാല സിലബസുകളിൽ മിത്തുകളും കൽപ്പിതകഥകളും യാഥാർത്ഥ്യത്തെക്കാൾ മികവാർന്ന ചരിത്രഗാഥകളായി നമ്മൾ പഠിപ്പിക്കേണ്ടി വരും. ചരിത്രത്തിലെ ഇതിഹാസപുരുഷൻമാർക്ക് പകരം യക്ഷികഥകളിലെ മന്ത്രവാദ പരിസരങ്ങൾ നാം കഥനം ചെയ്യേണ്ടി വരും. ഗാന്ധിക്ക് അഭിമുഖമായി ഗോഡ്സെ വരുന്നകാലം വിദൂരമല്ല.

# പഞ്ചകർമ്മ ചികിത്സയെ അറിയുക

ആയുർവ്വേദ ചികിത്സയുടെ നിലവിലെ പ്രചാരത്തിൽ നിർണ്ണായകമായ പങ്കാണ് പഞ്ചകർമ്മചികിത്സക്കുള്ളത്. അതുകൊണ്ടുതന്നെ പഞ്ചകർമ്മ ചികിത്സാ എന്താണ്,അതിന്റെ ലക്ഷ്യം എന്താണ് എന്നതിനെക്കുറിച്ച് ഒക്കെ പൊതുസമൂഹത്തിന് അറിവ് ഉണ്ടാകേണ്ടത് ആവശ്യം തന്നെയാണ്. പൊതുജനാരോഗ്യരംഗത്ത് ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ രോഗ ചികിത്സയിലും രോഗപ്രതിരോധത്തിലും പഞ്ചകർമ്മചികിത്സാ അത്യന്താപേക്ഷിതമാകുന്നു. എന്നാൽ ചികിത്സയുടെ ശാസ്ത്രീയതയെ മറികടന്നുകൊണ്ടുള്ള വ്യവസായവൽക്കരണത്തിലേക്ക് പോകുന്ന ഒരു പ്രവണത ഇന്നു കണ്ടുവരുന്നുണ്ട്. അത് ഈ ചികിത്സയുടെ ഫലപ്രാപ്തിക്കും നിലനില്പിനും അപകടമാണ് എന്നകാര്യത്തിൽ തർക്കമില്ല.

പഞ്ചകർമ്മ ചികിത്സ എന്ന പേരു തന്നെ അർത്ഥമാക്കുന്നത് അഞ്ച് ചികിത്സാവിധികൾ എന്നതാണ്. ഇവയെ ശോധനചികിത്സ അഥവാ ശുദ്ധീകരണ ചികിത്സ എന്നാണ് അറിയപ്പെടുന്നത്. ശരീരത്തെ ശുദ്ധീകരിക്കുക, അതായത് രോഗകാരണങ്ങളായ ഘടകങ്ങളെ (ദോഷങ്ങളെ) പുറന്തള്ളികൊണ്ട് ശരീരത്തെ ശുദ്ധിചെയ്യുക എന്നതാണ്. അപ്രകാരം ശുദ്ധി ആയാൽ പിന്നെ ശരീരത്തിൽ രോഗങ്ങൾക്ക് നിലനിൽപ്പ് ഇല്ലാതെ ആകുന്നു. ആയുർവ്വേദ ശാസ്ത്രപ്രകാരം ശരീരത്തിന്റെ രോഗമില്ലാത്ത അവസ്ഥ എന്നുള്ളത് ദോഷധാതുമലങ്ങളാകുന്ന ശരീരഘടകങ്ങളുടെ സമാവസ്ഥയാണ്. ഇതുകളുടെ വിഷമാവസ്ഥയാണ് രോഗങ്ങൾക്ക് കാരണമായിതീരുന്നത്. അപ്രകാരം ദോഷധാതുവൈഷമ്യത്തിന് കാരണമാകുന്നവയെ രോഗോല്പാദകങ്ങൾ എന്നുപറയുന്നു. ഈ രോഗകാരണങ്ങളെ ശരീരത്തിൽ നിന്നും പൂർണ്ണമായി പുറന്തള്ളികൊണ്ട് ആരോഗ്യത്തെ സംരക്ഷിക്കുകയാണ് പഞ്ചകർമ്മ ചികിത്സയുടെ പരമമായ രഹസ്യം.

അഞ്ച് ചികിത്സാരീതികൾ എന്നു പറയുന്നത് :(1) വമനം (ഛർദ്ദിപ്പിക്കൽ) (2) വിരേചനം (വയറിളക്കൽ) (3) നസ്യം (മൂക്കിൽ മരുന്ന് ഇറ്റിച്ച് ദോഷങ്ങളെ പുറത്തുകളയൽ) (4) കഷായവസ്തി (കഷായപ്രയോഗത്തിലുള്ള Enema) (5) സ്നേഹവസ്തി (തൈലപ്രയോഗത്തിലുള്ള Enema) ഇവയാണ്. ഇവയിൽ അഞ്ചാമതായി പറഞ്ഞ സ്നേഹവസ്തിയെ ഒഴിവാക്കി രക്തമോക്ഷത്തെ (Blood letting) ഉൾപ്പെടുത്തികൊണ്ടുള്ള മറ്റൊരു അഭിപ്രായവും നിലവിലുണ്ട്. രക്തദുഷ്ട്യം രോഗകാരണമാകുമ്പോൾ ദുഷിച്ച രക്തത്തെ പുറത്തേക്ക് കളയുന്നത് തന്നെയാണ് പ്രധാന ചികിത്സ എന്ന തത്വത്തെ മുൻനിറുത്തിയാണ് രക്തമോക്ഷത്തെ പഞ്ചകർമ്മത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള അഭിപ്രായത്തിന്റെ കാതൽ.

രോഗകാരണമായ ദോഷങ്ങളെ പൂർണ്ണമായും പുറന്തള്ളിയാൽ മാത്രമേ രോഗങ്ങൾ വീണ്ടും ഉണ്ടാകാതെ ഇരിക്കുകയുള്ളൂ. ആയതിനാൽ പഞ്ചകർമ്മ ചികിത്സയുടെ ഭാഗമായി രോഗങ്ങളുടെ കാരണമായ ദോഷങ്ങളെ ശരീരത്തിൽ നിന്നും പൂർണ്ണമായി ഇളക്കി പുറത്തേക്കുകളയുവാൻ സജ്ജമാക്കേണ്ടതുണ്ട്. അതിനു വേണ്ടി ചെയ്യുവരുന്ന വിവിധതരത്തിലുള്ള പ്രയോഗങ്ങളെ എല്ലാം കൂടിചേർത്ത് "പൂർവ്വ കർമ്മങ്ങൾ" എന്ന പേരിൽ അറിയപ്പെടുന്നു. ശരീരത്തിൽ മരുന്ന്പൊടികൊണ്ട് തിരുമ്മുക, എണ്ണ തടവി വിയർപ്പിക്കുക, എണ്ണ ചോരാതെ ഔഷധ പൊടികൾ വറുത്ത് കിഴികെട്ടി ആ കിഴി ചൂടാക്കി ശരീരത്ത് തടവുക, ആ കിഴി തന്നെ കഷായം പോലുള്ളദ്രവദ്രവ്യത്തിൽ മുക്കി ചൂടാക്കി

ഡോ. എസ്. പ്രദീപ്
ആയുർവ്വേദ കോളേജ്, ഒല്ലൂർ



തടവുക, ഔഷധങ്ങളും (പൊടിച്ചത്) ഔഷധഗുണമുള്ള ഇലവർഗ്ഗങ്ങൾ, നാരങ്ങ, മുതലായവ ഉചിതമായ എണ്ണയിൽ വറുത്ത് കിഴികെട്ടി, ആ കിഴികൾ യോജിച്ച തൈലത്തിൽ മുക്കി ചൂടാക്കി കിഴി തടവുക, തൈലങ്ങൾ പാകത്തിന് ചൂടാക്കി തുണിമുക്കി പിഴിഞ്ഞൊഴിക്കുക, കിണ്ടി മുതലായ പാത്രത്തിലെടുത്ത് ധാരയായി ശരീരത്തിൽ ഒഴിക്കുക തുടങ്ങിയ ക്രിയകൾ എല്ലാം പൂർവ്വകർമ്മത്തിൽ പെടുന്നവയാണ്. ഇത്തരത്തിലുള്ള പൂർവ്വ കർമ്മങ്ങളിൽ ഉചിതമായവ ചെയ്യുകകൊണ്ട് രോഗകാരണങ്ങളായ ദോഷങ്ങൾ പൂർണ്ണമായി പുറന്തള്ളപ്പെടുകയും രോഗങ്ങൾ വീണ്ടും തിരിച്ചുവരാത്ത വിധത്തിൽ ശമിക്കുകയും ചെയ്യുന്നു. ഇതുതന്നെയാണ് പഞ്ചകർമ്മ ചികിത്സ കൊണ്ട് ലക്ഷ്യമാക്കുന്നത്.

പൂർവ്വകർമ്മങ്ങൾക്കുശേഷം ചെയ്യുന്ന കർമ്മമാണ് "പ്രധാനകർമ്മം". അതിനുശേഷം ക്ഷീണമെല്ലാം അകറ്റി ശരീരത്തെ പൂർവ്വസ്ഥിതിയിലേക്ക് (രോഗമില്ലാത്ത അവസ്ഥയിലേക്ക്) കൊണ്ടുവരുന്ന കർമ്മങ്ങളെ "പശ്ചാത് കർമ്മങ്ങൾ" എന്നു പറയുന്നു. പഞ്ചകർമ്മ ചികിത്സയുടെ ഭാഗമായിട്ടുള്ള പഥ്യമായ ആഹാര വിഹാരങ്ങളാണ് പശ്ചാത്കർമ്മങ്ങൾ. ഇപ്രകാരം പൂർവ്വകർമ്മങ്ങൾ ആകുന്ന തൈലം പുരട്ടൽ, കിഴി മുതലായവയും, പ്രധാനകർമ്മങ്ങൾ ആകുന്ന ഛർദ്ദിപ്പിക്കൽ, വയറിളക്കൽ തുടങ്ങിയവയും പഥ്യാപഥ്യങ്ങളായ പശ്ചാത്കർമ്മങ്ങളും കൂടിചേർന്നതാണ് പഞ്ചകർമ്മ ചികിത്സ എന്നുപറയുന്നത്.

## പഞ്ചകർമ്മചികിത്സയിലെ പ്രധാന ചികിത്സകൾ

(1)വമനം (ഛർദ്ദിപ്പിക്കൽ)

ഛർദ്ദിപ്പിക്കേണ്ട രോഗിയെ നന്നായി പരിശോധിച്ച് ഛർദ്ദിപ്പിക്കുന്നതിനുള്ള യോഗ്യത നിർണ്ണയിക്കുകയാണ് ആദ്യമായി ചെയ്യേണ്ടത്. അതിനുശേഷം ഉചിതമായ ഔഷധവും,മറ്റ സജ്ജീകരണങ്ങളും സംഘടിപ്പിച്ച് ക്രിയാക്രമപ്രകാരം (Procedure) ദോഷങ്ങളെ ഛർദ്ദിപ്പിച്ച് പുറത്തേക്ക് കളയുകയാണ് ചെയ്യുക. ഏറെ ശ്രദ്ധയോടെയും, മുൻകരുതലുകളോടും കൂടി ചെയ്യേണ്ട ക്രിയ ആണിത്. അല്ലാത്തപക്ഷം അപകടസാധ്യത കൂടുതലാണ്.

(2) വിരേചനം (വയറിളക്കൽ)

രോഗിയെ പരിശോധിച്ച് വയറിളക്കാനുള്ള യോഗ്യത നിർണ്ണയിച്ചതിനുശേഷം വിധി പ്രകാരമുള്ള ഔഷധം യഥാവിധി കൊടുത്ത് വയറിളക്കി ദോഷങ്ങളെ പുറന്തള്ളുന്ന പ്രക്രിയ ആണ് ഇത്. ഈ ക്രിയ ചെയ്യുമ്പോൾ നിർജലീകരണം (Dehydration) പോലുള്ള അപകടങ്ങൾ ഉണ്ടാകാതെ മുൻകരുതലുകൾ ആവശ്യമാണ്.

(3) വസ്തി (Enema)

ദ്രാവക രൂപത്തിലുള്ള ഔഷധപ്രയോഗമാണിത്. ഇത് കഷായം ചേർത്ത് ചെയ്യുന്നവ എന്നും, തൈലം മാത്രമായി ചെയ്യുന്നവ എന്നും പൊതുവെ രണ്ടുതരത്തിൽ ഉണ്ട്. കഷായം തുടങ്ങിയവകൊണ്ട് കൂടിയ അളവിൽചെയ്യുന്ന "കഷായവസ്തി" തന്നെയാണ് ഇവയിൽ പ്രധാനം. ഏറെ അപകടസാധ്യതയുള്ള ഈ ക്രിയാകർമ്മം (Procedure) പരിചയസമ്പന്നനും, വിദഗ്ദനുമായ ഡോക്ടറാൽ കൈകാര്യം ചെയ്യപ്പെടേണ്ടതാണ്.

(4) നസ്യം

കുറഞ്ഞ അളവിലും കൂടിയ അളവിലും മൂക്കിൽ കൂടിയുള്ള ഔഷധപ്രയോഗമാണ് നസ്യം എന്ന് അറിയപ്പെടുന്നത്. ഇവിടെയും രോഗിയെ വേണ്ടവിധത്തിൽ പരിശോധിച്ച് യോഗ്യനാണ് എന്ന് ഉറപ്പുവരുത്തണം. വിധിപ്രകാരം ചെയ്യുന്ന നസ്യപ്രയോഗം ശിരസ്സിനെ ആശ്രയിച്ച് ഉണ്ടാകുന്ന രോഗങ്ങൾക്ക് ഏറെ ഫലപ്രദമാണ്.

(5) രക്തമോക്ഷം (Blood Lttiing)

രക്തത്തെ പുറത്തേക്ക് സ്രവിപ്പിച്ച് കളഞ്ഞ് രോഗമുക്തി ഉണ്ടാക്കുന്ന ചികിത്സാവിധിയാണിത്. സിര (Vein) മുറിച്ച് രക്തം കളയുക, മൂർച്ചയുള്ള ബ്ലേഡ് കൊണ്ട് കൊത്തി (Prick) രക്തം കളയുക, അട്ടയെ കടിപ്പിച്ച് രക്തം കളയുക ഈ മാർഗ്ഗങ്ങൾ എല്ലാം ഈ വിഭാഗത്തിൽ പെടുന്ന ചികിത്സാരീതികൾ ആണ്.

എല്ലാ രോഗങ്ങൾക്കും ഉള്ള ആയുർവ്വേദ ചികിത്സയിൽ പഞ്ചകർമ്മചികിത്സക്ക് തന്നെയാണ് പ്രാധാന്യം. പഞ്ചകർമ്മ ചികിത്സ വിധിപ്രകാരം ചെയ്താൽ രോഗങ്ങൾ പൂർണ്ണമായി ഭേദമാകുന്നു എന്നുള്ളതാണ് അതിന്റെ പ്രാധാന്യം.



# മതം മാറിയ കവിത

മതംമാറിയ
ഒരു കവിത
ആരുമറിയാതെ
അവിഹിത വാക്കുകളിലൊന്നിനെ
ഗർഭത്തിൽ പേറി.

പൊക്കിൾക്കൊടി
ചുറ്റിയിറങ്ങിക്കേറി
നിത്യവും അത്
അമ്മയുടെ നാവിലെ
ഭദ്രകാളിയായി

ഇടയ്ക്കൊക്കെ
ഇടനാഴിയിലൂടെ
നൃത്തിറങ്ങി
അവിശ്വാസങ്ങളുടെ
തീവഴിയിൽ
കനലായി പൊഴിഞ്ഞു.

മറ്റുചിലപ്പോൾ
അനക്കമില്ലാത്ത
പ്രതിമയായി
അടച്ചുറപ്പില്ലാത്തിടത്ത്
ശ്വാസംമുട്ടി.
ആരുമാരും

പങ്കിട്ടെടുക്കാത്ത
പ്രസവവേദനയുടെ ആഴം
പ്രവാചകന്മാരറിയാതെ
ഭൂമിയുടെ മേൽ
പുളഞ്ഞുകിടന്നു.

കൈയ്യും കാലും മുറിഞ്ഞ
സൃഷ്ടിയുടെ മേൽ
ചുറ്റിപ്പിടിച്ച്
അലറാൻ മാത്രമായി
ആരൊക്കെയോ
പതുങ്ങി നടന്നു.

മരണം ഭയന്ന്
മതമായി മാറിയ വാക്ക്
പരിണാമകതസ്സ്
വിപരീതമായ്
രൂപാന്തരം പ്രാപിച്ച്
മാതൃകോശത്തിൽ
പൊട്ടിത്തെറിച്ചു!

ആര്യാഗോപി
ആയുർവ്വേദ കോളേജ്, ഒല്ലൂർ



# Innovation & Entrepreneurship in Technical Education

Engineering and technology in the country have to be driven by competent scientists and engineers for our better future. Engineering is a preferred discipline which covers almost for one fourth of the total enrollment in higher education. Every engineering and technical institute in the country must make maximum effort to develop a potential technical manpower. We are creating a society that is inclusive and equitable. India has a huge reserve of needs in critical areas such as agriculture, health,education,energy which is depriving large sections of our populations hopeful to opportunities that would enhance future. This is high time to intervene in the innovation perspective of our nation.

Presently India is spending around 0.85% of its GDP for research & development where the percentage of GDP spent by other countries are as follows, South Korea 4.29, Japan 3.58, Germany 2.8, USA 2.7, China 2.1. Scientists can genuinely think that here is a mismatch between the policies of the central government in the allocation of funds to the research agencies and its intention to become a global scientific power in 2022. Thus we can't rely only on central universities for research outputs, but we need to create our own innovative ecosystem around us.

Innovation is the introduction of new ideas, goods, services, and practices which are intended to be useful. An essential element for an innovation is its application in a commercially successful manner. Innovation can offer solutions to existing problems of the society which can enhance access, affordability, service delivery which improves the lives of the society. Innovation is the outcome of two important steps;- first, the generation of an idea or invention; and second, the conversion of that invention into business/commercial development.

In this cost competitive and fast pacing world, where technologies and products become outdated, the companies need to device unconventional policies and ways to expand with a range of new products. Companies should create breakthrough technologies that would develop new market or a new demography. In the larger sense, innovation depends upon a mutual, synergistic set of interactions that includes

**Dr. Vinod V.**
NSS Engineering College,
Palakkad



not only science, engineering and technology, but social, political and economic interactions as well. We need new arrangements that foster the kind of integration that supports innovation, social and economic wellbeing of the society.

Government may not be able to give job opportunities for the major qualified applicants. For promoting entrepreneurship we need to understand the skills that foster the capacity for risk taking, imagination, and a tolerance for unfamiliar and uncertain territory. Our institutions must be equipped enough to impart these skills to our students so that they can be their own boss instead of job seekers. Students may be able to identify the solution through innovation to a socially relevant problem/issue and try to scale it up, so that they can convert it as a best opportunity to start their own business. When an innovation caters the need of common people its marketability also increases.

We should have a solid Vision and Mission which should focus on achievement of SMART (S-Specific, M-Measurable, A- Achievable, R- Realistic, T-Time bound) goals. An approach can be adopted in the following key forces of the education sector for attaining these goals.

**Student**

Students must get a real time exposure of the working of a company with the familiarisation of latest technology. Then they should be given ample opportunity to think on specific problem sectors so that they can come up with practically viable and economically feasible solutions. These solutions can be fine-tuned to get better solutions. Students interested in technology& entrepreneurship can be identified from the colleges of various engineering disciplines and business. These students can be grouped, and tasks can be assigned to them to get the results. The thinking pattern of students from various sectors like engineering and business will be different. Thus interdisciplinary participation ensures diverse project teams. These dynamic mixed groups can make wonderful solutions to various problems of the society.

Students should be encouraged to attend, present, and exhibit their ideas in different competitions, exhibitions, seminars and workshops at national and international levels. They should be motivated to visit and interact with successful entrepreneurs to study and understand their career path and challenges faced by them. They should also cultivate habit to understand financial marketing strategies by networking. Competitions should be arranged at different levels such as university, state, national and international in order to showcase their hidden talents. Best innovative ideas are to be encouraged for patenting and can be commercialized. This type of an ecosystem can be initially developed in school level so that they can be easily moulded further during the later stage. As per the inclinations of the student they could be sent for training in order to understand the business plan of entrepreneur. Further, students can be asked to prepare business plan of their choice with financial and marketing considerations. Student counseling towards entrepreneurship is also advisable.

**Courses**

Engineering and Science students can take interdisciplinary courses and on business basics. These





courses establish students' expertise and confidence in understanding a work outside their major area. Students can also work as product/process design teams, executing the idea-to-product viability,evaluation including marketing and finance analysis, and product prototyping. Students can identify the value of team communications, creative problem solving, and the experience of working in real field with experts will definitely refine their skill sets. The projects should be time bound and requires specific outcomes, like innovations or deliverables which can even lead to patents.

The courses for students must comprise of real time case studies, student projects based on the actual requirements of society, internships, guest lectures etc. External reviews of student assignments can be done by venture capitalists, industrial & management experts. All courses involve teamwork and focus on presentation skills. Even academics can be scheduled as per convenience of teachers and students to impart different skills. A team of dedicated and trained faculty would be available at all times to support the students. Thus an overall development of students can be expected with a focus on social commitment.

**Facilities& Skill development**

Industrial forums, Management organisations, Research organizations, District Industries centre, Professional agencies, Department of Science &Technology (DST) can initially establish infrastructure at district level/college level which can be used by all stakeholders to do interdisciplinary projects. Further they can identify colleges on the basis of their contribution towards innovation, College must have research centre recognised by affiliated university or any research organisation. All facility should be provided by the institute to do projects in the college itself. Faculty and instructors must be given industrial exposure so that their experience and enthusiasm can support students during lab and project work. Students should be encouraged to use these facilities for project and product developments. Intellectual skills and motor skills are essential component of engineering curriculum. In order to develop motor skills during lab practical, batch size should be reduced or set of experiments has to be increased. Internship/ Industrial training have to be made compulsory for students which would help in their projects.

**Faculty**

In order to create an innovative and entrepreneurship ecosystem we have to maintain faculty dignity. Faculty must be given training for improving their entrepreneurial competencies and opportunities must be given to them to interact with company executives to know the requirements of industries. Faculty must be empowered with decisions and should be initially oriented towards this ecosystem. Faculty should be given full freedom to deliver the course content in the prescribed time as per the present ecosystem. They should be given sufficient funding as seed money for various support activities/ genuine requirements during the process of moulding student start-ups. Those faculty contributing more towards innovation and building entrepreneurship among student be rewarded and their academic load can be proportionally reduced.

If all the stakeholders decide to work in synergy with the focused goal of moulding innovation &entrepreneurship culture among aspirants, we can definitely expect great change in the technical scenario of coming years. But it requires continuous effort and follow up from its mentors. All such efforts will aid our novel concept of "Make in India". It could be the right march towards the transformation of our great country India into a developed nation.

# ഹ(രി)തം

ചെമ്പകപ്പൂങ്കുലയിൽ നിന്ന്
ആകാശത്തുറസ്സിലേക്ക്
സുഗന്ധരേഖ വരച്ച്
പറന്നു മറഞ്ഞ
വെണ്ണവയറൻ  കിളികൾക്ക്
പിറകേ
പൂവാങ്കുറുന്നിലക്കരിമഷി പടർന്ന
നോട്ടമൊന്നവൾ
എയ്തു വിട്ടിട്ടുണ്ട്.

തോട്ടുവരമ്പിൽ നിന്ന്
കയ്യോന്നിപ്പൂ നുള്ളി
ഇടം കാതിലും
കുന്നിൻ പള്ളയിൽ നിന്നൊരു
കാട്ടുചെക്കിപ്പൂവ്
വലം കാതിലും
ചന്തത്തിലണിഞ്ഞിട്ടുണ്ട്.

പതിയേ
നടന്ന് നടന്നവൾ
പോയ വഴിയിൽ
പൊഴിഞ്ഞു വീണ
നക്ഷത്രങ്ങളല്ലാതെ
അടയാളങ്ങൾ
മറ്റൊന്നുമില്ല.

പുഴയിലിപ്പോൾ
പൂവാങ്കുറുന്നിലക്കൺമഷി
പടർന്നിട്ടുണ്ട്.
നെറ്റിയിൽ
തിളങ്ങുന്ന ഒറ്റപ്പൊട്ടുള്ള
ചൊട്ടക്കണ്ണി
എന്നൊരു മീൻ
ജലോപരി
മലർന്നു ശയിക്കുന്ന
അവളുടെ നെറ്റിയിൽ
പതിഞ്ഞമർന്ന് ചുംബിക്കുന്നുണ്ട്.

**സോന പി**
പയ്യന്നൂർ കോളേജ്



# സ്വസ്തി ഭാവസൂര്യ

പ്രതിഭയങ്ങനെ കവിതയായി വിളങ്ങുമിശതയറിയവേ
തരളിതം മമചിത്തമൻപൊട്ടുയർന്നിട്ടും സ്വൈരതയാൽ
ശ്രാവ്യമാകും മൊഴികളിൽ നീ കവിതയായിപ്പടരവേ
തിരയടിച്ചാർക്കുന്നൊരർണ്ണവതുല്യമീ ഗാനാരവം

ഭൂമി തന്നുടെ ചരമഗീതം കവിതയായിച്ചൊല്ലി നീ
ബധിരകർണ്ണേ വന്നുവീണതു വത്സരങ്ങൾ പിന്നിലായ്
ഇന്നുനീയാച്ചൊന്നതിൻ പൊരുളാകെയും വെളിവാകവേ
മാപ്പുനൽക മഹാകവേയാ വാക്കു കേട്ടീടാഞ്ഞതിൽ

എത്രപേർ വന്നാടിനിന്നാ നടനവേദിയിൽ നീയുമായ്
ചൊന്നതൊക്കെയുമന്നു നീയും തന്നു കവിതാഭംഗിയിൽ
പൂർണ്ണചന്ദ്രനുദിച്ച രാവിൽ ഭൂമിയൊക്കുംപോലവേ
കവിതയാകും പ്രഭയതങ്ങനെയൊഴുകി നിന്നു ഞങ്ങളിൽ

ചോഴിവന്നാ *മുത്തിതന്നുടെ കൈകവർന്നൊരു വേളയിൽ
തപ്തമാനസരായി ഞങ്ങൾ മുത്തിതന്നുടെയൊപ്പമായ്
ഇറ്റുകൂടെ മുറുക്കി വീണ്ടും മുത്തിയങ്ങന്നിരിക്കവേ
പ്രായഭേദം തെല്ലുമില്ലാ ഞങ്ങളും ചെറുബാല്യമായ്

നല്ല ചന്ദ്രിക വിരിവിരിച്ചൊരു രാത്രിയിൽ നീയേകനായ്
അന്ധബാലിക വീണമീട്ടിയ ഭവനമൊന്നിനകത്തളേ
അമ്മയില്ലാക്കുഞ്ഞിനായൊരു സർഗ്ഗഗീതം മീട്ടവേ
കരുണയൊഴുകിന മിഴികളാൽ നീ നിന്നു ബീഥോവനുസമം*

പിന്നെ ഭഷയ്ക്കേകിയങ്ങാ നറുസുഗന്ധമെഴുന്നതാം
എണ്ണിയാൽത്തീരാത്ത മാലിക ചിത്രമൊത്തു ചലിക്കയായ്
കവിതനിറയും ഭാവഗീതം ദേവശബ്ദസമന്വിതം
അലയടിച്ചങ്ങാർത്തിരമ്പുന്നന്നുമിന്നുമതെന്നുമേ

ജ്ഞാനപീഠപുരസ്കൃതം തവനാമമങ്ങനെ കാൺകവേ
പൂർവ്വസൂരികളെത്രപേരുടെയുള്ളമന്നു കുളിർത്തഹോ
അർഹമായിട്ടുമക്കരത്തിൽ നേട്ടമങ്ങനെ ചേരവേ
കൈരളിക്കഭിമാനമന്നാ വാനമോളമുയർന്നുപോയ്

അങ്ങപാരതതന്നിലായി കവിതയെഴുതുവാക്കെയും
വാനവീഥിയിലായിരം ചെറുതാരമായി വിരിഞ്ഞിതേ
'സൂര്യഗീതം' ചൊല്ലിയിന്നീയരുണനെയുമുണർത്തവേ
'അമ്മ' ചൊല്ലിക്കേട്ട ദേവകൾ മിഴിനിറച്ചതു മാരിയായ് ***

കതിരയൊന്നിൻ പുറമതേറിവരുന്ന സോദരനാകുവാൻ
അന്യയാമപ്പെണ്ണിനെയും പെങ്ങളായിട്ടെണ്ണുവാൻ
ശ്യാമസൂര്യൻ തിരികെയെത്തും കവിതയായിപ്പെയ്യുവാൻ
പ്രിയകവേ നീയെന്നുമങ്ങനെയുൾത്തടത്തിൽച്ചേരുക ****

ശാന്തിവാടമതിങ്കലായ് നിറനിദ്രയാളിന കവിവരാ
ശാന്തനായഭിമാനിയായിളവേൽക്കുകെന്നുടെ പ്രിയഗുരോ
അങ്ങുതന്നൊരു കവിതയെല്ലാം അമരഗീതമതല്ലയോ
അങ്ങുനൽകിയ ദീപമാളുകളേറ്റിനില്പുണ്ടാദരാൽ!



ഡോ. ഇന്ദുലാൽ ജി.



* മുത്തിയും ചോഴിയും
** നിലാവിന്റെ ഗീതം
*** സൂര്യഗീതം, അമ്മ
**** കോതമ്പുമണികൾ, പെങ്ങൾ, തിരികെവരും ഹേ ശ്യാമസൂര്യ
എന്നീ ഒ.എൻ.വി. കവിതകളാണ് വിവക്ഷ.



# അധികാരത്തിന്റെ ഏകാന്തത

ഡോ. എൻ. രേണുക
എൻ.എസ്.എസ്. കോളേജ്
ചേർത്തല



പ്രചോദിപ്പിക്കുന്ന നഗരമാണ് ഹൈദരാബാദ്. പൗരാണികതയുടെ മുദ്രകൾ പതിഞ്ഞുകിടക്കുന്ന ഭൂമിശാസ്ത്രം. കോട്ടകൾ, ശവകുടീരങ്ങൾ... ടൂറിസത്തിന്റെ വ്യവസായതന്ത്രങ്ങളെ മുഴുവൻ ഉൾക്കൊള്ളുന്ന എത്രയോ കാഴ്ചകൾ... എന്നിട്ടും പ്രണയവും സംഗീതവും ദേവദാസിക്കഥകളും ഉറങ്ങുകിടക്കുന്ന ഗോൽക്കൊണ്ട ഫോർട്ടും അതിന്റെ ഉന്നതങ്ങളിൽ നിന്നു നോക്കുമ്പോൾ അകലെയായി കാണുന്ന കുത്തബ്ഷാഹി ശവകുടീരസമുച്ചയവും എന്തുകൊണ്ടോ സംഗീതസാന്ദ്രമായ ഭൂതകാലത്തെ ഓർമിപ്പിക്കുന്നു. സുൽത്താൻമാരുടെയും റാണിമാരുടെയും കുടീരങ്ങൾക്കിടയിൽ കൊട്ടാരനർത്തകികളായ രണ്ടു ദേവദാസികളുടെ സ്മാരകങ്ങളുമുണ്ട്. രാജാധികാരത്തിന്റെ തുടർച്ചകളിൽ കലയ്ക്ക് വേണ്ടി സമർപ്പിതമായ ജീവിതം നയിച്ച രണ്ടു സ്ത്രീകളെയും മാനിച്ചിരിക്കുന്നുവെന്നത് നിസ്സാരമായ കാര്യമല്ല. ഇതൊരു സൂചനയാണ്. ഭഗമതി എന്ന ദേവദാസിയുടെ നിത്യസ്മരണയ്ക്കുവേണ്ടിയാണ് ഹൈദരാബാദ് എന്ന പേരുപോലും ഉണ്ടായത്. പ്രണയത്തിന്റെയും കലയുടെയും പേരിൽ ഒരു നഗരം



നാമകരണം ചെയ്യപ്പെടുക എന്നത് ശ്രദ്ധേയമാണ്. പ്രിയപ്പെട്ടവളോട് സംവദിക്കുന്ന രാജധാനി. ഉർദുഭാഷ സാഹിത്യമായി പരിഗണിച്ചിരുന്ന ദക്ഷിണേന്ത്യയിലെ പ്രവേശന കേന്ദ്രമായിരുന്ന ഗോൽക്കൊണ്ട. അധികാരത്തിന് ഒരുതരം ഏകാന്തതയുണ്ട്. പടയോട്ടങ്ങളിലും ആക്രമിക്കപ്പെട്ട ഇടത്തിലും എല്ലാം ചിത്രകലയായും സംഗീതമായും നൃത്തമായും വാസ്തുകലയായും ഒക്കെ അധികാരത്തിന്റെ ഈ ഏകാന്തതയാണ് ആവിഷ്കരിക്കപ്പെട്ടത്. ഹിന്ദുസ്ഥാനി സംഗീതചരിത്രത്തിൽ ഇസ്ലാം വംശാവലികളുടെ ഓർമകളുണ്ട്. സംഘർഷങ്ങളും സമന്വയങ്ങളും ഉണ്ട്. ക്ഷേത്രകേന്ദ്രിതമായിരുന്ന അനുഷ്ഠാനസംഗീതമാതൃകകളെ മതേതരവും ഭാവസാന്ദ്രവുമായ ആവിഷ്കാരരൂപങ്ങളായി പരിവർത്തിപ്പിച്ചതിന്റെ ചരിത്രത്തിൽ ഭരണമാറ്റങ്ങൾക്ക് വലിയപങ്കുണ്ട്. ഹിന്ദുസ്ഥാനി സംഗീതത്തിൽ ഉപയോഗിക്കുന്ന 'ഘരാന' എന്ന പദം പോലും ശൈലിയെക്കാൾ സംസ്കാര സംക്രമണത്തെയാണ് സൂചിപ്പിക്കുന്നത്. സംഗീതശൈലികളും കലാജീവിതങ്ങളും സാമൂഹികപരിണാമഘട്ടങ്ങളും കലർന്നുവരുന്ന സവിശേഷമായ ഒരു ഭാവുകത്വത്തെയാണ് ഈ പദം പ്രതിനിധാനം ചെയ്യുന്നത്. ദേശസൂചനകളായാണ് ഘരാനകൾ അറിയപ്പെടുന്നത്. ആഗ്ര, ഗ്വാളിയോർ, ഇൻഡോർ, ജയ്പൂർ, കിരാന, പാട്യാല, ദൽഹി എന്നിങ്ങനെ... ചിലത് വ്യക്തികളുടെ പേരിലും... മെയ്ഹർ ഗ്രാമത്തിന്റെ ധ്വനിഭേദങ്ങൾ ബാബാ അലാവുദ്ദീൻ ഖാനെ ഓർമിപ്പിക്കുന്നതുപോലെ. ഉസ്താദ് അബ്ദുൾകരീം ഖാനും, ഉസ്താദ് അമീർഖാനും സ്വയം സംഗീതവഴികളായി രൂപാന്തരപ്പെടുംപോലെ. ആദ്യകാലത്ത് ഓരോ ഘരാനയും കലർപ്പുകളില്ലാതെ നിയമങ്ങൾക്കുള്ളിൽ വംശീയമായ ശുദ്ധികൾക്കുള്ളിൽ തുടർന്നു. മറ്റു ഘരാനകളിൽ നിന്നു വരുന്നവരെ അഭ്യസിപ്പിക്കുന്നതുപോലും അപരാധമായി വിശ്വസിച്ചു. സംഗീതവഴികൾ കാലാനുസൃതമായി പരിണമിക്കുകയായിരുന്നു. കലർപ്പുകളുടെ കാലം പിറന്നു. ശബ്ദസംവിധാനം, സ്വരത്തിനും ഭാവത്തിനും നൽകുന്ന ഊന്നലുകൾ, താളക്രമീകരണം, ജീവിതദർശം, ഗുരു-ശിഷ്യപരമ്പര എന്നിങ്ങനെ ഘരാനയെ നിർണ്ണയിക്കുന്ന ഘടകങ്ങളെ അംഗീകരിക്കുമ്പോഴും മറ്റു ഘരാനകളിലെ സ്വീകാര്യമായ ശൈലികളെ സ്വാംശീകരിക്കാൻ സംഗീതജ്ഞർ സന്നദ്ധരായി. നൂറ്റാണ്ടുകളിലൂടെ സഞ്ചരിച്ചെത്തിയ ഇന്ത്യൻ സംഗീതചരിത്രം വലിയ മാറ്റങ്ങൾക്ക് വിധേയമാകുന്നത് പത്തൊൻപതാം നൂറ്റാണ്ടിൽ ഫ്യൂഡൽ ഭരണരീതികൾ നിലച്ചുതുടങ്ങിയതിനുശേഷമാണ്. 'ഘരാന'കൾ സ്വതന്ത്രവും സജീവവുമാകുന്നത് അപ്പോഴാണ്. ദർബാറുകൾ ഉപേക്ഷിച്ച് സംഗീതജ്ഞർക്ക് സ്വന്തം നഗരങ്ങളിലേക്ക് മടങ്ങേണ്ടിവന്നു. അധികാരത്തിന്റെയും കലയുടെയും ഏകകേന്ദ്രിതമായ കാലം അവസാനിക്കുമ്പോൾ സംഗീതത്തിന്റെ പേരിൽ സ്വന്തം ഐഡന്റിറ്റി സ്ഥാപിക്കുക എന്നതായിരുന്നു അവരുടെ മുൻപിലുള്ള വെല്ലുവിളി. സ്വന്തം ദേശത്തിന്റെ പേരിൽ നിലനിൽക്കാനുള്ള ആഗ്രഹത്തിന്റെ ഫലമായിക്കൂടി 'ഘരാന'യെ കാണേണ്ടതുണ്ട്.

പതിമൂന്നാം നൂറ്റാണ്ടിൽ ഇസ്ലാം ഭരണത്തിനു കീഴിൽ രൂപപ്പെട്ട കൂട്ടായ്മകൾ, മെഹ്ഫിലുകൾ സംഗീതത്തിൽ ജനകീയമായ അഭിരുചികൾ സാധ്യമാക്കി. ഹിന്ദു-മുസ്ലീം കലാസങ്കല്പങ്ങളുടെ അനുരഞ്ജനങ്ങളും നവീകരണങ്ങളുമാണ് ഇക്കാലത്ത് നടന്നത്. ഖവാലി,

തരാ, ഖയാൽ എന്നീ സംഗീതപദ്ധതികളോടൊപ്പം വാദ്യോപകരണങ്ങളും രൂപപരമായി പരിവർത്തിച്ചു. സൂഫി ആചാര്യന്മാരിലൂടെയാണ് ഈ മിശ്രകാലം ആരംഭിക്കുന്നത്. ഉത്തരേന്ത്യൻ ക്ഷേത്രങ്ങളിൽ നിലനിന്നിരുന്ന ഗാനരീതികൾ ഇവർക്ക് സ്വീകാര്യമായി അനുഭവപ്പെട്ടു. മതതത്വങ്ങൾ പ്രചരിപ്പിക്കുവാൻ ഇവ ഉപാധികളായി മാറി. ഖ്വാജ മൊയ്നുദ്ദീൻ, ഹസ്റത്ത് നിസാമുദ്ദീൻ, ഷെയ്ഖ് അലാവുദ്ദീൻ തുടങ്ങിയ സൂഫി സന്ന്യാസിമാർ 'ഖവ്വാലി' എന്ന സംഗീതരൂപം അവതരിപ്പിച്ചു. ഈ വഴികളിൽ ഹസ്റത്ത് അമീർ ഖുസ്രുവിന്റെ സംഭാവനകൾ വലുതാണ്. ഇന്ത്യയുടെ ഉപദേശീയതകളിലെല്ലാം ഇസ്ലാം പാരമ്പര്യവും സംസ്കാരവും ജകീയമാക്കുവാൻ അമീർ ഖുസ്റു നൽകിയ സംഭാവനകൾ സവിശേഷശ്രദ്ധയാകർഷിക്കുന്നു. ഇന്ത്യൻ സംഗീതശൈലിയുടെ പരിണാമത്തിന് ഖുസ്രു ദിശാബോധം നൽകി. പേർഷ്യൻ രാഗങ്ങളുമായി സംയോജിപ്പിച്ചുകൊണ്ട് പുതിയ രാഗങ്ങൾ ആവിഷ്കരിച്ചു. സൂഫി ഭക്തിഗാനശൈലിയായ 'ഖവ്വാലി'യെ അംഗീകൃത സംഗീതപദ്ധതിയായി വികസിപ്പിച്ചത് ഖുസ്റുവാണ്. വിവിധ ദർബാറുകളിൽ സൈനികനായും മന്ത്രിയായും കവിയായും സംഗീതജ്ഞനായുമൊക്കെ ജീവിച്ചതിന്റെ അനുഭവജ്ഞാനമാണ് ഖുസ്റുവിനെ മിശ്രസംഗീതശൈലിയുടെ അവതാരകനാക്കിത്തീർത്തത്. ഒരിക്കൽ ദക്ഷിണേന്ത്യൻ സംഗീതജ്ഞനായിരുന്ന ഗോപാൽനായ്ക്കിന്റെ സംഗീതം ഖുസ്റു കേൾക്കാനിടയായി. രാഗപദ്ധതികൾ മാത്രമല്ല, പദാവലികൾ പോലും നവീകരണം ആവശ്യപ്പെടുന്നുവെന്ന് ഖുസ്റുവിന് തോന്നി. അക്കാലത്ത് മദ്ധ്യേഷ്യയിൽ ഏറ്റവും പുരോഗതി നേടിയ കല സംഗീതമായിരുന്നു. മുഗൾ കാലഘട്ടത്തിന്റെ സ്മരണകൾ നിറഞ്ഞുനിൽക്കുന്ന 'തരാന' എന്ന സംഗീതരൂപത്തിന്റെ പുറകിലും ഖുസ്റുവിന്റെ സൗന്ദര്യദർശനമുണ്ട്. ഇറാൻ, ഇറാഖ്, ഈജിപ്ത്, ഗ്രീസ് പാരമ്പര്യത്തിൽനിന്നെല്ലാം ഉൾക്കൊണ്ട് കാലാവബോധത്തിലൂടെയാണ് അമീർഖുസ്രു ഇന്ത്യൻ സംഗീതപദ്ധതികളെ പരിഷ്കരിച്ചത്. തന്ത്രിവാദ്യങ്ങളിലും ഈ നവീകരണം നടന്നു. മദ്ധ്യേഷ്യൻ കാവ്യരൂപമായ ഗസലിന് ജനകീയ ഗാനരൂപം നൽകി ഖവ്വാലിയാക്കി



അമീർ ഖുസ്റു

മാറ്റി. ദൽഹി ഭരണമാറ്റങ്ങളിലൂടെ കടന്നുപോയി. ഓരോ കാലത്തും ഓരോ സംഗീതമായിരുന്നു. മതേതരമായ സംഗീതത്തെ ആദ്യമായി വിഭാവനം ചെയ്തത് ജലാലുദ്ദീൻ ഖിൽജിയായിരുന്നു. സൂഫി സന്ന്യാസികളുമായി നിരന്തര സമ്പർക്കമുണ്ടായിരുന്ന അലാവുദ്ദീൻ ഖിൽജിയാണ് ദൽഹിയിൽ വൈവിധ്യപൂർണ്ണമായ സംഗീതം കൊണ്ടുവരുന്നത്. വിവിധ കാര്യാലയങ്ങളുമായി ഖുസ്റുവിനുണ്ടായിരുന്ന ബന്ധത്തെ ഈ സംഗീതപരിഷ്കരണങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. സംഗീതശാസ്ത്രവും (Musicology) ഇതോടൊപ്പം പരിവർത്തിക്കുകയായിരുന്നു. തരാന/ഖയാൽ എന്നീ രണ്ട് സംഗീതപദ്ധതികൾ രൂപപ്പെട്ടു.

പതിനാലാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട 'സംഗീതരത്നാകര'ത്തിൽ സംഗീതത്തിന്റെ നിരന്തരപരിണാമസ്വഭാവത്തെക്കുറിച്ചുള്ള സൂചനകൾ ഉണ്ട്. മതം, ദേശം, രാഷ്ട്രീയം എന്നിവയെല്ലാം സംഗീതത്തെ നിർണ്ണയിക്കുന്നുണ്ട്. വിവിധ സംഗീതബോധങ്ങളും അഭിരുചികളും വഴിപിരിയുകയും കൂടിച്ചേരുകയും ചെയ്യുന്ന സങ്കീർണ്ണമായ കാലത്തെ നിരാകരിക്കാനാകില്ല. ധ്രുപദ് ഒരു സംഗീതമാതൃകയായി വിഭാവനം ചെയ്യപ്പെട്ടത് രാജാമാൻസിംഗിന്റെ കാലത്താണ്. പ്രാചീന സംസ്കൃത ഗാനരീതികൾ ഹിന്ദിഗാനങ്ങൾക്ക് വഴിമാറി. ഒരു സംഗീതപദ്ധതിയെ നവീകരിക്കണമെങ്കിൽ അടിസ്ഥാനഘടകമായ ഭാഷയും മാറണം. ഭാഷയെക്കുറിച്ച് നിലനിൽക്കുന്ന ഉച്ചനീചസങ്കല്പങ്ങൾ മാറണം. സംസ്കൃതത്തിൽ നിന്ന് ഹിന്ദിയിലേക്കുള്ള മാറ്റത്തിൽ അവബോധങ്ങളും അഭിരുചികളും പരിണമിച്ചു. ജനകീയമായ കലാസ്വാദനങ്ങൾ രൂപപ്പെട്ടു. തൊഴിലാളി സംഗീതത്തിന്റെയും ഈണങ്ങളുടെയും ശബ്ദം കേട്ടു. അക്ബറിന്റെ കാലമാകുമ്പോഴേയ്ക്കും ക്ഷേത്രസംഗീതം ദർബാർ സംഗീതമായി രൂപാന്തരപ്പെട്ടു. ഹിന്ദു, കാശ്മീരി, ഇറാനി എന്നിങ്ങനെ സ്ത്രീകളും പുരുഷന്മാരും അടങ്ങുന്ന കലാസംഘങ്ങൾ ദർബാറിൽ ഉണ്ടായിരുന്നു.

പതിനാറാം നൂറ്റാണ്ടിൽ ഭൂമിശാസ്ത്രപരമായ ശൈഥില്യം തന്നെയുണ്ടായി. അതിനോടനുബന്ധിച്ച് വിവിധ 'രാജസഭ'കൾ രൂപപ്പെട്ടു.



ജഹാംഗീർ



'ക്ലാസിക്' എന്ന തലത്തിലേക്ക് സംഗീതം വഴിമാറുന്നത് ഇവിടം മുതലാണ്. അനുഷ്ഠാനത്തിന്റെയും നാടോടിജീവിതത്തിന്റെയും ഈണങ്ങളിൽ നിന്ന് ഭിന്നമായി, ഇസ്ലാം സ്വാധീനത്തോടുകൂടിയ ക്ലാസ്സിക്കൽ രാഗപദ്ധതികൾ നിലവിൽ വന്നു. ഇബ്രാഹിം അദിൽഷാ രണ്ടാമൻ 'ദി കിത്താബ് - ഇനൗറസ്' എന്ന ഗ്രന്ഥത്തിൽ അന്ന് നിലവിലിരുന്ന ദർബാർസംഗീതത്തെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. സംഗീതഭാവങ്ങളെ ആവിഷ്കരിക്കുന്ന രാഗമാല പെയിന്റിംഗുകളുടെ വിഭാവകനായിരുന്നു ഇബ്രാഹിം. ജഹാംഗീറിന്റെ ഗ്രന്ഥവും ഇത്തരം സൂചനകളെ ഉൾക്കൊള്ളുന്നുണ്ടെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. ഇത്തരം ഭരണാധികാരികളെ അപേക്ഷിച്ച് സംഗീതവൈമുഖ്യം പുലർത്തിയിരുന്ന വ്യക്തിയാണ് ഔറംഗസീബ്. എങ്കിലും രണ്ടുനൂറ്റാണ്ട് മുൻപുള്ള രാജാ മാൻസിംഗിന്റെ 'മൻകുതുഹൽ' എന്ന കൃതിയുടെ പേർഷ്യൻ വിവർത്തനം നടത്താൻ ശെയ്ഖുള്ള സെയ്ഫുഖാനെ ചുമതലപ്പെടുത്തുകയും അതിനുവേണ്ടി 'രാഗദർപ്പണം' എന്ന പ്രസിദ്ധീകരണം ആരംഭിക്കുകയും ചെയ്തു. വിവർത്തനം പൂർണ്ണമായില്ല. എങ്കിലും മാൻസിംഗിന്റെ കാലം മുതൽ ഔറംഗസീബിന്റെ ഭരണകാലം വരെ ഇന്ത്യൻ സംഗീതം പരിവർത്തിച്ചതിന്റെ ചരിത്രം ഈ വിവർത്തനങ്ങളിൽ ഉണ്ടെന്ന് സംഗീതപഠനങ്ങൾ സൂചിപ്പിക്കുന്നു. കലാനിരൂപണങ്ങളും വിവർത്തനങ്ങളും സാംസ്കാരിക ചരിത്രത്തിന്റെ ഉപാധികളായിത്തീരുന്നത് ഇങ്ങനെയാണ്. ഇസ്ലാം അധികാരവും കാല്പനികതയുമായി എന്തോ ബന്ധമുണ്ട്. ഇസ്ലാമിക കാലഘട്ടത്തിന് മുൻപ് ഗസലുകൾ അംഗീകരിക്കപ്പെട്ടിരുന്നില്ല. മുസ്ലീം ആക്രമണങ്ങളോടൊപ്പം വന്ന അപരിചിതാനുഭവങ്ങളുടെ ധാര ജീവിതത്തോട് മമതകൾ ഉണർത്തി. പ്രിയപ്പെട്ട എന്തിനെയോ തേടി അലയുവാനും സാഹസികമായി പൊരുതാനുമുള്ള ആർദ്രതകൾ നിറച്ചു. അധികാരത്തോടൊപ്പം ആസ്വദിക്കപ്പെടേണ്ട കലകളെക്കുറിച്ചും ബോധ്യപ്പെടുത്തി. ഇൻഡോ ഇറാനിയൻ സംസ്കാരത്തിൽ നിന്നു വന്ന ഗസലുകൾ സാധാരണ മലയാളിയ്ക്കുപോലും പ്രിയപ്പെട്ടവയായി. മാനുഷികഭാവങ്ങൾ ലിപികൾക്കപ്പുറമുള്ള അവബോധമാണ്. അവയ്ക്ക് സംവദിക്കാൻ ഭാഷവേണ്ട. ഈണങ്ങളുടെയും ഭാവങ്ങളുടെയും അഗാധതകളിൽ അവ പാരസ്പര്യം തേടും. അനിർവചനീയമായ മനോലോകങ്ങളെ, ആത്മീയവിചാരങ്ങളെ, പ്രിയമുള്ളവർക്കുവേണ്ടിയുള്ള പ്രാർത്ഥനകളെ, ആത്മാവിനോടുള്ള കലഹങ്ങളെ എല്ലാം ഗസലുകൾ ഓർമിപ്പിക്കുന്നു. ഉർദുഭാഷയുടെയും ഗസലിന്റെയും ചരിത്രത്തിലൂടെ പോകുമ്പോൾ അവിടെ ഗൊൽക്കൊണ്ടയിലെ മുഹമ്മദ് അലിയുമുണ്ട്. തന്നെക്കാൾ മുതിർന്ന ഒരു ദേവദാസിയെ പ്രണയിച്ച രാജകുമാരൻ. ഒരിക്കലും ഉപേക്ഷിക്കുവാൻ സാധിക്കാത്ത കാമനകളുടെ ലോകത്തിലാണ് കലാഹൃദയമുള്ളവർ ജീവിക്കുന്നത്. തീവ്രമായ അഭിരതികൾ പെരുമഴപോലെ അവരിൽ പെയ്തിറങ്ങും. ചിലർ അധികാരികളാവും... ചിലർ ചരിത്രത്തിൽ നിന്നുതന്നെ മറഞ്ഞുപോകും... ചിലർ പരാജിതരായ വ്യക്തികളാകും. അപൂർവ്വം ചിലർ സാഹസികമായി അതിജീവിച്ച് അപദാനങ്ങൾക്കുമുകളിൽ സഞ്ചരിക്കും... അനുരാഗങ്ങൾ നിലച്ചവരിൽ മമതകളില്ല... സംഗീതമില്ല... അധികാരം പോലെ തന്നെ ആസക്തികൾ ഉണർത്തുന്ന ഒന്നാണ് കലയും.. സംഗീതവഴികൾ ഒട്ടും തന്നെ സുരക്ഷിതമല്ല.

# 50 years on; the legend still lives

This October 9 marks the 50th martyrdom of Che Guevara,the rebel saint, the ever living protagonist of world communism. At a time when the world is maligned by issues of refugees, racial descriminations, neo-capital exploitations and religious differences, Che's life and principles play a vital role in guiding the resistance movements. Che still is the most powerful driving force behind the struggle for a just cause for the downtrodden around the world. Peter Corda's photo of him is one of the most recognised photographs around the world and an ubiquitous symbol of struggle for justice. And Che remains the most revered icon of leftist radicalism and anti imperialism.

It was on a sunny morning in May 2009 that I visited Che Memorial along with my Cuban friend Aldo Valencia in the historically important city of Santaclara which Che liberated from the Batista's forces during the revolutionary war. There stood a 22 foot tall statue of Cheon a raised podium, the hall mark of the mauloseum. The statue was very unique in structure and position like the protagonist embedded in it. It depicted Che in his olive green guerrilla uniform with a broken left arm and assault rifle in the right. Che had broken his left arm during a battle prior to the one in Santaclara. The statue stands at a degree of 1900 looking over Latin America, the land he travelled over as a young doctor on a motor cycle and its eploited, downtrodden millions for whose liberation and transformation he laid his life down. Apart from Che's moratl remains, the Maulosium contained mortal remains of Che's 38 comrades who laid down their lives fighting along side their commander in Bolivia.



Though short, Che had a sprightly and eventful life revered by many as the most idealistic. No wonder French thinker Jean-Paul Sartre stated that Che Guevara was the most complete human being of his time. It was not accidental that Che joined the band of Cstro's revolutionaries. Ever since he had that eventful journey through Latin America along with his friend Alberto Granado, he knew that Latin America required a different kind of surgery to get cured of its woes. After his short stint in Guatemala where he tried to defend Arbenz's socialist government against a coup orchestrated by United State, Che was on the look out for real action against imperialism and aurocracy. Che had identified that one of the major reasons for Latin America's underdevelopment was unlawful inerference and exploitation by the imperialist United States. It

was at this juncture that he met with Raul Castro and through him Fidel Castro who were on the preparation for an infiltration to Cuba for armed revolution. For Che this was an opportunity that he was looking forward to and he had no hesitation at all in accepting Fidel's invitation to join them.

The rest is the rarest chpater of armed revolution in the history of mankind. The Cuban revolution emerged victorious as Fidel's revolutionary forces defeated Batista's military and forced the dictator to leave the country. Che worked tirelessly to consolidate the revolutionary government in Cuba. He was instrumental behind Cuba developing strong international relations. He travelled around the world meeting world leaders garnering support for the young Cuban revolution. Che was not really someone who would remain in the comfort of power for long. After a 6 year stint in ministerial office his insatiable urge for action and interminable passion to fight for justice surfaced again. The success of Cuban revolution made Che to believe that armed revolution is possible elsewhere in the world. He decided to embark on an international revolutionary expedition with the support of Cuban revolution. He along with a band of like minded Cubans left for Africa to help Marxist rebel forces in Congo. He left for Congo some time between March 14 and 1st of April in 1965. Congo was not a successful expedition for Che in terms outcome. The African cadres didn't display the required descipline for a fighting column. Che decided to withdraw his Cuban comrades as he found it was difficult to fight along side a group without descipline. Though he considered himself remaining in Congo as a symbol of support, at the last moment abandoned the idea. No wonder his Congo diary starts " This is the history of a failure".



**Dr. Soni John**
Christ College, Irinjalakkuda



His next destination was Bolivia. In early November 1966 he arrived in Bolivia and started working in a training camp near Nancahuazu river bank with a hazardous terrain. The Bolivian expedition failed because of several reasons. Che didn't get local support from the rural population as expected as they were a bit reluctant to join hands with the rebels. The American support, specially the role of Felix Rodriguez whose uncle was a minister in the defeated Batista government and Gusthao Villado, son of the wealthiest car dealer in Havana during during Batista regime was crucial in the rebel's defeat. The Cuban born American agents were active in training, equiping and building strategies for the Blivian Rangers. Felix Rodriguez had a revengeful mind as many of his family members close to Batista were captured and executed by Cuban revolutionaries. Another reason for their vengeance was the failure of Bay of Pigs attack by the American Cuban exiles during the early days of successful Cuban revolution.



Even under capture, and gravely injured, Che expressed his desire to meet the teacher of the local school where he was kept in custody. He talked to julia Cortez and told her he and his friends were fighting for improving the conditions of poor people of Bolivia. He specifically mentioned how pathetic was the condition of that village school for the children of peassants. Even on the verge of his death his mind was filled with thoughts for the poor which shows why Che chose to fight against the evils of the society.

Though Che's ideas of armed revolution failed in terms of its immediate outcome, there is no doubt about his passion for protecting the poor against exploitation. Che is revered as a superhuman being not only because of his fighting qualities against injustice and exploitation, but also because of his thoughts and ideologies that he passed on to the up coming generations through his masterly writings. This is the reason why Che is present in every slogan raised against imperialism, every fist raised against suppression and exploitation and every action against injustice even after 50 years of his death. That makes Che a true legend. It is sure that Che will continue to remain a source of inspiration that will transcend the boundaries of language, culture and geography for many more years to come for the fight against imperialism, injustice and exploitation around the world.

60 ആറ് പതിറ്റാണ്ട് മുൻപ്

# പ്രാദേശിക വാർത്തയ്ക്ക് 60

ആകാശവാണി പ്രാദേശിക വാർത്തക്ക് 60 അറുപത് വയസ്സ്. തിരുവനന്തപുരം പ്രാദേശിക നിലയത്തിൽനിന്ന് അറുപത് വർഷങ്ങൾ ക്ക് മുമ്പ് 1957 ഓഗസ്റ്റ് 15 നാണ് ആദ്യമായി പ്രാദേശിക വാർത്ത പ്രക്ഷേപണം ചെയ്തത്. മലയാളം വാർത്തകൾ ഡൽഹിയിൽ നിന്നായിരുന്നു മുൻപ് പ്രക്ഷേപണം ചെയ്തിരുന്നത്. പിന്നീട് ഇത് തിരുവനന്തപുരത്തേക്ക് മാറ്റി. അനന്തപുരി എ.എഫ്.എം സ്റ്റേഷൻ കൂടാതെ കൊച്ചി, മഞ്ചേരി, കവരത്തി എന്നിവിടങ്ങളിലേക്കും എഫ്.എം വാർത്തകൾ തയ്യാറാക്കുന്നതും തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗമാണ്.കൂടാതെ വാർത്താധിഷ്ഠിത പരിപാടികളായ വാർത്താ തരംഗിണി, വാർത്താ വിചാരം, നിയമസഭയിൽ ഇന്ന്, ജില്ലാ വൃത്താന്തം എന്നിവയും തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗമാണ് തയ്യാറാക്കുന്നത്.

തിരുവനന്തപുരം നിലയം ഔദ്യോഗികമായി കമ്മീഷൻ ചെയ്തത് 1943 മാർച്ച് 12 നാണ്. 1950 മുതൽ നാട്ടുരാജ്യങ്ങളിലെ റേഡിയോ നിലയങ്ങളെ ഓൾ ഇന്ത്യാ റേഡിയോ ഏറ്റെടുത്ത് തുടങ്ങി. 1950 ഏപ്രിൽ ഒന്നിന് ട്രാവൻകൂർ റേഡിയോയും ഏറ്റെടുത്തപ്പോൾ ആകാശവാണിയുടെ ആസ്ഥാനം തിരുവിതാംകൂർ ദിവാന്റെ ഔദ്യോഗിക വസതിയിലേക്ക് മാറ്റുകയായിരുന്നു.




# KERALA HIGH COURT AT 60

On 1 November 1956, the States Reorganisation Act, 1956 was passed thereby integrating the State of Travancore-Cochin with Malabar district and Kasaragod to form the present State of Kerala. The High Court of Kerala, was established on 1 November 1956 as the High Court designated for the State of Kerala. The Kerala High Court Act, 1958 defined the jurisdiction and various functions, and powers of the High Court of Kerala. Initially, many cases from both the Travancore-Cochin High Court and the High Court of Madras were transferred to the High Court of Kerala for adjudication. Justice K. T. Koshi was appointed as the first Chief Justice of High Court of Kerala.





# അധികാരവും സ്ത്രീകളും

**വി.പി.മാർക്കോസ്**
യു.സി. കോളേജ്, ആലുവ



സ്ത്രീക്ക് താഴ്ന്ന സ്ഥാനം മാത്രം കല്പിക്കുന്ന പുരുഷൻ സ്വന്തം അധികാരം സ്ത്രീകളുമായി പങ്കുവെക്കാൻ ഒരിക്കലും ഇഷ്ടപ്പെടില്ല. ഭരണത്തിൽ സ്ത്രീകൾക്ക് മൂന്നിലൊന്ന് പങ്കാളിത്തംപോലും നൽകാൻ ഏറ്റവും വലിയ (പുരുഷ) ജനാധിപത്യരാജ്യമായ ഇന്ത്യ തയ്യാറാകുന്നില്ല എന്നതുതന്നെ അതിനു തെളിവാണ്. അതുവരെ അനുഭവിച്ചിരുന്ന സുഖങ്ങൾ നഷ്ടമാകുന്നതുമാത്രമല്ല ഇത്രകാലം തന്റെ അടിമയെന്നു കരുതിയിരുന്നവളുടെ കോയ്മ അംഗീകരിക്കേണ്ടിവരുമല്ലോ എന്ന ഈഗോ കൂടിയാണ് ഈ അസഹിഷ്ണുതയ്ക്കു കാരണം. പെണ്ണുഭരിച്ചാൽ നാടു മുടിയും എന്ന് അർത്ഥം വരുന്ന എത്രയെങ്കിലും ചൊല്ലുകളും കഥകളും എല്ലാ പുരുഷാധിപത്യ സമൂഹത്തിലുമുണ്ട്. ശരീരബലം കൊണ്ടായാലും മനോബലം കൊണ്ടായാലും സ്ത്രീക്ക് പുരുഷനൊപ്പമെത്താൻ കഴിയില്ല എന്ന് സമർത്ഥിക്കാനും പ്രചരിപ്പിക്കാനും പുരുഷാധികാരത്തിന് നിഷ്പ്രയാസം സാധിച്ചിട്ടുണ്ട്. പുരുഷസ്വത്വത്തെയും സ്ത്രീസ്വത്വത്തെയും നിർമ്മിച്ചെടുക്കുന്ന (പുരുഷാധിപത്യ) സമൂഹം സ്ത്രീയെ തരംതാഴ്ന്നവളായി മാത്രം നിർമ്മിച്ചെടുത്തു. നമ്മുടെ സ്കൂൾ പാഠപുസ്തകങ്ങളടക്കം നാട്ടിൽ പ്രചരിക്കുന്ന കഥകളും പഴഞ്ചൊല്ലുകളും പാട്ടുകളും ഭാഷാപ്രയോഗങ്ങളും എല്ലാം വളരെ വിദഗ്ധമായും കൃത്യമായും ഇത് സാധിച്ചെടുത്തു എന്നതാണ് വാസ്തവം.

സ്ത്രീകൾ അധികാരസ്ഥാനത്തു വരുന്നതുകൊണ്ട് പ്രത്യേകിച്ച് ഒരു മാറ്റവും ഉണ്ടാകുന്നില്ലെന്നും അഥവാ ഉണ്ടാകുന്നുണ്ടെങ്കിൽ ആ മാറ്റം പിന്നോട്ട് പോക്കാണെന്നും പല പല ഉദാഹരണങ്ങൾ (ഇന്ദിരാഗാന്ധിയുടേതടക്കം) ചൂണ്ടിക്കാട്ടി നമ്മൾ



സമർത്ഥിച്ചെടുത്തിട്ടുണ്ട്. സ്ത്രീകൾക്ക് ഭരിക്കാനറിയില്ലെന്നും ഭരിച്ചാൽ ശരിയാകില്ലെന്നും ഉള്ള മുൻധാരണയെ സമർത്ഥിക്കാൻ കിട്ടുന്ന അവസരങ്ങൾ ആഘോഷത്തോടെ ഉപയോഗിക്കുകയാണ് ഇവിടെയൊക്കെ നമ്മൾ ചെയ്യുന്നത്. അതുമാത്രമല്ല അത്തരം അവസരം ഉണ്ടാകുവാൻ/ഉണ്ടാക്കുവാൻ നമ്മളാലാവും വിധം നാം ശ്രമിക്കുകയും ചെയ്യും. കാലങ്ങളായി കെട്ടിയൊരുക്കി വെച്ചിരിക്കുന്ന അധികാരമാതൃകകളെ ഉപേക്ഷിക്കേണ്ടി വരുമോ എന്ന ഭയമാണ് അതിന്റെ പ്രധാനകാരണം. അധികാരവുമായി ബന്ധപ്പെട്ട് സ്ത്രീകർതൃത്വചർച്ച ഗൗരവപൂർണ്ണമായി ഇവിടെ നടന്നിട്ടില്ല എന്നതാണ് വാസ്തവം. അഥവാ അങ്ങനെയൊരു ചർച്ച വേണമെന്ന പോലും നമുക്കു തോന്നിയിട്ടില്ല. തുല്യതയെക്കുറിച്ച് ശ്രേഷ്ഠമായ സങ്കല്പങ്ങൾ പേറുന്നവർ എന്ന് അഭിമാനിക്കുന്ന നമ്മൾ ഇനിയെങ്കിലും ഇത്തരമൊരു ചർച്ച തുടങ്ങിവെക്കേണ്ടതാണ്.

സ്ത്രീകൾ അധികാരസ്ഥാനത്തു വരുന്നതുകൊണ്ട് എന്തു മാറ്റമാണ് ഉണ്ടാകുക എന്ന ചോദ്യത്തിന് -സ്ത്രീകൾ അധികാരസ്ഥാനത്തുവരുന്നു എന്നതുതന്നെയാണ് മാറ്റം എന്ന ഉത്തരം ഉറപ്പിച്ചെടുക്കുകയാണ് ആദ്യം ചെയ്യേണ്ടത്. അതു നിസ്സാരമായ മാറ്റമല്ല എന്നർത്ഥം. അടിമപ്പെട്ട് നിഷേധിക്കപ്പെട്ടിരുന്ന അർഹമായ മൂല്യം ലഭിക്കുന്നു എന്നത് വാസ്തവത്തിൽ സാമൂഹികബന്ധങ്ങളിൽ വൻ അഴിച്ചുപണിക്ക് കാരണമാകും. പതുക്കെയാണെങ്കിലും ഈ അഴിച്ചുപണി നടക്കുന്നുണ്ട് എന്നുവേണം കരുതാൻ. മാറ്റത്തെ കൂടുതൽ മന്ദഗതിയിലാക്കാനും പറ്റുമെങ്കിൽ തടയാനുമുള്ള ശ്രമങ്ങൾ ധാരാളമായി നടക്കുന്നുണ്ട് എന്നത് ശ്രദ്ധിക്കേണ്ടതാണ്. പ്രത്യക്ഷവും വിപുലവുമായ മാറ്റം പെട്ടെന്നുണ്ടാകണം എന്ന തരത്തിലുള്ള ശാഠ്യങ്ങൾ നിഷേധാത്മക മനസ്ഥിതിയിൽ നിന്നും ഉണ്ടാകുന്നതാണ്.

അധികാരകേന്ദ്രത്തിൽ സ്ത്രീ വന്നതുകൊണ്ട് പ്രത്യേകിച്ച് മാറ്റമൊന്നും ഉണ്ടാകുന്നില്ല എന്നതിന് കൂടുതൽ വിശദീകരണം ആവശ്യമുണ്ട്. പ്രകടമായ മാറ്റങ്ങൾ ഉണ്ടാകാത്തതിന് പ്രധാനമായും രണ്ട് കാരണങ്ങളാണുള്ളത് എന്ന് കാണാം. വ്യവസ്ഥാപിതമായ പുരുഷാധികാര മാതൃകകളെ പിന്തുടരുവാനും അനുകരിക്കുവാനുമാണ് സ്ത്രീയും ശ്രമിക്കുന്നത് എന്നതാണ് ഒന്നാമത്തെ കാരണം. അധികാരത്തിന്റെ സങ്കല്പത്തിലും പ്രയോഗത്തിലും പുരുഷൻ സൃഷ്ടിച്ച മാതൃകകളും വഴികളും മാത്രമേ മുന്നിലുള്ളൂ എന്നതിനാൽ അതിനെ പിന്തുടരലാണ് എളുപ്പം എന്ന് സ്ത്രീയും കരുതിയേക്കാം. കാരണം പുരുഷാധിപത്യവ്യവസ്ഥയിൽ ജനിച്ചുവളർന്ന സ്ത്രീ അതേ പുരുഷമൂല്യങ്ങളുടെ തന്നെ ഉല്പന്നമാണ്. അതിൽ നിന്നു പുറത്തുകടക്കുക എന്നത് എളുപ്പമല്ല.

മാറ്റമുണ്ടാകാത്തതിന്റെ രണ്ടാമത്തെ കാരണം കർതൃത്വം സ്ത്രീ യിലല്ല എന്നതാണ്. അധികാരസ്ഥാനത്ത് ഇരിക്കുന്ന ആൾ സ്ത്രീയായിരിക്കാം. പക്ഷേ ഭരിക്കുന്നത് പുരുഷനായിരിക്കും. അത് ആരുമാകാം- ഭർത്താവ്, സുഹൃത്ത്, മേലധികാരി, സഹപ്രവർത്തകർ... അങ്ങനെ. ഫലത്തിൽ പുരുഷമൂല്യങ്ങൾ തന്നെയാണ് വീണ്ടും ഉല്പാദിപ്പിക്കപ്പെടുന്നത്.

അധികാരത്തെ പുനർവിന്യസിക്കാതെ ഇതിൽ മാറ്റമുണ്ടാകില്ല. കർതൃത്വം പൂർണമായ അർത്ഥത്തിൽ സ്ത്രീകളിൽ ആയിരിക്കുമ്പോൾ മാത്രമേ അത് സംഭവിക്കുന്നുള്ളൂ. സ്വന്തം ഭാഗധേയത്തെ തിരിച്ചറിയുകയും സ്വന്തം ഇച്ഛയെ സ്ത്രീയുടെ ഇച്ഛയാക്കി നിലനിർത്തുകയും ചെയ്യുമ്പോൾ മാത്രമേ മുൻപറഞ്ഞ പൂർണമായ അർത്ഥത്തിൽ കർതൃത്വം സ്ത്രീകളിൽ ആവുകയുള്ളൂ. മറിച്ച്, നിലനിൽക്കുന്ന മൂല്യങ്ങളെത്തന്നെയാണ് പുനരുല്പാദിപ്പിക്കേണ്ടതെങ്കിൽ, അതിനാണ് ശ്രമിക്കുന്നതെങ്കിൽ സ്ത്രീ പരാജയപ്പെടുന്നത് സ്വാഭാവികം. 'സ്ത്രീക്ക് ഭരിക്കാൻ അറിയില്ല' എന്ന പഴമൊഴി കൂടുതൽ ശക്തമായി പ്രചരിക്കും എന്നതുമാത്രം മിച്ചം.

സമൂഹത്തിലെ മൂല്യങ്ങളും സങ്കല്പങ്ങളും മുഴുവൻ പിതൃകേന്ദ്രിതമാകുകയും ആവിഷ്കരണത്തിൽ സ്ത്രീരീതിവേണമെന്ന് ശഠിക്കുകയും ചെയ്യുന്നതിൽ വൈരുദ്ധ്യമുണ്ട്. കുടുംബം അടക്കമുള്ള സാമൂഹിക സ്ഥാപനങ്ങളിൽ സ്ത്രീ പങ്കാളിത്തത്തിന്റെ ബദൽ മാതൃകകൾ പരീക്ഷിക്കേണ്ടതാണ്. പുരുഷമൂല്യങ്ങളിൽ വാർത്തെടുത്ത ലോകം മറ്റൊരുതരത്തിൽ ആയിത്തീരാൻ അത്തരം ബദലുകളല്ലാതെ മാർഗ്ഗമില്ല!

# നാടകകലയുടെ മൂന്നാംകണ്ണ്

## സി.ജെയുടെ നാടകദർശനം 'ഉയരുന്ന യവനിക' എന്ന പുസ്തകത്തെ മുൻനിർത്തി വിശകലനം ചെയ്യുന്നു

ഡോ.ടി.കെ. സന്തോഷ്കുമാർ
സെന്റ് സേവ്യേഴ്സ്
കോളേജ്, തുമ്പ



നാടകകലയുടെ പ്രധാനപ്പെട്ട രണ്ടു പാഠങ്ങൾ (texts) ആണ് സാഹിത്യപാഠവും രംഗപാഠവും. ഇവ കൂടാതെ നാടകത്തിന്റെ അവിഭാജ്യപാഠമായി നിൽക്കുന്നതാണ് നിരൂപണപാഠം. വാസ്തവത്തിൽ ഇവ മൂന്നും നാടകത്തിന്റെ മൂന്നുകണ്ണുകളാണ്. ഒരു മനുഷ്യന് രണ്ടു കണ്ണുകൾ ഒരുപോലെ തുറന്നിരിക്കുമ്പോഴാണ് കാഴ്ച പൂർണ്ണതയിലെത്തുന്നത്. എന്നാൽ മൂന്നാമത്തെ കണ്ണുകൂടി തുറന്നിരിക്കുമ്പോഴാണ്, നാടകത്തിന് പൂർണ്ണതയുണ്ടാകുന്നത്. നാടകകൃത്ത്, നാട്യസംഘം, കാണികൾ ഇങ്ങനെമൂന്നു ഘടകങ്ങൾ നാടകത്തിനുണ്ട് എന്ന് നാടകാചാര്യന്മാർ പറയുന്നത് ഈ അർത്ഥത്തിലാണ്. നാടകകൃത്താണ് സാഹിത്യപാഠം രചിക്കുന്നത്; നാട്യസംഘമാണ് രംഗപാഠം സൃഷ്ടിക്കുന്നത്; കാണികളാണ് നിരൂപണപാഠത്തിന്റെ ഉടമകൾ. ഈ മൂന്നു ഘടകങ്ങളാണ് നാടകത്തെ സാർത്ഥകമാക്കുന്നത്. അതുകൊണ്ട്, കാണികളെയും അവർ സൃഷ്ടിക്കുന്ന നിരൂപണപാഠത്തെയും അവഗണിച്ചുകൊണ്ട് നാടകത്തിന് നിലനില്പില്ല.

നാടകത്തെ സംബന്ധിച്ചിടത്തോളം സാഹിത്യപാഠം രംഗപാഠത്തിന്റെ നിർമ്മിതിക്ക് അനിവാര്യമാണ്. രചനയുടെ ഘട്ടത്തിൽ നാടകത്തിന്റെ രംഗപാഠമാണ് നാടകകൃത്തിന്റെ മനസ്സിൽ രൂപപ്പെടുന്നത്. അതിന് സംവിധായകൻ നല്കുന്ന വ്യാഖ്യാനമാണ്, ഉടച്ചുവാർക്കലൊണ്, കാണികളുടെ മുന്നിലെത്തുന്ന രംഗപാഠം. അങ്ങനെയെത്തുന്ന രംഗാഖ്യാനം കാണികളുടെ മനസ്സിൽ പുതിയൊരു നാടകപാഠമാണ്, വാസ്തവത്തിൽ സൃഷ്ടിക്കുന്നത്. ഇവിടെ നാടകത്തിന്റെ അന്തസ്സത്തയിലേക്ക് കണ്ണുതുറക്കുന്ന കാണികൾ പ്രധാനമാണ്. നാടകകൃത്ത് സൃഷ്ടിച്ച പാഠം, സംവിധായകനും നാട്യസംഘവും സർഗ്ഗാത്മകമായി ആഖ്യാനം ചെയ്യുന്നതുപോലെ കാണിയും സർഗ്ഗാത്മകമായി സമീപിക്കേണ്ടതുണ്ട്, സ്വീകരിക്കേണ്ടതുണ്ട്. അപ്പോൾ മാത്രമേ നാടകത്തിന്റെ ശരിയായ നിരൂപണം രൂപം കൊള്ളുകയുള്ളൂ, അത് നാടകത്തിന്റെ മൂന്നാം കണ്ണായി മാറുകയുള്ളൂ. അതായത് നാടകകല യഥാർത്ഥത്തിൽ അതിന്റെ അസ്തിത്വം

സാക്ഷാത്കരിക്കുകയുള്ളൂ. അതുകൊണ്ട്, നാടകത്തെ ഗൗരവത്തോടെ സമീപിക്കുന്ന ഏതൊരു നാടകകാരനും കാണികളെ നാടകത്തെറ്റി അവബോധമുള്ളവരാക്കി മാറ്റാൻ ശ്രമിക്കും. അതിലൂടെ കാഴ്ചയുടെ ഒരു സംസ്കാരം സൃഷ്ടിച്ചെടുക്കാനാണ് നോക്കുന്നത്. മലയാളത്തിൽ അത്തരമൊരു സംസ്കാരം സൃഷ്ടിച്ചെടുക്കാൻ അക്ഷീണം പ്രയത്നിച്ച നാടകപ്രവർത്തകനായിരുന്നു സി.ജെ.തോമസ്. 'ഉയരുന്ന യവനിക' അതിന്റെ മികച്ച സാക്ഷ്യവും.

'ഉയരുന്ന യവനിക'യുടെ ആരംഭത്തിൽ തന്നെ സി.ജെ. രേഖപ്പെടുത്തിയിട്ടുണ്ട്, "ഇതൊരു ലക്ഷണഗ്രന്ഥമല്ല" എന്ന്. എന്നാൽ തുടർന്ന് അദ്ദേഹം പറയുന്ന കാര്യം പ്രധാനമാണ്; നാടകം എഴുതുകയും വായിക്കുകയും അഭിനയിക്കുകയും കാണുകയും ചെയ്യുന്നവർക്ക് പ്രയോജനപ്പെട്ടേക്കാവുന്ന ചില വിവരങ്ങളാണ് സംഗ്രഹിച്ചതെന്ന്. നാടകം എഴുതുന്നവർക്കും അഭിനയിക്കുന്നവർക്കും ഒപ്പം തുല്യപ്രാധാന്യത്തോടെ നാടകം വായിക്കുകയും കാണുകയും ചെയ്യുന്നവരെ സി.ജെ. പരിഗണിച്ചിരിക്കുന്നു. നാടകപ്രവർത്തകർക്കെന്ന പോലെ നാടകാവബോധം അതിന്റെ ആസ്വാദകർക്കും വേണം എന്നു തന്നെയാണ് സി.ജെ. അഭിലഷിച്ചത്. നാടകം ഒരു സാധാരണ കലയല്ല, അതിനെപ്പറ്റി കാണികൾ പഠിച്ചിരിക്കണം എന്നർത്ഥം. ഇത്തരമൊരു സർഗ്ഗാത്മകബോധ്യത്തിൽ നിന്നുമാണ് സി.ജെ. 'ഉയരുന്ന യവനിക' എഴുതിയത്. നാടകത്തിന്റെ നാൾവഴികളിലൂടെ സഞ്ചരിച്ചുകൊണ്ട്, ആ കലയുടെ വിഭിന്നങ്ങളായ സൗന്ദര്യതലങ്ങൾ അടയാളപ്പെടുത്തിയ സി.ജെ. 'കാഴ്ചക്കാർ' എന്നൊരദ്ധ്യായം തന്നെ രചിച്ചത് ശ്രദ്ധിക്കുക. അതിൽ അദ്ദേഹം സന്ദേഹലേശമെന്യേ രേഖപ്പെടുത്തിയിട്ടുണ്ട്, നാടകം കാഴ്ചക്കാരുടെ ഉള്ളഴിഞ്ഞ സഹകരണമില്ലാതെ വിജയിക്കാൻ കഴിയാത്ത കലയാണെന്ന്. ഈ തിരിച്ചറിവാണ് നാടകാവബോധം സൃഷ്ടിക്കാനുള്ള സി.ജെയുടെ ഉദ്യമത്തിനു പിന്നിലുള്ളത്. നാടകം സി.ജെയെ സംബന്ധിച്ചിടത്തോളം ബുദ്ധിപരമായ കലയാണ്. ജനത്തെ ഉണർത്തുകയും ചിന്തിപ്പിക്കുകയും ചെയ്യുക എന്ന ധർമ്മം അതിനുണ്ട്. "അത് ഏകകാലത്തിൽ വിജ്ഞാനവും രസവും നല്കുന്ന ഒരുപാധി"യാണ്. ഇക്കാര്യം തിരിച്ചറിയാതെ, നാടകത്തിൽ രസം മാത്രം തിരയുന്ന മനോഭാവത്തെ നിശിതമായി സി.ജെ.വിമർശിച്ചു. നാടകാവബോധമില്ലാത്ത സാധാരണക്കാർ "നാടകശാലയെ മദ്യശാലയാക്കിത്തീർക്കുന്നു" എന്നെഴുതുന്നിടത്ത് ആ വിമർശനത്തിന്റെ സ്വരമാണുള്ളത്. സാധാരണക്കാരൻ കലാസ്വാദനത്തിൽ മാത്രമല്ല പെരുമാറ്റ മര്യാദയിൽത്തന്നെയും ഉയർന്നാൽ മാത്രമേ നാടകകല അഭിവൃദ്ധിപ്പെടുകയുള്ളൂ. എന്താണ് ഈ പെരുമാറ്റ മര്യാദ? നല്ല നാടകങ്ങളെ സ്വാഗതം ചെയ്യുന്നതിനുപകരം നടത്തുന്ന കൂക്കുവിളിയും ബഹളവും തന്നെ. അതായത് നാടകത്തിന്റെ കാണി ഉന്നതമായ മാനസിക നിലവാരവും സംസ്കാരവും പുലർത്തുന്നയാൾ ആയിരിക്കണം എന്നർത്ഥം. നാടകലയോടുള്ള കറകളഞ്ഞ ആത്മാർത്ഥതയുടെ പ്രതിഫലമാണിത്.



'ഉയരുന്ന യവനിക' "ഒരു ലക്ഷണഗ്രന്ഥമല്ല" എന്നു പറയുന്ന സി.ജെ., ഈ പുസ്തകത്തിലുടനീളം എന്താണ് നാടകം (എന്തല്ല നാടകം) എന്നന്വേഷിക്കുന്നുണ്ട്. അതിന്റെ സർഗ്ഗാത്മകഫലം എന്താണ് നാടകം എന്നതിന്റെ ഉത്തരമാണ്. അതിനെ നാടകനിർവചനം എന്നോ നാടകലക്ഷണമെന്നോ വിളിക്കാവുന്നതാണ്. ഉന്നതമായ

സങ്കല്പങ്ങൾ അദ്ദേഹത്തിന്റെ മനസ്സിൽ നാടകത്തെക്കുറിച്ച് ഉണ്ടായിരുന്നതുകൊണ്ടാണ്, 'ഉയരുന്ന യവനിക' എഴുതിയ 1950 നും അതിനു മുമ്പുമുള്ള നാടകങ്ങളുടെ പൊതുനിലവാരത്തെ അദ്ദേഹം വിലയിരുത്തിയത്. "വിശ്വസാഹിത്യത്തിലെ നാടകങ്ങളോട്കിടപിടിക്കാവുന്ന ഒരു നാടകം പോലും നമുക്കില്ല" എന്നെഴുതിയ അദ്ദേഹം നാടകകലയുടെ (നാടകപ്രസ്ഥാനത്തിന്റെ) നിലവാരത്തെ ജനതയുടെ സാംസ്കാര നിലവാരത്തിന്റെ മാനദണ്ഡമായും സ്വീകരിക്കുന്നു. കലയെ ജീവിതഗന്ധിയായി കാണുന്ന സർഗ്ഗാത്മക സംസ്കാരത്തിന്റെ പ്രതിഫലനമാണിത്. കലയും ജീവിതവും വേറിട്ട വഴികളിലൂടെയല്ല പോകേണ്ടത്, കല ജീവിതത്തിന്റെ ആഖ്യാനമാണെന്ന വിചാരധാരയെ ഉയർത്തിപിടിക്കുകയുമാണ് സി.ജെ. സാമൂഹിക, രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളെ സംബന്ധിച്ചുള്ള സി.ജെയുടെ ധിക്കാരനിലപാടുകളുടെ വേരുകൾ ഈ കലാചിന്തയിൽ വ്യാപിച്ചുകിടപ്പുണ്ട്. നാടകകലയിലും ചിന്താമണ്ഡലത്തിലും സി.ജെയുടെ കേന്ദ്രബിംബം (പ്രമേയം) മനുഷ്യൻ ആയിരുന്നു. അതുകൊണ്ട് കലയുൾപ്പെടെയുള്ള ബൗദ്ധിക പ്രവർത്തനം മുഖ്യമായും മനുഷ്യരുടെ താല്പര്യത്തിനു നിലകൊള്ളുന്നതാണ് എന്ന് മനുഷ്യർ മനസ്സിലാക്കിയേ തീരൂ എന്ന നിലപാട് അദ്ദേഹത്തിനുണ്ടായിരുന്നു. ഇത് വ്യക്തമായ കാഴ്ചപ്പാടിന്റെ പ്രതിഫലനമാണ്. 'മലയാളനാടക പ്രസ്ഥാനത്തിന്റെ വേരുകൾ' അന്വേഷിക്കുമ്പോൾ ഇത്തരമൊരു കാഴ്ചപ്പാട് സി.ജെ. വച്ചുപുലർത്തുന്നു. മലയാളനാടകം കഥകളി, ചാക്യാർകൂത്ത്, യാത്രക്കളി എന്നീ കലാരൂപങ്ങളിൽ നിന്ന് ഉത്ഭവിച്ചു എന്നു വാദിക്കുന്നവർക്ക്, "കലാവിമർശന വൈദഗ്ധ്യം ഇല്ല" എന്നാണ് അദ്ദേഹത്തിന്റെ നിലപാട്. നാടകം, ഇപ്പറഞ്ഞ ഓരോ കലാരൂപത്തിൽ നിന്നും ഏതെല്ലാം തലങ്ങളിൽ വേറിട്ടു നിൽക്കുന്നു എന്ന് സി.ജെ. എഴുതുന്നു:

1) കഥകളി നാടകം: കഥകളി നൃത്തമാണ്; നാടകം അഭിനയവും. നൃത്തത്തിൽ മനുഷ്യന്റെ പ്രവൃത്തികളും ഭാവരസങ്ങളും അരിച്ചെടുത്ത് അതിന്റെ ആശയം മുഴച്ചു നിൽക്കത്തക്ക രീതിയിൽ പ്രതീകമാർഗ്ഗേണ അതായത് മുദ്രകളിലൂടെ കാണിക്കുന്നു. ഈ പ്രതീകങ്ങൾ യാഥാർത്ഥ്യത്തിന്റെ പ്രതിഫലനമല്ല. എന്നാൽ നാടകം യാഥാർത്ഥ്യബോധത്തിന്റെ കലയാണ്. അതിലെ കഥാപാത്രങ്ങളെല്ലാം മനുഷ്യരായിരിക്കണം. വേഷവിധാനം പോലും അങ്ങനെയായിരിക്കണം.

2. ചാക്യാർകൂത്ത് നാടകം: ചാക്യാർകൂത്ത് നാട്യകലയുടെ ശൈശവത്തിലെ രൂപമല്ല. കാരണം ചാക്യാർകൂത്ത് ഒരു പ്രാകൃതകലയല്ല. മറ്റൊന്ന് ചാക്യാർകൂത്ത് നാടകത്തെപ്പോലെ ഒരു ദൃശ്യകലയല്ല. കാരണം ചാക്യാർകൂത്തിൽ ഒരാൾ വന്നു നിന്നു സരസമായി കഥ പറയുകയാണ്ചെയ്യുന്നത്. ഇതിന് കഥാകാലക്ഷേപത്തോടു മാത്രമാണ് ബന്ധം. നങ്ങ്യാർ ഒരു പാത്രത്തിന്റെ ഭാവത്തിലല്ല, കഥ പറയുന്ന ചാക്യാരുടെ സഹായി എന്ന നിലയിലാണ് രംഗത്തെത്തുന്നത്. ചാക്യാർകൂത്തിന് നാടകവുമായുള്ള ഏകബന്ധം സംസ്കൃത നാടകങ്ങളെ ആശ്രയിച്ചാണ്ചാക്യാന്മാർ പുരാണകഥകൾ പറഞ്ഞിരുന്നത്, എന്നതാണ്.

3. യാത്രക്കളി നാടകം: യാത്രക്കളി ഒരു കലാരൂപമല്ല. അതൊരു സമുദായത്തിന്റെ ആചാരമാണ്. മാത്രമല്ല അതിന് നാടകത്തിന്റെ യാതൊരു രൂപവുമില്ല. ഫലിതം, അനുകരണം, ഒരു വകനൃത്തം, പാട്ട് അഭ്യാസം ഇവയെല്ലാം കലർന്ന ഒരു പ്രകടനമാണ്.

ഇങ്ങനെ നാടകത്തിന്റെ സ്വതന്ത്രാസ്തിത്വം വേർതിരിച്ചു കൊണ്ട് സി.ജെ. രേഖപ്പെടുത്തുന്നു, "കേരളത്തെ സംബന്ധിച്ചിടത്തോളം നാടകം അന്യനാടുകളിൽ നിന്ന് പറിച്ചു നട്ടപ്പെട്ട ഒരു കലയാണ്."



നാടകം മലയാളത്തിലേക്കു വന്നത് സംസ്കൃതം, തമിഴ്, ഇംഗ്ലീഷ് മുതലായ ഭാഷകളിൽനിന്നാണ്. കഥകളി, ചാക്യാർകൂത്ത്, യാത്രക്കളി എന്നിവയിൽ നിന്ന് നാടകത്തെ വേർതിരിക്കുന്ന ഘടകങ്ങളിലേക്ക് നോക്കിയാൽ സി.ജെയുടെ നാടകസങ്കല്പം വ്യക്തമാകുന്നുണ്ട്. അതിനെ ഇപ്രകാരം സംക്ഷേപിക്കാം:

1. നാടകം അഭിനയമാണ്: ഈ കാഴ്ചാടിൽ നിന്നു വ്യ

ക്തമാകുന്ന പ്രധാന കാര്യം നാടകം സാഹിത്യകലയല്ല രംഗകലയാണ് എന്നതാണ്. നാടകം വായിക്കാനല്ല കാണാനുള്ളതാണ്. അരങ്ങിന്റെ/കാഴ്ചയുടെ സാധ്യതകൾ മുന്നിൽക്കണ്ടു കൊണ്ടുവേണം നാടകം രചിക്കാനും സംവിധാനം ചെയ്യാനും.

2. നാടകം യഥാർത്ഥ്യബോധത്തിന്റെ കലയാണ്: ഈ തായിരിക്കണം എന്ന അർത്ഥവും കിട്ടുന്നുണ്ട്. അവരുടെ വേഷവിധാനങ്ങൾ മനുഷ്യർക്ക് ചേർന്നതായിരിക്കണം എന്ന രേഖപ്പെടുത്തുമ്പോഴും ഇതേ ദർശനമാണ് വ്യക്തമാകുന്നത്.

3. കഥപറച്ചിൽ നാടകമല്ല: ഒരാൾ രംഗത്തുവന്നു നിന്ന് സരസമായി കഥ പറഞ്ഞാൽ അതിനെ നാടകമായി



കാഴ്ചപ്പാടിൽ നിന്നു വ്യക്തമാകുന്ന കാര്യം നാടകം ജീവിതഗന്ധിയായിരിക്കണം എന്നാണ്. അപ്പോൾ മാത്രമേ നാടകത്തിന് "ജനത്തെ ഉണർത്തുകയും ചിന്തിപ്പിക്കുകയും ചെയ്യുക എന്ന ധർമ്മം" അതിന്റെ ശരിയായ അർത്ഥത്തിൽ നിർവഹിക്കാൻ സാധിക്കുകയുള്ളൂ. നാടകത്തിലെ കഥാപാത്രങ്ങൾ മനുഷ്യരായിരിക്കണം എന്നു പറയുമ്പോൾ അവരുടെ സംസാരരീതി മനുഷ്യർക്ക് ചേർന്ന

കണക്കാക്കാനാകില്ല. ആത്യന്തികമായി നാടകം ദൃശ്യകലയാണ്. അതിൽ കഥ പറയുന്നയാളിന്റെ സഹായിയായല്ല മറ്റു കഥാപാത്രങ്ങൾ പ്രത്യക്ഷപ്പെടേണ്ടത്. കഥ മാനസികമോ, വൈകാരികമോ, സാമൂഹ്യമോ, രാഷ്ട്രീയമോ ആയ ഒരു സംഘട്ടനം ആശയങ്ങൾ തമ്മിലോ, വ്യക്തികൾ തമ്മിലോ ഇവയിൽ പലതും കൂടിച്ചേർന്നോ ഉള്ള സംഘട്ടനം ഉൾക്കൊള്ളുന്നതായിരിക്കണം. കഥാപാ



ത്രങ്ങൾ ഓരോരുത്തരും ആ സംഘട്ടനത്തിന്റെ ക്രമമായ വികാസത്തിനനുസരിച്ചാകണം രംഗപ്രവേശനം ചെയ്യേണ്ടത്.

4. നാടകം കലാരൂപമാണ്: ഏതെങ്കിലും സമുദായത്തിന്റെ ആചാരത്തിൽ നിന്ന് രൂപമെടുത്തതല്ല അത്. നാടകത്തിന് നിയതമായ രംഗപാഠം അഥവാ രംഗശില്പമുണ്ട്. അല്ലെങ്കിൽ രംഗശില്പം ഉണ്ടായിരിക്കണം. വിവിധ കലാപ്രകടനങ്ങൾ ഒരു വേദിയിൽ അരങ്ങേറിയാൽ നാടകമാകില്ല. നാടകത്തിൽ നിഷ്കൃഷ്ടമായ പാത്രസൃഷ്ടി വേണം; സ്വാഭാവികതയെ മുൻനിർത്തിയുള്ള അഭിനയം വേണം; രസകരമായ അല്ലെങ്കിൽ നാടകത്തിന്റെ അംഗിയായ രസത്തെ പൊലിപ്പിക്കുന്ന സംഭാഷണങ്ങൾ വേണം. ഇത്തരത്തിൽ നാടകം എന്ന കലാരൂപത്തിന്റെ സവിശേഷതകളെ അടയാളം ചെയ്യുന്നു സി.ജെ. അതിന്റെ അടിസ്ഥാനത്തിലാണ് സംഗീതനാടകത്തെ വിലയിരുത്തുന്നത്.

സി.ജെയുടെ വീക്ഷണത്തിൽ ഗദ്യനാടകവും സംഗീതനാടകവും രണ്ട് കലാസരണികളാണ്; രണ്ടിന്റെയും രൂപവും ലക്ഷ്യവും ഭിന്നവുമാണ്. ഗദ്യനാടകത്തിൽ ആശയവിനിമയത്തിനുള്ള ഉപകരണമായി ഉപയോഗിക്കുന്നത് ഗദ്യം ആണെങ്കിൽ സംഗീതനാടകത്തിൽ സംഗീതമാണ്. "സംഗീതം യഥാർത്ഥ ജീവിതത്തിൽ ആശയാവിഷ്കാരണത്തിന് ഉപയോഗിക്കപ്പെടുന്ന മാർഗ്ഗമല്ലാത്തതുകൊണ്ട് അതു നാടകത്തിൽ ഉപയോഗിച്ചു കൂടാ" എന്ന നിലപാടല്ല സി.ജെക്കുള്ളത്. എന്നാൽ സംഗീതനാടകത്തിന് സ്വാഭാവികതയോടും റിയലിസത്തോടും ഏറ്റവും കുറച്ചു കടപ്പാടേയുള്ളു എന്നും, സംഗീതനാടകം പരിപൂർണ്ണമായി സംഗീതമയമായ രൂപത്തിലേക്ക് ഉയരണമെന്നും പറയുമ്പോൾ, നാടകത്തെക്കുറിച്ചുള്ള സി.ജെയുടെ ദർശനം വ്യക്തമാകുകയാണ്. അതായത് സംഗീതനാടകം നാടകത്തിൽ നിന്നു ഭിന്നമായ മറ്റൊരു കലാരൂപമാണ്. അത് അതിന്റേതായ കലാസങ്കേതങ്ങളിലൂടെയാണ് വളരുകയും വികസിക്കുകയും ചെയ്യേണ്ടത്. എന്നാൽ നാടകത്തിന് വേണ്ടത് യാഥാർത്ഥ്യബോധമാണ്; സ്വാഭാവികതയാണ്; ആശയാവിഷ്കാരത്തിന് യഥാർത്ഥ ജീവിതത്തിലുപയോഗിക്കുന്ന ഭാഷ/സംഭാഷണം ആണ് വേണ്ടത്. 'നാടകവും ഇതരകലകളും' എന്ന ഭാഗത്ത്, നാടകത്തിലെ സകല സംഭവങ്ങളും വികാരങ്ങളും സംഭാഷണം കൊണ്ടാണ് നാടകീയമാക്കിത്തീർക്കുന്നത് എന്നദ്ദേഹം പറയുന്നുണ്ട്. അതുകൊണ്ട്, സംഭാഷണം വെറുതെ നിർവികാരമായി ഗുണനപ്പട്ടിക ചൊല്ലുന്നതുപോലെ ഉരുവിടരുതെന്നും പറയുന്നു. "സംഭാഷണത്തിനും ചില ആരോഹണാവരോഹണങ്ങളുണ്ട്." സംഭാഷണത്തിൽ ഉണ്ടായിരിക്കേണ്ട സ്വാഭാവികത നാടകത്തിന്റെ എല്ലാ ഘടകങ്ങളിലും ഉണ്ടായിരിക്കണം. നൃത്തം നാടകത്തിന് അനിവാര്യമാണെങ്കിൽ, അത് നടീനടന്മാരുടെ മെയ്വഴക്കത്തിൽ നിന്നാകണം രംഗാത്മകമാക്കേണ്ടത്. മാത്രമല്ല നടീനടാരുടെ ചലനങ്ങൾക്കും അംഗവിക്ഷേപങ്ങൾക്കും സ്വാഭാവികതയും ആത്മവിശ്വാസവും നൃത്തജ്ഞാനം പകർന്നു നൽകും. രംഗങ്ങളുടെയിടയിൽ ഓരോ നൃത്തം എന്നത് നാടകത്തിന്റെ അന്തസ്സത്തയ്ക്കു നിരക്കുന്നതല്ല. സി.ജെയുടെ ഭാഷയിൽ എഴുതിയാൽ, "നാടകത്തിനിടയിൽ നൃത്തം അസ്ഥാനത്താണ്. നാടകത്തിൽ നൃത്തത്തിനുള്ള സ്ഥാനം നേരിട്ടല്ല, നടാരുടെ പരിശീലനത്തിലാണ് സ്ഥിതിചെയ്യുന്നത്." നൃത്തകല പോലെ ചിത്രകലയും അതിന്റെ സ്വാഭാവികതയിൽ



വേണം നാടകത്തിൽ സന്നിവേശിപ്പിക്കാൻ. അതായത് നാടകത്തിന്റെ വൈകാരിക പശ്ചാത്തലത്തിനനുസൃതമായിരിക്കണം വർണ്ണസമന്വയം. ആ വർണ്ണ/ചിത്രണസാമർത്ഥ്യം മേക്കപ്പിലും വസ്ത്രധാരണത്തിലും അനിവാര്യമാണ്. മൊത്തത്തിൽ നാടകത്തിന്റെ പൂർണ്ണതയക്ക് ആവശ്യമായ ഓരോ ഘടകവും ഒന്നിനൊന്നു പൂരകമായിരിക്കണം. ആത്യന്തികമായി നാടകം എന്ന കലാരൂപമാണ് പ്രധാനം. അവിടെ ഒരു ഘടകത്തിനും അമിത പ്രാധാന്യം ഉണ്ടാകരുത്. അതുകൊണ്ട് നാടകകാരന്/നാടകകാരിക്ക് ശരിയായ "നാടകീയവീക്ഷണം" അനിവാര്യമാണ്. അത് നാടകത്തിൽക്കൂടി പ്രചരണം/വിദ്യാഭ്യാസം നിർവഹിക്കുമ്പോഴും ശ്രദ്ധിക്കേണ്ട വസ്തുതയാണ്. വിചാരത്തിൽക്കൂടിയല്ല, വികാരത്തിൽക്കൂടിയാണ് പ്രചരണം സാധ്യമാക്കേണ്ടതെന്ന് ഓർമ്മിപ്പിക്കുമ്പോൾ, ആത്യന്തികമായി കലാസൃഷ്ടിക്കാണ് സി.ജെ. പ്രധാന്യം കല്പിച്ചതെന്നുവ്യക്തം. അതുകൊണ്ടാണ്, "വിഷയത്തിന്റെ മേന്മയോ ലക്ഷ്യത്തിന്റെ ഔന്നത്യമോ കൊണ്ടുമാത്രം ഒരു രാഷ്ട്രീയനാടകം പരിപൂർണ്ണമെന്നു ഗണിച്ചുകൂടാത്തതാണ്" എന്നദ്ദേഹം വ്യക്തമാക്കിയത്.

സി.ജെ.സാക്ഷാത്കരിച്ച നാടകങ്ങളെല്ലാം അദ്ദേഹത്തിന്റെ നാടകദർശനത്തിന്റെ പ്രത്യക്ഷങ്ങളായിരുന്നു. അതു മലയാളനാടകവേദിക്ക് പകർന്നു നൽകിയത് നവോന്മേഷമായിരുന്നു. ഇന്നു തിരിഞ്ഞു കാണുമ്പോൾ 'ഉയരുന്ന യവനിക' എഴുതിയ കാലത്തു നിന്ന് മലയാളനാടകവേദി ബഹുരംഗപാഠങ്ങൾ സൃഷ്ടിച്ചുകൊണ്ട് ബഹുദൂരം താണ്ടിക്കഴിഞ്ഞിരിക്കുന്നു. നാടകത്തെ സംബന്ധിക്കുന്ന വ്യവസ്ഥാപിത സങ്കല്പങ്ങൾ തന്നെ മാറിമറിഞ്ഞിട്ടുണ്ട്. അവ പലപ്പോഴും സി.ജെയുടെ നാടകസങ്കല്പങ്ങളെ കടപുഴക്കുന്നതായിട്ടുമുണ്ട്. എങ്കിലും 1950ൽ ഇത്തരത്തിലൊരു നിരൂപണ പുസ്തകം സി.ജെ. മലയാള നാടകത്തിന് നൽകി എന്നത് പ്രധാനമാണ്. കാരണം അത് വളർച്ചയുടെ ഘട്ടത്തിലെ പ്രധാന വഴികാട്ടിയായിരുന്നു. ഏതൊരു നാടകസങ്കല്പത്തിന്റെയും ആധാരതത്ത്വങ്ങളായിരിക്കേണ്ട കാഴ്ചപ്പാടുകളാണ് അദ്ദേഹം അവതരിപ്പിച്ചത്. അവ ഉൾക്കൊണ്ടുകൊണ്ടുതന്നെ, അവയെ മറികടക്കുമ്പോഴാണ് ഏതു കലാരൂപവും വളരുന്നത്. സി.ജെയുടെ വിചാരധാരയ്ക്കപ്പുറത്തേക്കുള്ള മലയാളനാടകവേദിയുടെ വളർച്ചയെ അങ്ങനെ വിലയിരുത്താവുന്നതാണ്. എന്നാൽ കാണികളുടെ പക്ഷത്തേക്കു നോക്കുമ്പോൾ, ഏതു സങ്കേതത്തിൽപ്പെട്ട നാടകത്തേയും സമീപിക്കേണ്ടതിന്റെ (കാണേണ്ടതിന്റെ) ഒരു ആധികാരികരേഖ തന്നെയാണ് 'ഉയരുന്ന യവനിക'. കലാരൂപമെന്ന നിലയിൽ നാടകത്തെകാണേണ്ടതിന്റെ രീതിശാസ്ത്രം കാണികൾക്കു പകർന്നു നൽകുന്നു എന്നുമാത്രമല്ല, ഏതാണ്നാടകം ഏതല്ല നാടകം എന്നു തിരിച്ചറിയാനുള്ള ഉൾക്കണ്ണിന്റെ പ്രകാശം കൂടി അത് നൽകുന്നുണ്ട്.

*(കുറിപ്പ്: ഈ പഠനത്തിന് അവലംമാക്കിയത് 2007ൽ മാളുബെൻ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച, സി.ജെ.തോമസിന്റെ 'ഉയരുന്ന യവനിക' എന്ന പുസ്തകമാണ്.)*



# Remembering V.C. HARRIS An Unfinished Journal



Dr. V.C. Harris, Director, School of Letters, left us (just so?) on October 9, 2017. The event unleashed a torrent of reminiscences that highlighted his choice of the 'leaving-date' with its uncanny baggage of Che Guevara and Jacques Derrida. Also, we witnessed myriad musings where the label 'Kerala Derrida' came up. In its wake, what exactly is the legacy that Harris leaves us with, and what is the mantle that needs to be taken up and sustained? Arguably it is the will to be multi-mediated and multi-disciplinary, with a clear onus on a certain democratic ethics that addresses issues of otherness and marginalities. At the same time it is also the felt local need to be culturally situated in one's basic life world and then negotiate the world at large. Let us not forget that Harris was 'basically' a Professor of English who disseminated himself into other realms of human expressions, that too in a thoroughly bilingual and multi-generic way – There is the rub!

**Cheri Jacob K.**
U.C. College, Aluva



### Literature/Culture and the Search for Others

In his article on the issue of Canon in Malayalam Literary Historiography – Kidilolkkidilam [Wondrafabulous?!] - , Harris takes up the issue of claiming spaces vis-à-vis World Literature. The difference is in the way he dissects hitherto held assumptions as to who makes the cut, and he goes on to cite the need to look at the way in which maverick stalwarts like Basheer and V. K. N need to be guarded from the ignominy of 'local fossilization.' For teachers of Literature, this insight opens up the world of Cultural Studies - in fact Harris 'is' pivotal' in the emergence of Cultural Studies in Kerala – and the issue of the broad/new left, which makes it impossible to teach/read/limit literary negotiations to the 'fine-tuning' of the r's and the t's and even the classical aura of literary languages. The same urge is visible in Harris' highlighting of the often ignored Malayalam novel, Parangodiparinayam, especially his focus on the 'Koothaangeeri' image [Burlesque-hybrid?!] which again shows us teachers the need to resist compartments where some will speak only English and the some others will vouch vociferously only and only for Malayalam, Heigh Ho!

### Text/Critique and the Need to be Public

For an upcoming National Seminar, Harris had given the title of his, never-to-be



talk as 'Writing Culture/Culture Writing: Mediated Plurality.' Indeed it was this sense of mediation of the cultural in the plural that Harris leaves with us as his pedagogic essence. In a certain sense, a good part of his 'in-house' classes on the canon, especially his negotiations of Shakespeare-Hamlet- Tempest-Spectre-Marx-Derrida, were geared to the realities of the here and the now. He would link the statecraft in Hamlet with the Machiavellian resonances of the fascist Indian state and the like. And the insights of Critical Social Theory would be the bases for his relentless yet self-effacing interventions into almost all the New Social Movements in Kerala – perhaps in re-reading his little pieces addressing the banning of the 'Guantanamo poem' from the Calicut University syllabus, or the little 'ode' that he simply 'presents' to a post-humous Rohith Vemula, and even his tongue-in-cheek remarks regarding the 'politics of translations', especially with regard to rendering Shakespeare into Malayalam, are reminders for the academic commune that one simply has to go 'Public' in voicing concerns in a world where the public sphere is shrinking at an alarming rate.

**Translation/Theatre/Cinema – Always Already 'To and Fro'**

Harris's tryst with taking choice texts from Malayalam to English [the works of G. Sankara Pillai, Narendra Prasad, P. Balachandran, Sajitha Madathil, et al] can be seen as a move in which the translation act per se becomes social activism, which aims at a certain preservation and mapping of Kerala onto the world stage. Perhaps the most significant of these 'acts of faith' is his rendering of the stories of C. Ayyappan into English. Contra, his choice of texts that were brought into Malayalam – Iago, Dramatic Circle, Voyzchek, Krapps' Last Tape, Marx in Soho, etc – once again testifies his uncanny ability to throw open for the Malayalee readership certain 'other-texts' that will force us [especially academics] to sit up and take stock of our long cherished habits of cultural consumption. By way of extension, the same is true of Harris' trysts with Cinema: interactions at the Film Festivals with World Cinema Titans and the relentless pursuit of ways by which to place Malayalam cinema on the Indian/World cinematic map. What has to be highlighted here is that, as is the case with literature Harris was amongst the first theoreticians in Kerala who blurred the so called boundaries between Cultural Studies and Film Studies. His yet to be published work on the 'Indian presence in Early German Cinema' is a case in point.

**Personal**

As a regular presence at the International Film Festival of Kerala, especially as the incomparable moderator of the Open Forum, Harris once encountered a situation where a 'protestor' jumped on to the stage and tried to hustle him. The security personnel quickly subdued the truant, and were whisking the truant away. Without realizing that he has the microphone in his hands, Harris says, 'Please be soft on him, don't hurt him.' Those words remain for me – an ardent Harrisian – the Master Class that he took for me: an act which resonates with the need in all of us to be humane, concerned and vigilant in senses that go beyond the narrow confines of mere politics. Yes, Harris wants us to be Humans. Just so.

# GENERAL PROFILE OF THE HIGHER EDUCATION SECTOR OF KERALA-IN THE PRIVATIZED ERA WITH REFERENCE TO COST AND SUBSIDIES

**Shyla Hameed**
MES College
Nedumkandam



Kerala one of the most awakened and literate states of the country is ahead in many respects, particularly in better human development indicators and spread of universal primary education. Royal patronage for education and the role played by Christian missionaries in the pre independence period along with the positive political interventions of the various progressive governments in the post-independence period contributed a lot to the progress of higher education in the state. In Kerala, triumph of neo-liberalism and new economic policies in the 1990's has increased the presence of private sector in providing social service, partially in higher education. The state has witnessed many drastic changes in this direction; self financing unaided institutions are being established in the state in a big way. Such institutions here not only fully financed their costs (both recurring and non-recurring costs) from fees and funds, but also made it a lucrative business. They are working in a profit motive conditions and charged heavy tuition fee and funds, paid an extremely low salary to teaching and non-teaching staff, working without any norm to ensure quality, and no social obligations towards poor students (Ghuman, Singh and Brar, 2005). The Kerala government is not in a position to give the whole higher educational opportunities in a demand driven and subsidized manner.The government outlined the next twenty five years of educational grooming by introducing reviving of public education policy. Education is a debt due from present to the future.

### OBJECTIVES OF THE STUDY

The following are the specific objectives of study.

1. To analyze the general profileand cost structure of higher education of kerala in the privatized era.

2. To examine the extent and effectiveness of government subsidies in higher education

### Data Sources

The study is based upon the primary and secondary data. The secondary data were gathered from the published (annually and periodically) and



unpublished sources. Major published sources of data were various issues of Economic Review of Kerala, Economic Survey of India, Economic Survey of Kerala, NSSO Data of Kerala etc. The primary data were collected from the colleges/institutes providing higher professional education courses in Kerala and students studying in these sampled colleges/institutes. A stratified random sampling technique was adopted to select the sample units. (colleges/institutes).

## INTRODUCTION

### General Profile of higher education sectorof Kerala

The State of Kerala being one of the most awakened and a literate state of the country has been ahead in many respects, particularly in the Human Development Index and Universal Primary education. One of the major contributions to progressive outlook and higher literacy levels are due to the rich heritage, royal patronage for education as well as, the missionaries who established Schools & Colleges over a century ago. The positive political interventions and the government policies also contributed to the progress of Higher Education. But the explosive privatization of higher education which swept the country in the recent decades has also been experienced by the State of Kerala. At the same time, it is also true that the GER in Higher education remain at 18-20% and this figure is not uniform through-out the State as there are many areas like Malapuram, Palakkad, Wayanad, Kannur and Idukki districts whose GER is less than 10%. The State of Kerala also has certain unique issues not fully addressed for a long time.

Kerala has always upheld social development over mere economic growth. The quality of life of the people is it in education and awareness or in health and well being has been the main thrust of Government policy over the years. Like other states in the country, the state of Kerala has inherited the education system from the British and has made significant changes in it in the past 65 years. The educational achievement of the state is the prime factor behind its present well-being and the "Kerala Model of Development", which is highly lauded. It is a fact that the State is far ahead of the national objectives in the Primary and Secondary education and is striving for attaining international standards in Higher education, Technical education and Research. The gross enrolment ratio (GER), a widely used indicator of access to higher education is also used to denote the educational advancement of a region. It is the ratio of persons enrolled in higher educational institutions regardless of age divided by the number of persons in the relevant age group. The quality of human capital, though much higher

than elsewhere in the country and comparable in many ways to advanced nations, is difficult to sustain, given the limited resources, increasing aspirations and the changing demographic profile of the state

With the successful implementation of SSA and RMSA the Central Government is now introduced the scheme Rashtriya Uchchatar Shiksha Abhiyan (RUSA), in order to achieve the objectives of equity, access and excellence in the Higher Education sector. In this platform Kerala is re-orienting its approaches and the institutional arrangements. The Kerala government spends more than one-fourth of its budget on education, yet, the educational sector of Kerala, particularly higher educational sector, is facing a severe financial crisis. In the first decade of 2000 there has been considerable increase in colleges providing higher education in Kerala in the self financing stream.

The technical education system has expended much flower pace during the past four decades. In 1962, Kerala had only 6 Engineering colleges with an intake capacity of 780 students. In 1977-98. It has grown to 15 engineering colleges with intake capacity of 5798 students.Private providers are dominated in professional higher education of Kerala. Self financing courses and colleges are also started in the general education scenario of Kerala.

**Cost and subsidies of higher education in Kerala-**

The concept of cost of education is very important in higher education, now days this sector of the state has gone through remarkable changes in the last decade or so. So many institutions are started in self-financing sector, a chain of changes happened. Now a day in Kerala the institutions imparting higher education have increasing turned their affairs with more focus on the marketing aspects of the educational products especially in professional and higher education. The cost of supplying of education becomes very crucial component of in all the higher education programmes. Here there exist so many measurement complications regarding the cost of higher education.

The steady increase in expenditure on education has already become a problem to the government which faces severe financial constraints. The expenditure and cost that a student of higher education has to incur by way of tuition fees, examination fees and on miscellaneous item in government run institutions is by and large, very nominal in Kerala even at present. Attempts to raise the fee structure in general education, which has seen only marginal increase over a long period, have been strongly resisted by the student community supported by presents students organizations and some political parties. As even though, these situations exists, as a result of the paradigm shift in the educational policy of the Kerala government in favour of private sector in higher education especially in respect of medical and engineering. They have collected exorbitant fees and huge donations under various heads. This situation has been crated huge disparities in educational access and expenditure in the higher education sector of Kerala. The situation still continues to be explosive. A related question which has not received attention is education subsidies; whether the subsidies are adequate and whether they serve the purpose for which they have been instituted. Research evidence on cost and subsidies of higher education in Kerala is very scarce.The study of the cost of higher education system of Kerala has great relevance in the present socio economic context. The educational expenses are increasingly day by day. The educational subsidy and bank loans are also becoming prominent in Kerala. The formalities for getting bank loans and their repayment problem is a serious issue in our society.

**Kerala has always upheld social development over mere economic growth. The quality of life of the people is it in education and awareness or in health and well being has been the main thrust of Government policy over the years.**

The concept of cost of education is very important in educationparticularly in higher education. Higher education sector of the state hasgone through remarkable changes in the last decade or so. In fact, all components ofthis sector,bothindividually and collectively, experienced a chain of changes. Atpresent, the number of institutions of higher education put forward a picture of fulldiversity. The diversity is reflected in terms of number of courses, curriculum,ownership modes, financing practices, staff deployment patterns, vocationaldynamics, etc. The institutions providing different types of higher education courses, the self financing colleges have increasingly turned their affairs with more focus on the marketing aspects of their educational courses.The cost of supplying of education

becomes very crucial component of all these educational programmes, and thereby, involves multifold measurement complications(Ghuman, Singh, Brar, 2005). Hence the issue of cost is more pressing to a resource crunch government (Mathew 1991, Joseph 1994; Salim 1997), labour income groups whose access is restricted higher net cost of colleges (McPherson and Shapiro 1997) and Colleges that are not like forms although they sell education for price (tuition fee) using lot of inputs like professors, staff, etc

The estimation of capital cost of education has remained a neglected area of research in India as well as in Kerala. Even, the Report of Education Commission, 1964-66 (popularly known as the Kothari Commission) have hinted about this research gap in estimating and analyzing the institutional cost (Salim, 1997). The capital expenditure invested in creating educational infrastructure determines the quality and quantity of physical facilities in an education institution. Estimation of capital cost is essential for the purpose of perspective planning pertaining to human resources in India or elsewhere. Further, it is stated that the future capital requirements would also depend on the existing capital stock, plans for the future and norms regarding size of classes, technology of building, nature and methods of instruction, content of teaching, etc. (Garg, 1985).

## Conceptual Frame work

Generally educational costs are categorized in to three major components. These are (1) institutional cost (2)private cost or student cost, (non academic) and(3) opportunity cost. Institutional cost represents the cost incurred by the government or educational institution or both in operating and maintaining the institution to provide facilities for education. Private cost of education is that part of investments in education which is made either by the student or his/her parents or both. Opportunity cost is the cost is the earnings foregone by a student on account of pursuing a given level of education or the benefits forgone that would have been available to the society in the absence of educational programme.Institutional cost is generally classified in to recurring and non-recurring cost or current and capital costs. Sometimes, it may also be classified in to variable and fixed cost of education. It means that the purchase of durable assets which are expected to yield benefits over a longer period while recurring or current or variable costs include all expenditure on consumable goods and services which bring immediate or short term benefits and have to be regularly renewed (Woodhall,1987)

### Taxonomy of cost of education



6







becomes very crucial component of all these educational programmes, and thereby, involves multifold measurement complications(Ghuman, Singh, Brar, 2005). Hence the issue of cost is more pressing to a resource crunch government (Mathew 1991, Joseph 1994; Salim 1997), labour income groups whose access is restricted higher net cost of colleges (McPherson and Shapiro 1997) and Colleges that are not like forms although they sell education for price (tuition fee) using lot of inputs like professors, staff, etc

The estimation of capital cost of education has remained a neglected area of research in India as well as in Kerala. Even, the Report of Education Commission, 1964-66 (popularly known as the Kothari Commission) have hinted about this research gap in estimating and analyzing the institutional cost (Salim, 1997). The capital expenditure invested in creating educational infrastructure determines the quality and quantity of physical facilities in an education institution. Estimation of capital cost is essential for the purpose of perspective planning pertaining to human resources in India or elsewhere. Further, it is stated that the future capital requirements would also depend on the existing capital stock, plans for the future and norms regarding size of classes, technology of building, nature and methods of instruction, content of teaching, etc. (Garg, 1985).

**The capital expenditure invested in creating educational infrastructure determines the quality and quantity of physical facilities in an education institution.**

### Conceptual Frame work

Generally educational costs are categorized in to three major components. These are (1) institutional cost (2)private cost or student cost, (non academic) and(3) opportunity cost. Institutional cost represents the cost incurred by the government or educational institution or both in operating and maintaining the institution to provide facilities for education. Private cost of education is that part of investments in education which is made either by the student or his/her parents or both. Opportunity cost is the cost is the earnings foregone by a student on account of pursuing a given level of education or the benefits forgone that would have been available to the society in the absence of educational programme.Institutional cost is generally classified in to recurring and non-recurring cost or current and capital costs. Sometimes, it may also be classified in to variable and fixed cost of education. It means that the purchase of durable assets which are expected to yield benefits over a longer period while recurring or current or variable costs include all expenditure on consumable goods and services which bring immediate or short term benefits and have to be regularly renewed (Woodhall,1987)



## Recurring Cost

Recurring cost is that cost which has been incurred repeatedly in an enterprise to produce a good/ service. The recurring cost of an enterprise generally increase every year by the rising prices of inputs used in the production of goods and services. In any educational enterprise, various inputs of recurring nature have very close relationship with the output of educational institutions (students). Thus, the recurring cost is the cost incurred by an institution during an academic session (Singh, 2000). In simple words, recurring or recurrent costs are simply those costs which re-occur frequently to run any development activity or production process.The recurring cost of an education enterprise comprises several components. It includes salaries(teachers and other supporting staff), consumables,admin istrationcosts, expenditure on laboratories and workshops(laboratory costs),stipends and other financial assistance,journals and magazins,cost of conducting sports and games, examination cost equipment repair and maintenance during the period of one year,cost of general direction and miscellaneous.It is found that there is comparatively lower tuition fee in engineering and medical education in the government sector as compared to self financing sector.There exist a huge gap between academic cost and fees structure of government and self financing sector in general,engineering and medical education.

### Average Unit Cost of higher educationin kerala

(Unit cost = total annual recurring expenditure (actual) divided by total number of students enrolled-average in GE)

| Unit cost of education | Including salary component(Rs.) | Excluding salary component.(Rs) |
|---|---|---|
| General education | 63398 | 5214 |
| Technical education | 1,05724.40 | 11,079.20 |
| | Self financing stream | |
| General education | 33828 | 6318 |
| Technical education | 52398.4 | 22197 |

Table-1-Source: survey (Primary)

**Non-Recurring Cost (Capital Cost)**

Institutional cost is usually classified in to recurring and non-recurring cost or current and capital costs. The non-recurring or capital costs are costs incurred on the purchase of land, buildings, furniture, fixtures, equipments, etc. to be used in the production of goods or the rendering of services. In other words, all those costs which are being made in fixed assets in order to bring a project to a commercially operatable status fall in the category of capital costs (Coomb, 1972).

**Private Cost / Non academic cost**

Private Cost is borne by the students or his/her parents/guardians. It includes tuition fees, examination fees, expenditure on books, stationery, board and lodging, transport and other incidental expenses (Singh, 2000).The private cost of education is broadly divided in to direct and indirect cost. Direct private cost is defined as the cost directly incurred by a household for the education of students.Direct private cost of student's higher education depends on the family income, status and earning potential of thefamily and the, transport cost,hostel expenses, pocket expenses, tuition cost, stationary cost etc.

**Non academic cost or parental cost**

It is the cost incurred by the student on non academic activities or maintenance purposes such as expenditure on logging,food,travel ,clothing pocket expences etc place of stay is a determining factor of non academic cost.

**Differences in non-academic cost- day scholar and hostler in government and self financing sector**

| General Education. | Government | | T value | P value | Self financing | | T value | P value |
|---|---|---|---|---|---|---|---|---|
| | Day scholar | Hostler | | | Day scholar | Hostler | | |
| Food&lodging | 11334.57 | 24779 | 45.72 | 0.000 | 13700 | 43907.68 | 78.53 | 0.000 |
| Transport | 6367 | 9234 | 23.34 | 0.000 | 8793.45 | 8423 | -17.18 | 0.000 |
| Others | 4900 | 8993 | 7.88 | 0.000 | 34624 | 6057.56 | 0.01 | 0.987 |
| Total | 22601.57 | 43006 | | 0.000 | 62117 | 58388.24 | | |
| B.Tech | | | | | | | | |
| Food&lodging | 12327.83 | 32691.76 | 35.07 | 0.000 | 16892.34 | 13867.15 | 79.89 | 0.000 |
| Transport | 4080.87 | 5423 | 8.89 | 0.000 | 14035 | 13034.09 | -13.56 | 0.000 |
| Others | 6430 | 5690 | 3.56 | 0.000 | 1028.55 | 8780.23 | -0.96 | 0.567 |
| Total | 22838.7 | 43804 | | 0.000 | 31955.89 | 35681.47 | | |
| MBBS | | | | | | | | |
| Food&lodging | 19400 | 27876 | 14.50 | 0.000 | 20630 | 7423.89 | 81.98 | 0.000 |
| Transport | 5578.95 | 8873.69 | 20.14 | 0.000 | 18890 | 12340.98 | -16.87 | 0.503 |
| Others | 12700 | 13802 | 1.46 | 0.162 | 16345 | 13952.94 | -0.65 | 0.000 |
| **Total** | **37678.95** | **50551.69** | | **0.000** | **55865** | **33717.81** | | |

Table-2;Source: primary survey

It is important to note that there is significant difference between in non academic cost between government and self financing sector in various courses.

**Subsidies**

Generally education is publicly provided by every nation. The dominance of the State subsidies is an outstanding feature of most education systems. Such a unique position is shared only by a very limited range of goods and services such as national defence, internal security, courts, police, etc. Even in those cases, where education is not publicly provided, it is subsidised by the State. Education, including higher education, is heavily subsidised by the State in almost all the countries of the world -- not only in developing countries, but also in developed countries. Conventionally why

education has been given such a treatment? There seems to exist a powerful persuasive economic logic and a social, political and historical rationale for this.

Since the higher education produces high quality human resources, therefore, this education process involves huge amount of resources. It requires extremely a measured cost management response during all stages of input utilizations. Actually, public grants/subsidies, wholly or partly, lower the costs of higher education in many countries, including market-based economies. In Kerala or elsewhere, the fundamental way of financing higher education is the public funds in the form of grants/ subsidies. These grants/subsidies can be in implicit form (concessions in land prices or tax exemptions) and explicit form (scholarships, recurring/non -recurring grants, etc.). These grants/subsidies aim at reducing the price of higher education so that it can be affordable to larger section of the society.

Earlier, there were periodic upward revisions, although limited, of number of aided colleges/ teaching posts in them for government grants-in -aid. Recently, self-financing unaided institutions are being established in the state in a big way. Such institutions have not only fully financed their costs (both recurring and non-recurring costs) from fees and funds, but also made it a lucrative business. A large numbers of private individuals, (industrialists, businessmen, NRIs, etc.) under the grab of societies/ trust are entering into the education business day -in and day-out with profit motives. They charged heavy tuition fee and funds, paid an extremely low salary to teaching and supporting staff, working without any norm to ensure quality, and no social obligations towards the poor students (Ghuman, Singh and Brar, 2005).

Subsidies are of direct and indirect subsidies. Direct subsidies are those paid by the government directly to the students in the form of fee concession, scholarships etc whereas indirect subsidies are those which are indirectly enjoyed by the student. For example recurring expenditure like teaching and non teaching cost as well as non recurring expenditure like cost of building and infrastructure is incurred by the government for educating a student.



Scholarships Distribution from 2012-13 to 2014-15

| | | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|
| | | Number of students | | |
| 1 | Merit Cum Means | 712 | 353 | Nil |
| 2 | Post Metric Scholarship | 79692 | 87968 | 93264 |
| 3 | Central Sector Scholarship | 5066 | 6799 | 2324 |
| 4 | Kerala State Suvarna Jubilee Scholarship | 4000 | 4000 | 3000 |
| 5 | National Merit Scholarship | Nil | Nil | Nil |
| 6 | Muslim/Nadar Scholarship | 38 | 48 | 79 |
| 7 | Merit Scholarship to Children of School Teachers | Nil | 4 | Nil |
| 8 | Educational Concession to blind students | 651 | 699 | 896 |
| 9 | Music/Fine arts scholarship | 30 | 31 | 15 |
| 10 | District Merit Scholarship | 9005 | 9683 | 9721 |
| 11 | IAS coaching scholarship | 4 | 10 | 8 |
| 12 | Muslim girls Scholarship | 4 | 10 | 8 |
| 13 | State Merit Scholarship | 730 | 791 | 767 |
| 14 | Sanskrit Scholarship | 142 | 143 | 146 |
| 15 | Hindi Scholarship | 300 | 475 | 447 |
| 16 | Hostel for Muslim girls scholarship | 2528 | 2798 | 1351 |

Table-3-Source:economic review-2015

Cost recovery implies a reduction in subsidies in higher education. The best way to reduce subsidies is to diversify the sources of funding for higher education. This could be done shifting the incidence of the financial burden either to the beneficiaries (students) or to their users (employers) of the technical sector of Kerala. (Kerala Education Commission Report 1999). In Kerala self-financing institutions are offering technical,management, medical and paramedical courses and charges fees which cover not only recurring costs but also capital costs. The concept of self financing education is that the cost of instituting and running a college can be realized solely from the fees charged from the students.

Commercialization of Higher education particularly by the self financing institutions that offer professional course has made fees un-affordable for a majority of students from poor background. Most of the self financing programs offered through aided and partially aided non professional institutions also make higher education increasingly un-affordable for poor students. Studies have shown that, higher education in India is mostly availed by the top 30 percent of the income groups who receive full elementary education almost free and occupy 70 percent seats in secondary education and 80 percent in higher education Balchander (1989) Similar study done in Kerala observed that, high income groups appropriate majority of engineering seats and economically weak students may not even venture to apply for engineering courses (Joy 2002). Consequently, equality is at the states constitution of India provides for equality of opportunity and equal treatment of students in the distribution of education.

It is to be realized that while primary education is fundamental to the nation, higher education determines its economic and technological progress in the global era, which are the necessary a sufficient conditions for growth and development respectively. In Kerala ongoing changes in global economic structures along with information revolution have produced an environment of global competition and commoditization and in this context many important questions about Kerala's higher sector raised. One of the important problem that faced by our state is the pricing of higher education. In the state and society majority are so poor and from middle income families cannot afford the cost of higher education. The higher rate of growth of private sector in higher, professional and technical education has created new challenges in this respect.

Recently, in the sphere of higher education in



Kerala, there is a Mushrooming of private sector institutions. As long as they are charitable institutions, the matter is different, but many of them are actually profit making institutions. The importance of higher education in national development, and in the development of individuals, has been universally recognized. However, higher education systems, the world over, are being subject to ever increasing financial constraints with governments steadily withdrawing their support. As a consequence, a large vibrant private sector in higher education has emerged and naturally, this sector has become highly competitive and the market forces determining the "prices" are activated. In addition to that the entire privatization in higher education sector creates several sociological imbalances in the higher education of Kerala.

**Conclusion**

The present study highlights the importance of cost and subsidies of higher education in Kerala. The recent trends in cost and financing of higher education in Kerala shows domination of government sector in general education and mushrooming of private providers in professional education. Self financing institutions in kerala depend largely on student fees for maintaining their institutions and collect large amounts of other charges as well. The contribution of fees in meeting the institutional cost of higher education is marginal in government sector and is declining. The students studying in government sector have to pay less than those studying in the private sector. The subsidies in higher education of self financing sector are low and it is not re-distributive in its true sense. The growth of student loans is also another serious problem in Kerala. Now the government of kerala is in the rejuvenation process of public education. The government outlined the next twenty five years of educational grooming by introducing reviving of public education policy. Education is a debt due from present to the future.

**References**


Blaug, M. (1968), Economics of Education 1, Penguin Books Ltd., Harmondsworth, Middlesex, England.

Blaug, M. (1969), Economics of Education 2, Penguin Books Ltd., Harmondsworth.

Salim, A.A. (1997), The Cost of Higher Education in India, Anmol Publications, New Delhi.

Salim, A.A. (1998), Opportunity in Higher Education: An Enquiry into Entry

Barriers, Workshop on Education in Kerala: Issues in Access and Quality,

Kerala Research Programme on Local Level Development (KRPLLD).

Tilak, J.B.G. (1985), "Analysis of Cost of Education in India", Occasional Paper 10

National Institute of Education, Planning and Administration (NIEPA), NewDelhi.

Tilak, J.B.G. (1993), "Financing Higher Education in India", Higher EducationReforms in India, Experience and Perspectives, Sage Publications, NewDelhi.

Tilak, J.B.G. (1995), "Costs and Financing of Education in India: A Review ofIssues, Trends and Problems", Discussion Paper 5, UNDP Research Projecton Strategies and Financing of Human Development, Centre forDevelopment Studies, Trivananthapuram.

The National sample Survey Report (NSSO) 2007-2008,kerala



# Madavoorpara Rock-cut Temple and the Place Name Pothencode:

## An Illogical Assumption on History

**Dr. Harikumar. S**
MG College,
Thiruvananthapuram



Kerala is blessed with many rock-cut temples. Kallil, Kottukkal, Vizhinjam, Madavoorpara etc. are certain examples. Amongst which Madavoorpara Cave Temple has a distinctive feature which attracts both the devotees and historians. This ancient monument is situated 17 km away from Thiruvananthapuram city, very near to Chempazhanthi, the birth place of Sree Narayana Guru. Its correct location is at Kattayikonam a village at Pothencode town. Presently it is under the management of Chenkottukonam Sree Ramadasa Ashram and it is an archaeologically protected area by the Archaeology Department, Govt. of Kerala.

If you logon to the facebook page you can watch some photos and comments posted by students and visitors about this rock-cut temple as a tourist place and describing its beauty such as the cool breeze, view of the distant sea, bamboo shelters and the surrounding greenery. But none of them has paid attention to trace its history or tradition.

Tradition is more than facts about this temple. Rabert Zuvell in his List of Ancient Monuments referred this temple. V. Nagam Ayya's Travancore State Manual is another piece of literature about this monument. Vidvan V.R. Parameswaran Pilla published an article in Mathrubhumi weekly in 1943 records his findings about this temple and explains how this place found notice to the public.

As there is no inscriptional evidence it is not easy to trace out its correct antiquity. The structure, an engraving in the front wall of the cave and the images of this cave identifies its distant similarity with Pallava style. This indicates that it was built around 9th century BC.



Some scholars argue that the place name Pothencode is derived from this temple as once it was a Buddhist shrine. According to Vattapparambil Gopinatha Pillai, the name Pothencode is a derivation from tow terms – Buddhan or Puthan and Code which means place. Hence, Puthen + Code give Puthencode and gradually changed to Pothencode. But historically analyzing, this view has not tenable. The structure and construction of this cave temple is not in Buddhist style. It has similarity with Jain shrines but there is no evidence of Jain settlement in this area.




Large scale conversion happened in Kerala during the 8th and 9th centuries and many Jain and Buddhist shrines were changed to Hindu temples. This might not be in the case of Madavoorpara as the Sivalinga image inside the cave is closely a part of the huge rock itself. It is not separately build and erect. If it was a Buddhist or Jain shrine there would not have such an image. Moreover, both sides in the front entrance of the sreekovil the images of upadevatas Subrahmanyan and Ganapathy are also carved out. This clearly indicates that it is not a converted Buddhist shrine. This is a very rare thing considering to other rock-cut cave temples in Kerala. It has its own indigenous identity as a Hindu temple. Hence, the view of Vattapparambil Gopinathan Pillai in connection with the place name or its Buddhist relation is only an imagination.

November 2017 | KERALA PRIVATE COLLEGE TEACHER

# എന്റെ കുഞ്ഞൂട്ടന്റെ അമ്മേടെ

വിനീത മോഹൻ



സ്കൂളിനെ കുഞ്ഞൂട്ടൻ ഒരു മർദ്ദകയന്ത്രമായാണോ കാണുന്നത് എന്ന് തോന്നിത്തുടങ്ങിയിട്ട് നാളുകളേറെയായി. യൂണിഫോം എന്ന സംവിധാനത്തിന്റെ മർമ്മപ്രധാനമായ പല ഘടകങ്ങളും നഗരത്തിലെ ഏറ്റവും നല്ലത് എന്നവകാശപ്പെടുന്ന സ്കൂളിൽ എത്തുംവരെ ധരിക്കാൻ കൂട്ടാക്കാതിരിക്കുന്ന അവന്റെ സ്വഭാവവൈകല്യം (ആ പ്രയോഗം അവൻ സമ്മതിക്കുമെങ്കിൽ) അതല്ലാതെയെന്താണ് സൂചിപ്പിക്കുന്നത്?

ഭാരിച്ച സ്കൂൾ വിശേഷങ്ങൾ ഇറക്കിവയ്ക്കാനുള്ള അവന്റെ ഒരത്താണിയായ എന്റെയടുത്ത് ഒരിക്കൽ ആർത്ത് ചിരിച്ചുകൊണ്ടാണ് അവനത് പറഞ്ഞത്, 'വായിച്ചു വായിച്ചു വായന ഒരു ശീലമാക്കുക എന്ന് ലൈബ്രറി മിസ്സ് ഇംഗ്ലീഷിൽ പറയുന്നത് റീഡ് ആൻഡ് റീഡ് ആൻഡ് ഗെറ്റ് റിഡ് ഓഫ് ദി ഹാബിറ്റ് ഓഫ് റീഡിംഗ് എന്നാണ്'.

വലിയ ജ്ഞാനം പോരാത്ത ഭാഷയോട് നിങ്ങൾക്ക് വേണ്ടി മല്പിടിക്കുന്ന ആ ടീച്ചറുടെ ഇത്തരം കുറവുകൾ കാട്ടികൊടുക്കുകയല്ലേ വേണ്ടത് എന്ന് ചൂണ്ടിക്കാട്ടാൻ ശ്രമിച്ച എന്നോട് അവൻ അപ്പോൾ പറഞ്ഞ കാര്യം ശ്രദ്ധേയമായി.

'പ്രിൻസിപ്പൽ ബെർനാഡിന് ഇത് തന്നെ വരണം. അങ്ങേർക്കാണ് നിർബന്ധം സ്കൂളിലെ എല്ലാ ടീച്ചർമാരും എന്തിന് ആയമാർ പോലും ഇംഗ്ളീഷിലെ സംസാരിക്കാൻ പാടുള്ളുവെന്ന്. ഞങ്ങൾ വീട്ടിൽ പോലും ഇംഗ്ലീഷിലെ സംസാരിക്കാവൂന്നാ. അതൊണ്ടെന്താ ക്ലാസ്സിൽ



പോയിട്ട് മാർച്ച് പാസ്റ്റ് റിഹേഴ്സലിന് വാ എന്നതിന് ഗോ ക്ലാസ് കം മാർച്ച് പാസ്റ്റ് എന്ന് പറയുന്ന കണക്ക് മിസ്സും യൂ വൈ നോ ബ്രിങ്ങ് ട്രാൻസ്ക്രിപ്ഷൻ എന്ന് കുട്ടിയോട് ചോദിക്കുന്ന ഹിന്ദി മിസ്സും ഒക്കെ ഇപ്പൊ സ്കൂളിലെ സ്ഥിരം സംഭവമല്ലേ.. '.

ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണ്. ആഗോളവൽക്കരണകാലത്ത് സ്കൂളുകളിലെ ഇംഗ്ളീഷ് വിന്യാസത്തിന്റെ ആവശ്യകത മനസ്സിലാവുന്നവെങ്കിൽ കൂടി ബ്രിട്ടീഷുകാർക്കും അമേരിക്കകാർക്കും (ഇന്ന് ഇന്ത്യൻ ഇംഗ്ലീഷിന് ബട്‌ലർ ഇംഗ്ലീഷ് എന്ന ദുഷ്പേരില്ല ഭാഗ്യം) കഷ്ടിച്ച് മനസ്സിലാകും വിധമൊരുതരം ആക്സന്റിൽ ഇംഗ്ലീഷ് സംസാരിക്കുന്ന ടീച്ചർമാർക്കൊപ്പം നന്നായി മലയാളം സംസാരിക്കുന്ന ടീച്ചർമാരെ അത് തുടർന്ന് പോകാൻ കൂടി അനുവദിക്കുകിൽ വികലമായി മലയാളം സംസാരിക്കുകയും ഒപ്പം അതൊരു അലങ്കാരമായി കരുതുകയും ചെയ്യുന്ന ഒരു തലമുറകൂടി സൃഷ്ടിക്കപ്പെടുന്നതിൽ നിന്നും രക്ഷിക്കാമായിരുന്നു ഭൂമിമലയാളത്തെ എന്ന് സ്കൂൾ അധികൃതരോട് പറയണമെന്ന് തോന്നിയത് പിന്നെ വേണ്ടെന്ന് വച്ചു. അല്ലെങ്കിൽ തന്നെ ഞാനെന്തിനാ ഇതിന്റെയൊക്കെ പിറകെ വെറുതെ തൂങ്ങുന്നേ?

സ്കൂളിലെ റിബലായ കുഞ്ഞൂട്ടൻ ശ്രദ്ധിക്കാത്ത കാര്യങ്ങൾ ഉണ്ടായിരുന്നില്ല.'ആന്റി, ഇന്നലെ അസംബ്ളിയിൽ പ്രിൻസിപ്പൽ പറയുവാ ആണങ്ങൾ ഇറുകിയ ഷർട്ടും പെണ്ണുങ്ങൾ ലെഗ്ഗിൻസും ഇടരുതെന്ന്, അതോ സ്കൂളിൽ മാത്രമല്ല പുറത്തും; ഈയാൾക്ക് സ്കൂളിലെ കാര്യം മാത്രം നോക്കിയാൽ പോരേ. എത്ര കാര്യങ്ങളുണ്ട് പൊടിയും പുഴുവും വരുന്ന പൈപ്പ് വെള്ളം തൊട്ട് വേസ്റ്റ് ഇടാൻ നല്ല സൗകര്യം ഉണ്ടാക്കുന്നത് വരെ?' പോട്ടെ കുഞ്ഞൂട്ടാ, മനസ്സിലെ ഫ്രസ്ട്രേഷൻ പറഞ്ഞു തീർക്കുന്നതാവും. ചിലരൊക്കെ.. പ്രത്യേകിച്ച് അധ്യാപകരുടെ കൂട്ടത്തിൽ, കാലത്ത് എഴുന്നേൽക്കുന്നത് തന്നെ ഇന്നാരുടെ തലേൽ കേറണം എന്നാലോചിച്ചോണ്ടാ...

പക്ഷെ കുഞ്ഞൂട്ടൻ സമാധാനിക്കുന്ന മട്ടില്ല. 'അല്ല ആന്റി, ഇത് അയാൾ പറഞ്ഞത് സാമിയെ ഉന്നം വച്ചാ...' കയ്യുടെ മസിലുകൾ പ്രദർശിപ്പിക്കാൻ പോന്ന ഇറുകിയ ഷർട്ടും ധരിച്ച് സ്ട്രീറ്റ് ക്രിക്കറ്റും കളിച്ച് സിനിമകളും കണ്ട് നടക്കുന്ന പത്താം ക്ലാസ്സുകാരൻ സ്വാമി കുഞ്ഞൂട്ടന്റെ ഹക്കിൾബറി ഫിന്നാണ്. പക്ഷെ ഒരു കുഞ്ഞുമനസ്സിൽ ആ സ്ഥാനം നേടിയെടുക്കാൻ ആ സ്കൂളിലെ കൊടികെട്ടിയ എം എസ്സുകാർക്കും സ്വയംപ്രഖ്യാപിത സാംസ്കാരികനായികനായകൻമാർക്കും കഴിയുന്നില്ലല്ലോ എന്നതാണ് കഷ്ടം.

വാസ്തവത്തിൽ സ്കൂളിലെ ഉമിത്തീ പകരും നീറ്റലിന് അല്പം ആശ്വാസം കൊടുക്കാൻ നിരീശ്വരവാദികളായ കുഞ്ഞൂട്ടന്റെ മാതാപിതാക്കൾക്കും കഴിയുന്നില്ല എന്നതും വസ്തുത തന്നെയാണ്. ദൈവമില്ലയെന്ന സുവിശേഷം ഭക്തസമൂഹത്തിൽ പ്രചരിപ്പിക്കുന്നത്




ജിയോളജി, ജിയോഗ്രഫി, സിവിൽ എഞ്ചിനീയറിംഗ്, എൻവയോൺമെന്റൽ സയൻസ് വിദ്യാർത്ഥികൾക്കും ജോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം (ജിഐഎസ്) പഠിക്കാൻ താൽപ്പര്യം ഉള്ളവർക്കും ഒരു ഉത്തമഗ്രന്ഥം.

കോപ്പികൾക്ക് ഫ്ളിപ്കാർട്ട്, ആമസോൺ.ഇൻ, ഇൻഫിബീം തുടങ്ങിയ ഓൺലൈൻ സൈറ്റുകൾ സന്ദർശിക്കുക


ജീവിതവ്രതമാക്കിയ അവന്റെ മാതാപിതാക്കൾ അറിയുന്നുണ്ടായിരുന്നില്ല രാത്രി ഏറെ വൈകി മാത്രം വീട്ടിലെത്തിയിരുന്ന അവരെ കാത്ത് വഴിക്കണ്ണുമായി നിന്ന ഒറ്റപുത്രൻ ആധിയകറ്റാൻ ആശ്രയിച്ചത് തൊട്ടടുത്ത വീട്ടിലെ മുത്തശ്ശിയുടെ ഉപദേശപ്രകാരം ശിവപഞ്ചാക്ഷരിയായിരുന്നുവെന്ന്. അതോടെ ഓം നമഃ ശിവായ... അച്ഛനും അമ്മേം ആപത്തിൽ പെടാതെ വീടെത്തണേ എന്ന് പ്രാർത്ഥിച്ചപ്രാർത്ഥിച്ച് പാവം കുഞ്ഞൂട്ടൻ യുക്തിഭവനത്തിലെ പ്രഹ്ലാദനായി മാറി, തികച്ചും യുക്തിസഹമായ അസഹിഷ്ണുതയാൽ ഹിരണ്യകശിപുഭാവം പൂണ്ട അച്ഛനമ്മമാർക്കിടയിൽ.

ആയിടയ്ക്കാണ് കുഞ്ഞൂട്ടനിൽ ഗണ്യമായ എന്നാൽ വ്യക്തമായ ഒരു ഭാവമാറ്റം കണ്ടുതുടങ്ങിയത്. സമയം കിട്ടുമ്പോഴൊക്കെ എന്റെയടുത്ത് ഓടിവന്ന് വിശേഷങ്ങൾ വിളമ്പിയിരുന്നവൻ ഇപ്പൊ ഏതാണ്ട് പൂർണ്ണമായി തന്നെ വരാതെയായിരിക്കുന്നു. എപ്പോ നോക്കിയാലും അവന്റെ വീടിന്റെ ചുറ്റുമതിലുകൾക്കുള്ളിൽ മണ്ടിനടക്കുന്നത് എന്റെ ജനലിലൂടെ കാണാനാവുമായിരുന്നു പക്ഷെ. എന്താണ് കാര്യമെന്നറിയാൻ അവന്റെ വീട്ടിലേക്ക് ചെന്ന എന്നെ വരവേറ്റത് പക്ഷെ എന്നും ജിജ്ഞാസ സ്ഫുരിച്ചിരുന്ന രണ്ട് കണ്ണുകളായിരുന്നില്ല. ഏറെ നിർബന്ധിച്ചപ്പോഴാണ് അവന്റെ കുഞ്ഞുമനസ്സിലെ മുല്ലപ്പെരിയാർ കരകവിയാൻ സമ്മതിച്ചത്.

'എനിക്ക് ഏതെങ്കിലും മലയാളം മീഡിയം സ്കൂളിൽ പോയാൽ മതി. ഞാൻ ഇടുന്ന ഡ്രെസ്സിലും കഴിക്കുന്ന ആഹാരത്തിലും മുടി വെട്ടുന്ന രീതിയിലും തുടങ്ങി.... ഇപ്പൊ എന്റെ വീട്ടിൽ വയ്ക്കേണ്ട ദൈവത്തിന്റെ പടത്തിൽ പോലും കൈകടത്താൻ തുനിയാത്ത ഏതെങ്കിലും സർക്കാർ സ്കൂളിൽ'

കൂടുതൽ നിർബന്ധിച്ചപ്പോൾ അവന്റെ അന്നത്തെ പ്രശ്നം അക്ഷരാർത്ഥത്തിൽ തന്നെ പുറത്തുവന്നു. 'അന്നമ്മ മിസ്സ് പറഞ്ഞു വീട്ടിൽ ദൈവവും പ്രാർത്ഥനയുമില്ലാത്തതാണ് എന്റെ പ്രശ്നമെന്ന്. ഞാനും എന്റെ അച്ഛനും അമ്മയും ഒക്കെ നരകത്തിൽ പോകുമെന്നും അവിടെയൊക്കെ തീയാണെന്നും എല്ലാവരുടേം മുന്നിൽ വച്ച് പറഞ്ഞു. ഒരുതവണയല്ല. സത്യം പറഞ്ഞാൽ ഓടി രക്ഷപെടണമെന്ന് തോന്നും..മരിച്ചാൽ മതീന്ന് തോന്നീട്ടുണ്ട്...'

എന്ത് പറയണം എന്നറിയാതെ നിന്ന എന്റെ കയ്യിൽ പിടിച്ച് വലിച്ചുകൊണ്ടവൻ പറഞ്ഞു.....'ആന്റിയെ ഞാൻ വേറൊരു കാര്യം കാണിക്കട്ടെ........ ' എത്ര പെട്ടന്നാണ് കുട്ടികളിൽ ഭാവങ്ങൾ മാറിമറിയുന്നത് എന്നുള്ളതത്ഭുതപ്പെടുകയായിരുന്ന എന്നെ വലിച്ചുകൊണ്ടെത്തിച്ചത് വീടിനോട് ചേർന്ന ഒരു പലകത്തട്ടിന് മുന്നിൽ അതിലോ പറക്കമുറ്റാത്ത ഒരോമന കുഞ്ഞിപ്പരുന്തും!

ആശ്വാസം, കുഞ്ഞൂട്ടനെ പ്രതി ആശങ്കവേണ്ട. കാരണം അവനൊരു അജണ്ടയുണ്ട് ജീവിതത്തിൽ,

അതും ഒരു നല്ല അജണ്ട. അതിന്റെ പ്രത്യേകത അതിപ്പോൾ ഉണ്ടെങ്കിൽ എപ്പോഴും ഉണ്ടായിരിക്കും എന്നതാണ്; വിഷയം മാറിക്കൊണ്ടിരിക്കാമെങ്കിൽകൂടി. പക്ഷെ സ്വന്തമായി ഒരജണ്ട നിശ്ചയിക്കാൻ കഴിയാത്ത ഭാഗ്യഹീനരായ കുട്ടികളുടെ സ്ഥിതി അതല്ല. അവർ ഏറെയും ചുറ്റും കാണുന്ന സമ്പ്രദായങ്ങളെ കണ്ണടച്ച് വിശ്വസിക്കുന്നവരാണ്. ആ സമ്പ്രദായങ്ങൾക്ക് ഭിന്നമായി ചരിക്കുന്നതിലും ഭേദം ജീവിതം തന്നെയവസാനിപ്പിക്കുകയാണെന്ന് കരുതുന്ന പാവങ്ങൾ. ദൗർഭാഗ്യവശാൽ ഈ ന്യൂനപക്ഷത്തിനായി ഒരു നല്ല അജണ്ട നിശ്ചയിക്കാൻ ഉള്ള നിയോഗമാണ് തങ്ങളുടെ ഔദ്യോഗിക ജീവിതം എന്ന് അറിഞ്ഞുവരുമ്പോഴേക്കും ഒരു നല്ല ശതമാനം അധ്യാപകരും റിട്ടയർമെന്റ് കഴിഞ്ഞ് സാംസ്കാരിക നായകരായിട്ടുണ്ടാവും. എന്താല്ലേ.....

പിന്നെ, കുഞ്ഞൂട്ടന്റെ അന്നമ്മമിസ്സിനെ എനിക്ക് വ്യക്തിപരമായി അറിയാം. ഒരു ശരാശരി അധ്യാപികക്ക് ചേർന്ന വിവരക്കേടുകൾ നല്ലരീതിയിൽ ഉൾക്കൊണ്ട, എന്നോളം കായബലം പോരാത്ത ഒരു സ്ത്രീ. അതുകൊണ്ട് തന്നെ മാധ്യമരംഗത്തെ മാണിക്യങ്ങളായ എന്റെ അനേകം എഫ് ബി സുഹൃത്തുക്കളിൽ ആരുടെയെങ്കിലും പേര് കാട്ടി പേടിപ്പെടുത്തുന്നതിനേക്കാൾ ഒറ്റയടിക്ക് മുന്നിൽ പൊന്തി നിൽക്കും പല്ലുകൾ അടിച്ചുതാഴെയിട്ടും ഇനി ആ കുഞ്ഞിനെ വാക്കുകൾ കൊണ്ട് നോവിച്ചാൽ എന്ന് പറഞ്ഞ് ഗുണദോഷിക്കുന്നതാവും ഏറെയുചിതം എന്ന് ഞാനങ്ങുകരുതുകയും ചെയ്തേക്കും. ഇക്കാര്യത്തിൽ അത്ര വിനീതയാകുകയുമില്ല ഞാൻ.

**പിന്നെ, കുഞ്ഞൂട്ടന്റെ അന്നമ്മമിസ്സിനെ എനിക്ക് വ്യക്തിപരമായി അറിയാം. ഒരു ശരാശരി അധ്യാപികക്ക് ചേർന്ന വിവരക്കേടുകൾ നല്ലരീതിയിൽ ഉൾക്കൊണ്ട, എന്നോളം കായബലം പോരാത്ത ഒരു സ്ത്രീ. അതുകൊണ്ട് തന്നെ മാധ്യമരംഗത്തെ മാണിക്യങ്ങളായ എന്റെ അനേകം എഫ് ബി സുഹൃത്തുക്കളിൽ ആരുടെയെങ്കിലും പേര് കാട്ടി പേടിപ്പെടുത്തുന്നതിനേക്കാൾ ഒറ്റയടിക്ക് മുന്നിൽ പൊന്തി നിൽക്കും പല്ലുകൾ അടിച്ചുതാഴെയിടും ഇനി ആ കുഞ്ഞിനെ വാക്കുകൾ കൊണ്ട് നോവിച്ചാൽ എന്ന് പറഞ്ഞ് ഗുണദോഷിക്കുന്നതാവും ഏറെയുചിതം എന്ന് ഞാനങ്ങുകരുതുകയും ചെയ്തേക്കും.**




എറണാകുളം ജില്ലയിൽ മൂവാറ്റുപുഴയ്ക്കും പെരുമ്പാവൂരിനും മദ്ധ്യേ മണ്ണൂരിൽ സ്ഥിതിചെയ്യുന്ന ഞങ്ങളുടെ ഹോട്ടലിൽ കേരള വിഭവങ്ങൾ, ചൈനീസ്, അറേബ്യൻ, ബേക്കറി, കൂൾബാർ തുടങ്ങി എല്ലാത്തരം ഭക്ഷണങ്ങളും ലഭിക്കുന്നു. A/c യിൽ 72 സീറ്റും Non-A/c യിൽ 68 സീറ്റും ടോയ്‌ലറ്റ് സൗകര്യം, ഹൈവേ ബസ് പാർക്കിംഗ് എന്നിവയും ടൂർ പാർട്ടിക്ക് 2 മണിക്കൂർ മുമ്പേ ബുക്ക് ചെയ്താൽ എതുതരം ഭക്ഷണങ്ങളും ഉണ്ടാക്കിത്തരുന്നതാണ്.

# രണ്ട് കടൽ കവിതകൾ

## കടലിന്റെ നിറം

പൊള്ളുന്ന ദുഃഖവെയിലോർമ്മയിവൃതകം
ഏതോ പഥികഹൃദയത്തിൽ,
ശീർഷകങ്ങൾ നഷ്ടപ്പെട്ട സ്വപ്നങ്ങൾ
നാനാർത്ഥങ്ങളായി പൊഴിയുമ്പോൾ
നിലാവിന്റെ നിറം കടിച്ച് വറ്റിച്ച
കറുത്ത രാത്രിയുടെ നൈമിഷികതയിൽ
ഒറ്റ വർണം പുതച്ച
സ്നേഹാകാശത്തിന് കീഴെ
അകലങ്ങളിലവർ,
ഒരുമയുടെ നിറത്തിലലിഞ്ഞു.

## തിരകൾക്കിടയിൽ

ഒരേ വരിയിൽ
നിശ്ശബ്ദം നില്ക്കാം.
ഒറ്റ വാക്കിന്റെ
വിരൽ പിടിച്ച
നിർനിമേഷം നടക്കാം,
ഒറ്റ നോട്ടത്തിലൂറുന്ന
ഓർമ്മക്കാഴ്ചകളുടെ
ഓരം ചേർന്നിരിക്കാം

ഒടുക്കം, വരിക്കും വാക്കിനും
നോട്ടത്തിനുമിടയിൽ,
മറഞ്ഞതിനെ മറക്കാതൊരേ
കടലിന്റെ സ്നേഹത്തിരകളാകാം

*(ഡൽഹി ജവഹർലാൽ നെഹ്റു സർവകലാശാല യിലെ മുൻഗവേഷകയും ഇപ്പോൾ തൃശ്ശൂർ ശ്രീ കേരള വർമ്മ കോളേജിലെ ഇംഗ്ലീഷ് വിഭാഗം അധ്യാപിക യുമാണ്)*



ഡോ. ദിവ്യ. എൻ

# FINANCING HIGHER EDUCATION IN INDIA

